Date of publication : 1 ഫെബ്രുവരി 2023
വാള്യം 10/ലക്കം 34
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## ഡിസബിലിറ്റി : രാഷ്ട്രീയവും പ്രതിനിധാനവും





# സംഘടിത കൂട്ടായ്മയിൽ

## കണ്ണിചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായി സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബ ഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sanghadithacalicut@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺനമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

www.sanghaditha.com

# അന്വേഷിയുടെ യൂട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യുക






പ്രിയ സുഹൃത്തുക്കളേ, മൂന്നു പതിറ്റാണ്ടുകളായി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കാനും ഒരു സ്ത്രീപക്ഷ ഇടം സൃഷ്ടിക്കാനും കോഴിക്കോട് രൂപീകരിച്ച ഒരു ഫെമിനിസ്റ്റ് സംഘടനയാണ് അന്വേഷി. അതിദുർഘടമായ, വെല്ലുവിളികൾ നിറഞ്ഞ ആ യാത്രയുടെ കഥകൾ ലോകം മുഴുവനുമുള്ള മലയാളികളെ അറിയിക്കാനുദ്ദേശിച്ചുകൊണ്ട് ഞങ്ങൾ ഒരു യൂട്യൂബ് ചാനൽ തുടങ്ങിയിരിക്കുന്നു. അതിന്റെ 3 എപ്പിസോഡുകൾ ഇതിനുള്ളിൽ കഴിഞ്ഞിരിക്കുന്നു. അതിന്റെ ലിങ്ക് ഇതോടൊപ്പം താഴെ കൊടുക്കുന്നു. എല്ലാവരും ഈ ചാനൽ സബ്സ്ക്രൈബ് ചെയ്യുകയും സുഹൃത്തുക്കൾക്കും വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയയിലും ഷെയർ ചെയ്തു അവരോടെല്ലാം അത് സബ്സ്ക്രൈബ് ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യുമല്ലോ.

YouTube Anweshi

Anweshi Women's Counselling Centre, Kuthiravattom P.O Nr.Madakkuni Temple Kozhikode, Kerala,
www.anweshi.org

# സംഘടിത

സംഘടിത/ഫെബ്രുവരി 2023/വോള്യം 19/ലക്കം 34



**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**അതിഥി പത്രാധിപ :**
ഡോ. ശാരദാ ദേവി വി.
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട്, കവർ & വെബ്സൈറ്റ് :**
സുവിജ കെ.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4

**മാറ്റമില്ലാതെ തുടരുന്ന ഡിസബിലിറ്റി മിത്തുകൾ : പുനർവായനയും പുനർവിചിന്തനവും**
മിബി മിറിയം ജേക്കബ് 7

**ഒന്നായി മുന്നോട്ട്**
ഡോ. വി. ഉമാജ്യോതി 13

**ഡിസബിലിറ്റി : സാമൂഹികവും ഭരണപരവുമായ മാറ്റങ്ങൾ ആവശ്യം**
ഡോ. അനിഷ്യ ജയദേവ് 18

**ഡിസേബിൾഡ് വ്യക്തികളുടെ അതിജീവനത്തിൽ സാങ്കേതികവിദ്യയുടെ സ്വാധീനം**
ഹുസ്ന അമീൻ 26

**ഞാൻ നേരിടുന്ന ഏബ്ലിസം : ഒരു അനുഭവക്കുറിപ്പ്**
ശ്രീക്കുട്ടി പി. വി. 32

**ഡിസേബിൾഡ് സ്ത്രീകളും നിയമസംവിധാനങ്ങളും**
അഡ്വ. സന്ധ്യ ജനാർദ്ദനൻ 34

**ബി ബി സി ഡോക്യുമെന്ററി നൽകുന്ന സന്ദേശം**
പെൺപക്ഷം/അജിത കെ. 39

**മാനസികാരോഗ്യവും സാമൂഹിക കളങ്കവും - ഒരു വ്യക്തിഗത ആഖ്യാനം** 41

**പഠന വ്യത്യാസങ്ങളുള്ള വിദ്യാർത്ഥികൾക്ക് സമഗ്രമായ വിദ്യാഭ്യാസം ട്രാവൻകൂർ നാഷണൽ സ്കൂളിലൂടെ**
സന്ധ്യ പ്രജിൻ 43

**ഡിസബിലിറ്റിയുടെയും ജാതിയുടെയും സഹവർത്തിത്വം മൂലമുണ്ടാകുന്ന അസമത്വങ്ങൾ - ഒരു ചെറുനിരീക്ഷണം**
പ്രിയ മാത്യു 49

**കവിത/ [QR Code സ്കാൻ ചെയ്തു കേൾക്കുക]**
നിൻസി മറിയം മോണ്ട്ലി 51

**എന്റെ മരണക്കുറിപ്പ്**
കവിത/ഡോ. ഫാത്തിമ അസ്‌ല 52

**ജീവിതമായിരിക്കണം സിനിമ**
വാസ്തവം/ ഡോ.ജാൻസി ജോസ് 53

**എഴുത്ത് ജീവിതം : സ്ത്രീപക്ഷം**
അഭിമുഖം : മാനസി / മായ എസ്. 54

**കല്പന ചൗള ഓർമ്മയായിട്ട് രണ്ട് പതിറ്റാണ്ട്**
ശാസ്ത്രം /സീമ ശ്രീലയം 63



ഷീബ കെ.എം.

ജനാധിപത്യം എന്ന സങ്കല്പനത്തിലും പ്രയോഗത്തിലും അധികാരകേന്ദ്രീകരണത്തിന് യാതൊരു സ്ഥാനവുമില്ല തന്നെ. പ്രതിപക്ഷത്തിന്റെ ജാഗ്രതാപൂർണ്ണമായ വിമർശനത്തിൽ ഭരണാധികാരികൾ ജനങ്ങളുടെ ഹിതത്തിനായി നയങ്ങൾ ആവിഷ്ക്കരിക്കുക എന്നതാണല്ലോ തത്വം. എന്നാൽ പ്രതിപക്ഷ ശബ്ദങ്ങളെ തീർത്തും നിശ്ശബ്ദമാക്കിക്കൊണ്ടുള്ള ജനാധിപത്യധ്വംസനങ്ങളാണ് നാം ഇന്ന് കാണുന്നത്. ഭരണകൂടത്തെയും അത് സാധൂകരിച്ച വർഗ്ഗീയ നരവേട്ടയെയും തുറന്നു കാണിക്കുന്ന ഡോക്യുമെന്ററി പ്രദർശനം തടയാൻ നടന്ന ശ്രമങ്ങൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. രാഷ്ട്രീയ നേതൃത്വത്തിന്റെ ഒത്താശയോടെ ന്യൂനപക്ഷങ്ങൾക്കുമേൽ ഉന്മൂലനാശം വിതയ്ക്കുന്നതായിരുന്നു ഗുജറാത്തിൽ ഇരുപത് വർഷങ്ങൾക്ക് മുമ്പ് നടന്ന അതിക്രമങ്ങൾ. ഭയം സ്വാതന്ത്ര്യബോധത്തെ കാർന്നു തിന്നുന്ന രാഷ്ട്രീയ അന്തരീക്ഷത്തിൽ ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പു തന്നെ ഇന്നും അത്യന്തം ഗുരുതരമായ അസ്ഥിരതകളിലൂടെയാണ് കടന്നു പോകുന്നത്. ഇതിനെതിരെ രാഷ്ട്രീയ പോരാട്ടം തുടരുക തന്നെ വേണം.

കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിട്ട്യൂട്ട് ഒഫ് വിഷ്വൽ സയൻസ് & ആർട്സിന്റെ സാരഥ്യത്തിൽ നിന്ന് ശ്രീ അടൂർ ഗോപാലകൃഷ്ണൻ ഒഴിഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. തന്റെ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചു എന്നതു മാത്രം ഒരു വ്യക്തിയെ ജനാധിപത്യബോധവും സാമൂഹ്യനീതിയും ഉൾക്കൊള്ളുന്നവനാക്കുന്നില്ല എന്നത് ഖേദകരമായ യാഥാർത്ഥ്യമാണ്. പ്രബുദ്ധമെന്ന് സ്വയം അഹങ്കരിക്കുന്ന മലയാളിയുടെ ഉള്ളിൽ മറഞ്ഞു കിടക്കുന്ന തിരുത്തപ്പെടേണ്ട ജാതിലിംഗപദവിബോധങ്ങളിലേക്കുള്ള ചൂണ്ടുപലകയാകട്ടെ ഈ സംഭവം.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ആർത്തവഅവധി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കിയിരിക്കുകയാണ്. സമ്മിശ്ര പ്രതികരണമാണ് ഈ നീക്കത്തിന് ലഭിച്ചത്. സ്ത്രീകളുടെ ശാരീരികാവസ്ഥ ദുർബലതയ്ക്ക് കാരണമായി ചിത്രീകരിക്കപ്പെടുകയും അശുദ്ധിയാരോപിച്ച് മാറ്റിനിർത്തിയതുമായ ചരിത്രത്തിന്റെ പുനരാവിഷ്ക്കരണമായി ഈ നടപടിയെ കാണുന്നുണ്ട്. പിതൃ അധികാര സംരക്ഷണയുക്തിയായും ഇത് വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ആർത്തവകാലത്ത് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നവർക്ക് ആവശ്യാനുസാരം അവധിയെടുക്കാൻ കഴിയുന്ന സംവിധാനമാണ് അഭികാമ്യം.

നാനാതരത്തിലുള്ള ശരീരവ്യവഹാരങ്ങൾ ഉൽപാദിപ്പിക്കുന്ന ശരീരഘടനാ മാനകങ്ങൾ ഡിസേബിൾഡ് വ്യക്തികൾക്കു മേൽ നിരന്തരം ഹിംസാത്മകമായി അധികാരപ്രയോഗങ്ങൾ നടത്തുന്നുണ്ട്. സ്വന്തം ശരീരത്തേക്കാൾ ഏബ്ലിസ്റ്റ് സമൂഹമാണ് വാസ്തവത്തിൽ ഡിസേബിൾഡ് വ്യക്തികൾക്ക് പരിമിതികൾ സൃഷ്ടിക്കുന്നത്. ശരീര പരിപ്രേക്ഷ്യങ്ങൾ തിരുത്തപ്പെടേണ്ടതിന്റേയും ഉൾക്കൊള്ളൽ നയങ്ങൾ ആവിഷ്ക്കരിക്കപ്പെടേണ്ടതിന്റേയും രാഷ്ട്രീയം മുന്നോട്ട് വെയ്ക്കുകയാണ് ശാരദാദേവി അതിഥിപത്രാധിപയായി 'ഡിസബിളിറ്റി : രാഷ്ട്രീയവും പ്രതിനിധാനവും' എന്ന ഫെബ്രുവരി ലക്കം സംഘടിത. നമ്മുടെ സാമൂഹ്യനീതിക്കായുള്ള ഇടപെടലുകളിൽ വേണ്ടത്ര ശ്രദ്ധ പതിയാത്ത വിഷയമെന്ന നിലയിൽ ഈ ലക്കം ശ്രദ്ധിക്കപ്പെടുമെന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.



**ഡോ. ശാരദാ ദേവി വി.**
ഡിസബിലിറ്റി സ്റ്റഡീസ് ഗവേഷക

# ഡിസബിലിറ്റി: രാഷ്ട്രീയവും പ്രതിനിധാനവും

ഡിസബിലിറ്റി എന്ന സ്വത്വത്തിനു ഒരു രാഷ്ട്രീയമുണ്ട്. വൈവിധ്യത്തിന്റെ രാഷ്ട്രീയമാണത്. ഏബ്ലിസ്റ്റ് പ്രത്യയശാസ്ത്രം ആധിപത്യം സ്ഥാപിച്ചിരിക്കുന്ന പൊതുസമൂഹത്തിൽ ഈ രാഷ്ട്രീയത്തിന് വളരെയധികം പ്രാധാന്യമുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട മറ്റു പല വിഭാഗങ്ങളെയും ചേർത്തുപിടിക്കുന്ന നമ്മുടെ സമൂഹം ഡിസബിലിറ്റികൾ ഉള്ള വ്യക്തികളെ പലപ്പോഴും അവഗണിക്കുന്നുണ്ട്. പല തരത്തിലുള്ള ശാരീരിക-മാനസിക-ബൗദ്ധിക പരിമിതികൾ ഉള്ളവരെ ഡിസേബിൾഡ് ആക്കുന്നത് സമൂഹമാണ്. പൊതുസമൂഹവും മാദ്ധ്യമങ്ങളും ഡിസബിലിറ്റിയെ പലപ്പോഴും ചർച്ച ചെയ്യുന്നത് മെഡിക്കൽ അല്ലെങ്കിൽ ദാനധർമ്മ വ്യവഹാരങ്ങളിൽ അധിഷ്ഠിതമായാണ്. അത് വഴി ഡിസേബിൾഡ് വ്യക്തികളുടെ മുഖ്യധാരാ സമൂഹത്തിലെ സ്ഥാനവും മനുഷ്യാവകാശങ്ങളും റദ്ദ് ചെയ്യപ്പെടുന്നു. ഇതിനെതിരെയാണ് ഡിസബിലിറ്റി രാഷ്ട്രീയം പ്രവർത്തിക്കുന്നത്. ഡിസബിലിറ്റിയെക്കുറിച്ചുള്ള പൊതുബോധം ദാനധർമ്മങ്ങളിലും മെഡിക്കൽ ആശയങ്ങളിലും അധിഷ്ഠിതമാകയാൽ ഡിസബിലിറ്റി രാഷ്ട്രീയം പ്രതിഫലിക്കുന്ന നറേറ്റീവുകൾ ഉയർന്നുവരേണ്ടത് അത്യാവശ്യമാണ്. 'സംഘടിത'യുടെ ഫെബ്രുവരി ലക്കം അതിനുള്ള ശ്രമത്തിന്റെ ഫലമാണ്.

എന്തുകൊണ്ട് 'ഭിന്നശേഷി' എന്ന വാക്ക് ഈ ലക്കത്തിൽ ഉപയോഗിക്കുന്നില്ല എന്ന സംശയം ദുരീകരിക്കേണ്ടതുണ്ടെന്നു തോന്നുന്നു. 'സംഘടിത'യുടെ ജൂലൈ 2022 ലക്കത്തിൽ ഞാൻ എഴുതിയത് പോലെ 'ഡിസബിലിറ്റി', 'ഡിസേബിൾഡ്' എന്നീ വാക്കുകൾ രാഷ്ട്രീയമായി ശരിയായവ ആണ്. വൈകല്യവും ഡിസബിലിറ്റിയും ഒന്നാണെന്നാണ് പൊതുബോധം. വൈകല്യം എല്ലാവർക്കും അറിയാവുന്നതുപോലെ ശാരീരിക/മാനസിക/ബൗദ്ധിക വ്യത്യാസങ്ങളെയാണ് സൂചിപ്പിക്കുന്നത്. അത് ഒരു മെഡിക്കൽ ആശയമാണ്. എന്നാൽ ഡിസബിലിറ്റി എന്നത് ഒരു സാമൂഹികാശയമാണ്. വൈകല്യമുള്ള ഒരു വ്യക്തിക്ക് മുഖ്യധാരാ സമൂഹത്തിൽ ജീവിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ലഭ്യമാകാതെ വരുമ്പോഴാണ് ആ വ്യക്തി ഡിസേബിൾഡ് ആയിത്തീരുന്നത്. അതായതു വൈകല്യമുള്ളൊരാൾ ഡിസേബിൾഡ് ആകുന്നതിൽ സമൂഹത്തിന്റെ പങ്കു വളരെ വലുതാണ്. 'ഭിന്നശേഷിക്കാർ', 'ദിവ്യാംഗർ', 'സ്പെഷ്യലി ഏബിൾഡ്' എന്നിങ്ങനെയുള്ള കർണമധുരം പോലെ തോന്നുന്ന പദപ്രയോഗങ്ങൾ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ ജീവിതയാഥാർഥ്യങ്ങളെ മറച്ചുവെക്കുകയും അവരെ സമൂഹത്തിൽ നിന്ന് കൂടുതൽ വേർതിരിക്കുകയും ആണ് ചെയ്യുന്നത്. നോൺ-ഡിസേബിൾഡ് വ്യക്തികൾക്കില്ലാത്തതോ ദിവ്യമായതോ ആയ കഴിവുകളൊന്നും തന്നെ ഡിസേബിൾഡ് വ്യക്തികൾക്കില്ല. ഇത്തരം മഹത്വവത്ക്കരണം അപകടമാണ്. 'ഡിസബിലിറ്റി', 'ഡിസേബിൾഡ്' എന്നീ വാക്കുകളുടെ വിശാലമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങൾ ഇന്ത്യയിലെ പല പ്രാദേശിക ഭാഷകളിലും ഇല്ല. മലയാളവും അതിൽപ്പെടും. അതിനാൽ മലയാളത്തിലും 'ഡിസബിലിറ്റി'. 'ഡിസേബിൾഡ്' എന്ന് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

ഈ ലക്കത്തിലേക്ക് സംഭാവന ചെയ്തവരിൽ ഡിസബിലിറ്റികൾ ഉള്ള വ്യക്തികളും ഡിസബിലിറ്റിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന നോൺ-ഡിസേബിൾഡ് വ്യക്തികളും (അലൈസ്) ഉൾപ്പെടുന്നുണ്ട്. ഗവേഷണ സ്വഭാവമുള്ള ലേഖനങ്ങളും വ്യക്തിപരമായ അനുഭവങ്ങളും നിരീക്ഷണങ്ങളും ചേർന്ന അർദ്ധ-ഗവേഷണ സ്വഭാവമുള്ള കുറിപ്പുകളും അനുഭവക്കുറിപ്പുകളും അഭിമുഖവും കവിതയും ഡിജിറ്റൽ ചിത്രവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡിസബിലിറ്റി എന്ന സാർവത്രിക പ്രതിഭാസത്തിൻറെ പല ഇന്റർസെക്ഷനുകളും തലങ്ങളും ഇവിടെ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഡിസബിലിറ്റിയുടെ ക്വിയർ പ്രാതിനിധ്യം ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അതിന് ഒരു പ്രധാന കാര

ണം കേരളത്തിലെ ഡിസേബിൾഡ് ക്വിയർ വ്യക്തികളിൽ നല്ലൊരു ശതമാനവും തങ്ങളുടെ ക്വിയർ സ്വത്വം വെളിപ്പെടുത്തിയിട്ടില്ല എന്നതാണ്.

ഡിസബിലിറ്റിയും ജാതിയും ചേരുമ്പോഴുള്ള ഇരട്ടവിവേചനത്തെക്കുറിച്ചു പ്രിയ മാത്യു എഴുതുന്നുണ്ട്. ജാതിവിവേചനം ഡിസേബിൾഡ് വ്യക്തികൾ പലപ്പോഴും തിരിച്ചറിയാത്തതിനെക്കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായ പ്രിയ പങ്കുവെക്കുന്നുണ്ട്. ഡിസബിലിറ്റി സ്റ്റഡീസ് ഗവേഷക വിദ്യാർത്ഥിയായ മിബി ഡിസബിലിറ്റി രാഷ്ട്രീയത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് എഴുതുന്നു. ആ ലേഖനത്തിൽ മിബി കേൾവിപരിമിതിയുള്ള ഒരു വ്യക്തി എന്ന നിലയിലുള്ള തൻറെ അനുഭവങ്ങളും നിരീക്ഷണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഡോ. ഉമ ജ്യോതി എഴുതുന്നത് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യുജിസി നിയമം അനുസരിച്ചു രൂപീകരിക്കേണ്ട ഡിസബിലിറ്റികളുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സമിതിയെക്കുറിച്ചാണ്. എന്റെ പൂർവ കലാലയമായ തിരുവനന്തപുരം സർക്കാർ വനിതാകോളേജിൽ മൂന്ന് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായ ‘പ്രാപ്ത’ എന്ന സമിതിയെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഈ ലേഖനത്തിലൂടെ അറിയാം. കാഴ്ചപരിമിതികൾ ഉള്ള വ്യക്തികൾ ആധുനിക സാങ്കേതികവിദ്യയാൽ എങ്ങനെ ശാക്തീകരിക്കപ്പെടുന്നു എന്നതിനെക്കുറിച്ചാണ് തന്റെ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഹുസ്ന അമീൻ എഴുതുന്നത്. അനുഭവങ്ങളും വസ്തുതകളും ചേർന്നതാണ് ഹുസ്നയുടെ ലേഖനം.

പല ഡിസേബിൾഡ് വ്യക്തികൾക്കും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചോ നിയമങ്ങളെക്കുറിച്ചോ വേണ്ടത്ര അവബോധമില്ലാത്തത് അവരുടെ അരികുവൽക്കരണത്തിന് പ്രധാന കാരണമാകുന്നുണ്ട്. ഡിസബിലിറ്റി രംഗത്ത് ഇടപെടലുകൾ നടത്താറുള്ള അഡ്വ. സന്ധ്യയുമായുള്ള അഭിമുഖത്തിലൂടെ നമ്മുടെ രാജ്യത്ത് ഡിസേബിൾഡ് വ്യക്തികൾക്ക് വേണ്ടിയുള്ള നിയമസംവിധാനങ്ങളെക്കുറിച്ചു മനസിലാക്കാം. കോളേജ് തലത്തിൽ വീൽചെയർ ഉപയോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് വിദ്യാർത്ഥിയായ ശ്രീക്കുട്ടി എഴുതുന്നത്. വീൽചെയർ സൗഹൃദ സംവിധാനങ്ങളുടെ അഭാവവും അപര്യാപ്തതയും തനിക്ക് ഉണ്ടാക്കുന്ന മാനസികപ്രയാസങ്ങളെക്കുറിച്ചു ശ്രീക്കുട്ടി വെളിപ്പെടുത്തുന്നു.

ഡോ. അനീഷ്യ ജയദേവ് ഭരണ-ആസൂത്രണ തലങ്ങളിൽ ഡിസബിലിറ്റി അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് എഴുതുന്നു. രാജ്യത്തു നിലവിലുള്ള നിയമസംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള ചില നിർദേശങ്ങളും ഡോ. അനീഷ്യ മുന്നോട്ടുവെക്കുന്നുണ്ട്. തന്റെ മകൻറെ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ശ്രമങ്ങളിൽ നിന്നുണ്ടായ ട്രാവൻകൂർ നാഷണൽ സ്കൂളിനെക്കുറിച്ചു സന്ധ്യ പ്രജിൻ മനസ്സുതുറക്കുന്നു. ഓട്ടിസം പോലെയുള്ള അവസ്ഥകൾ ഉള്ള കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും പ്രശ്നങ്ങൾ നിരവധിയാണ്.

മാനസിക പ്രശ്നങ്ങൾ നേരിടുന്നവർക്ക് വലിയ തോതിലുള്ള വിവേചനവും സ്റ്റിഗ്മയും പൊതുസമൂഹത്തിൽ നിന്ന് അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ഇതിനെകുറിച്ചാണ് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത എന്റെ സുഹൃത്ത് എഴുതുന്നത്. തൻറെ ജീവിതാനുഭവങ്ങളിൽ നിന്ന് ആയിരിക്കാം ഡോ. ഫാത്തിമ അസ്ല ‘എന്റെ മരണക്കുറിപ്പ്’ എന്ന കവിത എഴുതിയത്. ഒരു ഡിസേബിൾഡ് സ്ത്രീക്കോ പെൺകുട്ടിക്കോ ഈ ഏബ്ലിസ്റ്റ് സമൂഹത്തിൽ നിന്നുണ്ടാകുന്ന അനുഭവങ്ങൾ ഈ കവിതയിലൂടെ നമുക്ക് വായിച്ചെടുക്കാം.

പാരാപ്ലീജിക് കലാകാരിയായ നിൻസി മറിയം മോണ്ട്ലി തയാറാക്കിയ ഡിജിറ്റൽ ചിത്രത്തിന് ഒരർത്ഥം ഉണ്ട്. ആ ചിത്രത്തിലെ കിളിക്ക് മറ്റു കിളികളെപ്പോലെ ആകാശത്തിലൂടെ പറക്കാൻ സാധിക്കില്ല. എന്നാൽ ജീവിതാനുഭവങ്ങളിലൂടെ തൻറെ ഉള്ളിലുള്ള പ്രകാശം തിരിച്ചറിഞ്ഞ കിളി ആ പ്രകാശം മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നു.

‘സംഘടിത’യുടെ ജൂലൈ 2022, ജനുവരി 2023 എന്നീ ലക്കങ്ങളിൽ ഞാൻ എഴുതിയിട്ടുണ്ട്. ആ രണ്ടു ലേഖനങ്ങളും നല്ല രീതിയിൽ വായിക്കപ്പെട്ടു. ഇത്തവണ അതിഥി പത്രാധിപയായിട്ടാണ് എഴുതുന്നത്. ഈ അവസരം തന്ന ഡോ. ഷീബക്കും ‘സംഘടിത’യുടെ ഭാഗമായ എല്ലാവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ആരോഗ്യപ്രശ്നങ്ങൾ കാരണം ഒരാൾക്ക് മാത്രമാണ് ലേഖനം എഴുതിത്തരാൻ കഴിയാതിരുന്നത്. ഒരുപാടു തിരക്കുകൾക്കിടയിലും അവസാന തീയതിക്കുള്ളിൽത്തന്നെ ബാക്കിയെല്ലാവരും അവരുടെ സംഭാവനകൾ അയച്ചുതന്നു. അവർക്കും നന്ദി. ഡിസബിലിറ്റി-ക്വിയർ ഇന്റർസെക്ഷനും ഡിസബിലിറ്റി-ജാതി ഇന്റർസെക്ഷനും അനുഭവക്കുറിപ്പുകളിലൂടെ അടയാളപ്പെടുത്തണം എന്നുണ്ടായിരുന്നു. അവക്ക് യോജിച്ച ഡിസേബിൾഡ് വ്യക്തികളെ കണ്ടെത്താൻ സാധിച്ചില്ല. ഡിസബിലിറ്റിയുമായി ബന്ധപ്പെട്ട മറ്റു പല വിഷയങ്ങളും ഇവിടെ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് കരുതുന്നു. ‘ഡിസബിലിറ്റി: രാഷ്ട്രീയവും പ്രതിനിധാനവും’ പ്രതിപാദ്യവിഷയമായ ‘സംഘടിത’യുടെ ഫെബ്രുവരി 2023 ലക്കത്തിന് വായനക്കാർക്ക് ഡിസബിലിറ്റി രാഷ്ട്രീയത്തെക്കുറിച്ചു അവബോധം നല്കാൻ സാധിക്കുമെന്ന പ്രതീക്ഷയിൽ ഈ കുറിപ്പ് എഴുതി നിർത്തുന്നു.



# മാറ്റമില്ലാതെ തുടരുന്ന ഡിസബിലിറ്റി മിത്തുകൾ :
## പുനർവായനയും പുനർവിചിന്തനവും



**മിബി മിറിയം ജേക്കബ്**
ഗവേഷക വിദ്യാർത്ഥി
കേരള സർവകലാശാല

ലോകത്ത് ഒരു ബില്യണിലധികം ആളുകൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏതെങ്കിലും ഡിസബിലിറ്റിയുമായി ജീവിക്കുന്നവരാണെന്നാണ് കണക്ക് അത് ചിലരിൽ താൽക്കാലികമാവാം; ചിലരിൽ സ്ഥിരമാവാം. എന്നാൽ ഇവരിൽ എത്ര പേർക്ക് ആവശ്യമുള്ള സൗകര്യങ്ങളും അവകാശങ്ങളും ലഭ്യമാക്കപ്പെടുന്നുണ്ട് എന്നൊരു ചോദ്യമുയർന്നാൽ സംഖ്യ അധികമൊന്നും ഉയരില്ലെന്ന് ഉറപ്പാണ്. ഇവിടെ ഡിസബിലിറ്റി എന്ന പ്രയോഗം കൊണ്ട് വ്യക്തികളുടെ ശാരീരിക വൈകല്യങ്ങളെയല്ല അർഥമാക്കാൻ ശ്രമിക്കുന്നത്; മറിച്ച്, അത്തരം വൈകല്യങ്ങളെ അബ്നോർമൽ ആയി കാണുന്നതിൽ സമൂഹം വഹിക്കുന്ന പങ്കിനെയാണ്. ശാരീരിക-മാനസിക-ബൗദ്ധിക പരിമിതികളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന 'വൈകല്യം' എന്ന പദത്തിൽ നിന്നും ഡിസബിലിറ്റി എന്ന സാമൂഹികാശയത്തിലേക്ക് ഒരുപാട് അന്തരമുണ്ട്. മലയാളത്തിൽ നിലവിൽ ഡിസബിലിറ്റി എന്ന ഇംഗ്ലീഷ് വാക്കിനെ പൂർണ്ണമായും ഉൾക്കൊള്ളുന്ന പദങ്ങളില്ല. അതുകൊണ്ടു തന്നെ, ഡിസബിലിറ്റി എന്ന ആശയത്തെ വൈദ്യശാസ്ത്രപരമായ നിർവചനങ്ങളിൽ നിന്ന്

അതിന്റെ സാമൂഹിക അർഥതലങ്ങളിലേക്ക് കൊണ്ടുവരാൻ നമുക്കിനിയും ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ അമേരിക്കയിലും ബ്രിട്ടനിലും നടന്ന ഡിസേബിൾഡ് പൗരൻമാരുടെ നിയമപരവും സംഘടനാപരവുമായ അവകാശങ്ങൾക്കായുള്ള പോരാട്ടങ്ങളുടെ ഫലമായി രൂപം പ്രാപിച്ച പഠനശാഖയാണ് ഡിസബിലിറ്റി സ്റ്റഡീസ്. അതിന്റെ തുടർച്ചയെന്നോണം ഒരു വ്യക്തിയുടെ വൈകല്യം എങ്ങനെ ഡിസബിലിറ്റി ആയി പരിണമിക്കുന്നു എന്നതിനെപ്പറ്റി ഒരുപാട് ഗവേഷണ ലേഖനങ്ങൾ എഴുതപ്പെട്ടു.

സ്ത്രീ–പുരുഷ, നോർമൽ–അബ്നോർമൽ ദ്വന്ദങ്ങളിൽ അധിഷ്ഠിതമായ, പുരുഷ കേന്ദ്രീകൃതവും ഏബ്ലിസ്റ്റുമായ ഒരു സമൂഹത്തിൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെപ്പറ്റി ബോധോദയം ഉണ്ടാക്കുക എന്നത് വെല്ലുവിളി നിറഞ്ഞ ഒരു കടമ്പയാണ്. ഓരോ വ്യക്തിയുടെയും കടമകളെപ്പറ്റി നമ്മൾ തയാറാക്കി വച്ചിരിക്കുന്ന വാർപ്പച്ചടി മാതൃകകളിൽ പ്രധാനമായുള്ള വ്യവസ്ഥ അവൻ/അവൾ ശാരീരികമായും മാനസികമായും 'എല്ലാം തികഞ്ഞ' ഒരു വ്യക്തിയായിരിക്കണം എന്നതാണ്. സാധാരണത്വത്തെപ്പറ്റിയുള്ള തെറ്റായ കാഴ്ചപ്പാടുകൾ സഹജീവികളെ  'കഴിവുള്ളവൻ(ൾ)'/'കഴിവില്ലാത്ത



വീൽചെയറിൽ ഇരിക്കുന്ന ഒരു വ്യക്തി, കൈവിരലുകൾ കൊണ്ട് ആംഗ്യഭാഷ, വെള്ള വടിയുപയോഗിച്ചു നടക്കുന്ന കാഴ്ചപരിമിതിയുള്ള ഒരു വ്യക്തി, ബൗദ്ധിക വ്യത്യാസങ്ങൾ ഉള്ള ഒരു തലച്ചോർ

ഈ പഠനമേഖലയുടെ ഉത്ഭവത്തോടെ ഡിസേബിൾഡ് വ്യക്തികൾക്കെതിരെയുള്ള അവഗണനകൾക്കെതിരെ നാനാഭാഗത്തു നിന്നും സ്വരങ്ങളുയർന്നു. ആദ്യകാലങ്ങളിൽ, വൈകല്യം എന്നാൽ പകരുന്ന ഒരു രോഗമാണ് എന്ന തെറ്റിദ്ധാരണയുടെ ഫലമായി വൈകല്യങ്ങളുള്ളവരെ കുടുംബവും സമൂഹവും ഒഴിവാക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നതു സാധാരണമായിരുന്നു. കൂടാതെ, മുൻതലമുറയിപ്പെട്ടവരുടെ പാപഫലമായിട്ടോ പാരമ്പര്യമായിട്ടോ കിട്ടുന്നതാണ് വൈകല്യം എന്നായിരുന്നു അക്കാലത്ത് പൊതുധാരണ. തൽഫലമായി, വൈകല്യത്തോടുള്ള സമീപനം മതവിശ്വാസങ്ങളിലും മന്ത്രവാദത്തിലും ദാനധർമങ്ങളിലും ഊന്നിയതായിരുന്നു. ഇന്നും ഒരു കുട്ടി ഏതെങ്കിലും തരത്തിലുള്ള വൈകല്യവുമായി ജനിക്കുമ്പോഴോ ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ വൈകല്യം ഉണ്ടാകുമ്പോഴോ അതിനെ ഒരു ദുരന്തപൂർണമായ സംഗതി ആയിട്ടാണ് സമൂഹവും കുടുംബവും വീക്ഷിക്കുന്നത്.

വൻ(ൾ)' എന്നിങ്ങനെ തരംതിരിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ജാതി, മതം, വംശം, ജെൻഡർ, ലൈംഗികത (sexuality), ദേശീയത, എബിലിറ്റി/ഡിസബിലിറ്റി തുടങ്ങിയ വ്യത്യസ്ത അനുഭവങ്ങളെ വൈവിധ്യം എന്നതിൽ കവിഞ്ഞ് വേർതിരിവുകളായി കരുതുന്ന ഒരു ജനത കാലങ്ങളായി ഇത്തരം സാമൂഹിക വ്യവസ്ഥകൾക്ക് അടിമപ്പെട്ടവരായിരിക്കും.

സമൂഹത്തിന്റെ പൊതുധാരണകളെ തൂത്തെറിഞ്ഞ്, കഠിനാധ്വാനവും ലഭ്യമായ വിഭവങ്ങളും കൊണ്ട് മറ്റാരെയും പോലെ ജീവിക്കാൻ പരിശ്രമിക്കുന്ന ഡിസേബിൾഡ് വ്യക്തികളെ മഹത്വവൽകരിക്കാൻ പലർക്കും താൽപര്യമേറെയാണ്. സമൂഹം കൽപ്പിച്ചു വെച്ചിരിക്കുന്ന 'നോർമൽ' വിശേഷണങ്ങളിൽപ്പെടാതെ, നിശ്ചയദാർഢ്യം കൊണ്ട് ജീവിതവിജയം നേടിയ ഡിസേബിൾഡ് വ്യക്തികളെ 'മാലാഖ'വൽക്കരിക്കാനും പ്രചോദനത്തിന്റെ മൊത്തക്കച്ചവടക്കാരാക്കാനുമുള്ള പൊതുസമൂഹത്തിന്റെ ഉത്സാഹം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

കൂടാതെ, അവരുടെ ജീവിതങ്ങളെ വിധിയും കണ്ണീരും കിനാവുമായി കൂട്ടി വായിക്കുന്നതും വർഷങ്ങളായി നോർമലൈസ് ചെയ്തു കാണപ്പെടുന്ന ഒരു പ്രവണതയാണ്. മുഖ്യധാരാ മാധ്യമങ്ങളിലും പൊതുവായി കണ്ടു വരുന്ന ഇത്തരം ചിത്രീകരണങ്ങൾ ഡിസേബിൾഡ് ശരീരങ്ങളെ വസ്തുവൽക്കരിക്കുന്നതു വഴി അവർക്കു നേരെയുള്ള തുറിച്ചുനോട്ടങ്ങൾ കൂടുന്നതിനും കാരണമാകാറുണ്ട്.

ലോകമെമ്പാടുമുള്ള യുവജനതയെ കണക്കിലെടുത്താൽ ഏറ്റവുമധികം ദാരിദ്ര്യം അനുഭവിക്കുന്നതും ഏറ്റവുമധികം പാർശ്വവൽക്കരിക്കപ്പെട്ടതുമായ ന്യൂനപക്ഷം ഡിസബിലിറ്റികളുള്ള യുവജനങ്ങളാണ് എന്നാണ് ഐക്യരാഷ്ട്ര സഭ (UN) പറയുന്നത്. അതിൽ തന്നെ നല്ലൊരു ശതമാനവും വികസ്വര രാജ്യങ്ങളിൽ ജീവിക്കുന്നവരാണ്. യുവത്വം ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും സുവർണ കാലഘട്ടമാണെന്നു പറയാറുണ്ട് ആരോഗ്യപരമായും സുഹൃത്തുക്കളുടെയും ബന്ധങ്ങളുടെയും കാര്യത്തിലുമൊക്കെ. എന്നാൽ ചുറ്റുപാടുകൾ ഡിസബിലിറ്റി-സൗഹൃദം അല്ലാത്തതു കൊണ്ടുമാത്രം തങ്ങളുടെ യുവത്വം ആസ്വാദ്യകരമാക്കാൻ കഴിയാത്തവരും സാമൂഹിക ജീവിതം നിഷേധിക്കപ്പെട്ടവരും നിരവധിയാണ്. ഒരു നോൺ-ഡിസേബിൾഡ് വ്യക്തിക്ക് നേരിടേണ്ടി വരുന്നതിന്റെ പതിന്മടങ്ങു ബുദ്ധിമുട്ടുകൾ ഒരു ഡിസേബിൾഡ് വ്യക്തിക്ക് നേരിടേണ്ടി വരുന്നുണ്ട് പ്രത്യേകിച്ചും തൊഴിലവസരങ്ങളുടെ കാര്യം വരുമ്പോൾ. ഇന്ത്യയിലെ പൊതുമേഖലാ തൊഴിൽ രംഗത്ത് 0.1 ശതമാനം മാത്രമാണ് ഡിസബിലിറ്റി ഉള്ളവരുടെ പ്രാതിനിധ്യം. ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും അനുഭവപരിചയവും ഉള്ള ഒരു ഡിസേബിൾഡ് വ്യക്തിക്ക് പോലും തൊഴിൽമേധാവികൾക്കു ഡിസബിലിറ്റിയെപ്പറ്റി കൃത്യമായ അവബോധമില്ലാത്തതു മൂലം അർഹതപ്പെട്ട ജോലി അപ്രാപ്യമാകുന്നത് പ്രതിഷേധാർഹമാണ്. അഭിമുഖത്തിനെത്തുന്ന ഡിസേബിൾഡ് വ്യക്തികളെയും അവരുടെ യോഗ്യതകളെയും കണക്കിലെടുക്കുന്നതിനു പകരം അവരുടെ ശാരീരിക/മാനസിക അവസ്ഥകളിലേക്കു അനാവശ്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, അവർക്ക് ആ ജോലികൾ ചെയ്യാനാവില്ല എന്ന മിഥ്യാധാരണ വെച്ചുപുലർത്തുന്നതു കൊണ്ടാണ്.

പ്രായപൂർത്തിയായ ഡിസേബിൾഡ് വ്യക്തികളെ ചെറിയ കുട്ടികളോട് ഉപമിക്കുന്നത് പലപ്പോഴും നേരിൽ കണ്ടിട്ടും അനുഭവിച്ചിട്ടുമുള്ള ഒരു വസ്തുതയാണ്. ഡിസേബിൾഡ് വ്യക്തികൾക്ക് മുതിർന്നവരെ പോലെ ചിന്തിക്കാനും പെരുമാറാനുമാവില്ല എന്ന മുൻവിധിയോടെ അവരെ സമീപിക്കുന്നത് കൊണ്ടാണ് അവരെ ശിശുവൽക്കരിക്കാൻ തോന്നുന്നത്. അവർക്കും തനതായ വ്യക്തിത്വവും നിലപാടുകളുമുണ്ടെന്നു നമ്മുടെ സമൂഹം ഇനി എന്നു തിരിച്ചറിയുമെന്ന കാര്യത്തിൽ ആശങ്കയുണ്ട്. ഡിസേബിൾഡ് വ്യക്തികൾക്ക് മേൽ ര



ഇളം നീല നിറത്തിലുള്ള ടോപ്പും ചാര നിറത്തിലുള്ള ഷോർട്സും ധരിച്ച വീൽചെയർ ഉപയോക്താവായ ഒരു സ്ത്രീ ബസിൽ കയറാൻ കാത്തിരിക്കുന്നു. അവർക്കു വേണ്ടി ബസിലെ റാമ്പ് സൗകര്യം തുറന്നുകൊടുക്കാൻ ശ്രമിക്കുന്ന ബസ് ജീവനക്കാരും മറ്റുള്ളവരും.

ക്ഷാകർതൃത്വം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ അവരോടുള്ള അനുകമ്പയുടെയോ സഹാനുഭൂതിയുടെയോ ഭാഗമാണെന്നു വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. ഡിസേബിൾഡ് സമൂഹത്തിനു ഒന്നാകെ മറ്റൊരാളുടെ ആശ്രയമില്ലാതെ ജീവിതം സാധ്യമല്ല എന്നൊരു വീക്ഷണം ധാരാളം ആളുകളുടെ മനസ്സിൽ പതിഞ്ഞു പോയിട്ടുണ്ട്. കൂടാതെ, ഡിസബിലിറ്റി ഉള്ളവർ  വിശേഷിച്ചും വികസനപരമായി ഡിസേബിൾഡ് ആയവർ, ബൗദ്ധികമായി ഡിസേബിൾഡ് ആയവർ  കാഴ്ചയിൽ ഒരുപോലെയാണെന്ന തെറ്റായ ധാരണ ഇപ്പോഴും ചിലർക്കിടയിലെങ്കിലും നിലനിൽക്കുന്നുണ്ട്. ഒറ്റനോട്ടത്തിൽ മാറിപ്പോകാൻ തക്ക രൂപസാദൃശ്യമോ മറ്റു സമാനതകളോ ഇല്ലാതിരുന്നിട്ടുകൂടി എന്തുകൊണ്ടാണ് ജീവിതത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുകളും പ്രത്യയശാസ്ത്രങ്ങളും ഉള്ള ഡിസേബിൾഡ് വ്യക്തികളെയും അവരുടെ സ്വത്വങ്ങളേയും മാനിക്കാതെ മറ്റൊരാളുമായി സാദൃശ്യപ്പെടുത്തുന്നത്?


കറുത്ത ഫ്രെയിമുള്ള കണ്ണട ധരിച്ച ചുവന്ന സ്വെറ്റർ ധരിച്ച സ്ത്രീ വീൽചെയറിൽ ഇരിക്കുന്നു. അവരോടൊപ്പം ഇരുന്നു ലാപ്ടോപ്പിൽ നോക്കുന്ന മറ്റൊരു സ്ത്രീ.

ബാഹ്യമായി പ്രകടമല്ലാത്ത ഡിസബിലിറ്റികളും ഉണ്ടെന്നുള്ളത് പൊതു സമൂഹത്തിലെ പലരും ഇന്നും മനസ്സിലാക്കിയിട്ടില്ലാത്ത ഒരു വസ്തുതയാണ്. ഡിസബിലിറ്റി എന്നു കേൾക്കുമ്പോൾ ഒരു നോൺ-ഡിസേബിൾഡ് വ്യക്തിയുടെ മനസ്സിലേക്കെത്തുന്ന ആദ്യത്തെ ചിത്രം, പ്രഥമ ദൃഷ്ടിയിൽ വൈകല്യങ്ങൾ പ്രകടമായ ഒരു ശരീരത്തിന്റേതാണെന്ന് പലപ്പോഴും അനുഭവങ്ങളിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ എല്ലാ ഡിസബിലിറ്റികളും ദൃശ്യമല്ല. ഒറ്റനോട്ടത്തിൽ ഡിസേബിൾഡ് ജനത എന്നത് ഒരു ജനവിഭാഗം ആണെങ്കിൽപ്പോലും അത് വൈവിധ്യമാർന്നതാണ്. ഒരുപാട് വൈവിധ്യം നിറഞ്ഞ വിഭാഗങ്ങൾ അതിനുള്ളിലുണ്ട്. ഒരേ ഡിസബിലിറ്റി ഉള്ള രണ്ടു വ്യക്തികളുടെ ജീവിതം പോലും രണ്ടു തരത്തിലാകും; രണ്ടു പേരുടെയും അനുഭവങ്ങളും വ്യത്യസ്തമായിരിക്കും. അതുകൊണ്ടു തന്നെ ഡിസബിലിറ്റികളുള്ള എല്ലാവരെയും ഒരേ അളവുകോൽ വെച്ച് അളക്കുക പ്രയാസമാണ്.

അക്കാദമിക്-പുരോഗമന വേദികളിൽ ഡിസബിലിറ്റി ചർച്ച ചെയ്യപ്പെടുന്നുണ്ട്. എങ്കിലും അക്കാദമിക്ക് ഇതര സാമൂഹിക തലങ്ങളിലേക്ക് ഇറങ്ങിവരുമ്പോൾ അർഹമായ പരിഗണന ലഭിക്കാതെ വിസ്മരിക്കപ്പെട്ടു പോകുന്ന ഒരു വിഷയമാണ് അക്സസിബിലിറ്റി അഥവാ അഭിഗമ്യമായ സൗകര്യങ്ങൾ. ഡിസബിലിറ്റികളുടെ വ്യത്യസ്തതയും തീവ്രതയും അനുസരിച്ച് ഓരോ വ്യക്തിയുടെയും അക്സസിബിലിറ്റി ആവശ്യങ്ങളും വ്യത്യസ്തങ്ങൾ ആകും. പ്രധാനമായും പാരിസ്ഥിതിക തടസ്സങ്ങളാണ് ശാരീരികമായ വൈകല്യങ്ങൾ ഉള്ള വ്യക്തികളെ ഡിസേബിൾഡ് ആക്കുന്നത്. അവ അവരെ സാമൂഹികവും സാംസ്കാരികവും കായികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് പൂർണമായോ ഭാഗികമായോ തടയുന്നു. വീൽചെയർ ഉപയോക്താക്കൾക്ക് പടിക്കെട്ടുകൾ, ഇടുങ്ങിയ വാതിലുകൾ തുടങ്ങിയവയാണ് പ്രധാനമായും തടസ്സങ്ങൾ സൃഷ്ടിക്കുന്നത്. ഒരു വീൽചെയർ ഉപയോക്താവിന് വീൽചെയർ സൗഹൃദപരമായ കെട്ടിടങ്ങൾ, ശൗചാലയങ്ങൾ തുടങ്ങിയവ ഉറപ്പാക്കാൻ റാംപ്, ലിഫ്റ്റ് എന്നിവ ആവശ്യമായി വരുമ്പോൾ കാഴ്ചപരിമിതികളുള്ള വ്യക്തികൾക്ക് സുഗമമായ സഞ്ചാരത്തിന് ടാക്ടൈൽ ടൈലുകളാണ് ആവശ്യം. കുടുംബാംഗങ്ങൾക്കോ മറ്റു പിയർ ഗ്രൂപ്പുകളിൽ പെട്ടവർക്കോ ആംഗ്യഭാഷ അന്യമായതുമൂലം അവരുമായുള്ള സമ്പർക്കവും ബന്ധുത്വവും പരിമിതമായ കേൾവിപരിമിതികളുള്ള വ്യക്തികളുണ്ട്. കേൾവിപരിമിതികളുള്ള വ്യക്തികൾക്കിടയിൽ തന്നെ പല അവസ്ഥകളുള്ളവരുണ്ട് - സഹായ സാങ്കേതികവിദ്യയുടെ (Assistive Technology) സഹായത്തോടെ വായി

കമായ പുനരധിവാസം ആവശ്യമുള്ളവർ, ചുണ്ടുകൾ വായിക്കുന്നവർ, ആംഗ്യഭാഷ ഉപയോഗിക്കുന്നവർ തുടങ്ങിയവർ അവരിൽ ചിലർ മാത്രം. കോവിഡ് കാലഘട്ടത്തിൽ മാസ്കിന്റെ ഉപയോഗം നിർബന്ധമാക്കിയപ്പോൾ ആശയവിനിമയത്തിന് ചുണ്ടുകളെ ആശ്രയിക്കുന്നവർ തീർത്തും ബുദ്ധിമുട്ടി. അതേ സമയം, ഡെഫ്ബ്ലൈൻഡ് വ്യക്തികൾ (ഒരേ സമയം കാഴ്ചപരിമിതിയും കേൾവിപരിമിതിയും ഉള്ള വ്യക്തികൾ) സ്പർശനത്തിൽകൂടിയാണ് സംഭാഷണം നടത്തുന്നത്. എല്ലാവരും ശാരീരിക അകലം പാലിച്ച കോവിഡ് കാലത്ത് ഏറ്റവുമധികം ഒറ്റപ്പെടൽ അനുഭവിച്ച മറ്റൊരു ഡിസബിലിറ്റി വിഭാഗം അവരായിരുന്നു.

ഡിസേബിൾഡ് വ്യക്തികളെ സംബന്ധിച്ച് നേരിട്ടുള്ള ഇടപെടൽ പോലെ തന്നെ പ്രധാനപ്പെട്ട ഒരു ഘടകമാണ് വെബ് അക്സസിബിലിറ്റി/ഡിജിറ്റൽ അക്സസിബിലിറ്റി. ഉദാഹരണമായി, ഓൺലൈൻ ലേഖനങ്ങൾക്കു ചുവടെ ചിത്രങ്ങളുണ്ടെങ്കിൽ അവയുടെ വിവരണം കൂടി ചേർക്കുന്നത് അവ സ്ക്രീൻ റീഡർ/ടെക്സ്റ്റ്-ടു-സ്പീച്ച് സോഫ്ട്‌വെയറുകൾ വഴി കാഴ്ചപരിമിതികളുള്ള വ്യക്തികൾക്ക് പ്രാപ്യമാക്കാൻ സഹായിക്കുന്നു. ഇതു വഴി കമ്പ്യൂട്ടർ/മൊബൈൽ ഡിസ്പ്ലേയിൽ കാണുന്ന എഴുത്തുകളും ചിത്രങ്ങളും സംഭാഷണമോ ബ്രെയ്‌ലി ഔട്ട്പുട്ടോ ആയി കാഴ്ചപരിമിതികളുള്ള വ്യക്തികളിലേക്കു എത്തുന്നു. ഞാനുൾപ്പെടെ, ശ്രവണപരിമിത സമൂഹത്തിൽപ്പെട്ടവർക്ക് ഡിജിറ്റൽ ഉള്ളടക്കങ്ങൾ പ്രാപ്യമാകാൻ സബ്ടൈറ്റിലുകളോ ആംഗ്യഭാഷാ പരിഭാഷകരോ ആവശ്യമായി വരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലെ വാർത്തകളിലും സിനിമകളിലും മറ്റു വിനോദപ്രകടനങ്ങളിലുമുള്ള ശബ്ദസന്ദേശങ്ങൾ അപ്രാപ്യമായതു മൂലം ശ്രവണപരിമിതർക്ക് അവ ആസ്വദിക്കാൻ കഴിയാതെ വരുന്നുണ്ട്. കൃത്യസമയത്ത് വിവരകൈമാറ്റം നടക്കുന്നതിലെ അപര്യാപ്തതയും ശ്രവണപരിമിതരുടെ ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്നു. ഉദാഹരണത്തിന്, ട്രെയിനുകളുടെ സമയമാറ്റം, പ്ലാറ്റ്ഫോം മാറുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവ ഓഡിയോ അറിയിപ്പുകളായി പരസ്യപ്പെടുത്തുന്നത് അറിയാതെ ട്രെയിൻ നഷ്ടമായവരുടെ അനുഭവങ്ങൾ നേരിട്ട് മനസ്സിലാക്കാനിടയായിട്ടുണ്ട്. റെയിൽവേ അറിയിപ്പുകൾ ശ്രവ്യസംബന്ധിയായി പ്രക്ഷേപണം ചെയ്യുന്നതിനൊപ്പം തന്നെ അതിന്റെ ദൃശ്യാവിഷ്കാരവും സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

എന്നെപ്പോലെ വളർച്ചയുടെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഡിസേബിൾഡ് ആയവർക്ക് ജന്മനാ


കൈകൾ മുഖത്തോടു ചേർത്ത് വിഷാദത്തിൽ കുനിഞ്ഞിരിക്കുന്ന ഒരു യുവതി

**ജന്മനാ ഡിസേബിൾഡ് ആയ ആളുകളെക്കാളും കൂടുതൽ ജീവിതാനുഭവങ്ങളും മെച്ചപ്പെട്ട സാഹചര്യങ്ങളും വൈകി ഡിസേബിൾഡ് ആയവർക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഇരുകൂട്ടരും സമ്മതിക്കുന്നു. എന്നിരുന്നാലും, തങ്ങൾ കാലങ്ങളായി നേരിട്ടുകൊണ്ടിരിക്കുന്ന വേർതിരിവുകൾ തിരിച്ചറിയാൻ പോലുമാകാത്ത, ഡിസബിലിറ്റി അവകാശങ്ങളെക്കുറിച്ചു അവബോധമില്ലാത്ത ആളുകളും നമുക്ക് ചുറ്റുമുണ്ട്. പല ഡിസബിലിറ്റി വിഭാഗങ്ങളിലും ആന്തരികവൽക്കരിച്ച ഏബ്ലിസം (internalised ableism) സർവസാധാരണമാണ്.**

ഡിസബിൾഡ് ആയവരെക്കാളും പ്രിവിലേജുകൾ ഭാഷാസമ്പാദനത്തിന്റെയും നോൺ-ഡിസബിൾഡ് ആളുകളുമായുള്ള വ്യക്തിബന്ധങ്ങളുടെയും ഒക്കെ കാര്യത്തിൽ ഉണ്ടെന്നത് എല്ലാവരും ഒരുപോലെ അംഗീകരിക്കുന്ന ഒരു യാഥാർഥ്യമാണ്. ഇത് എല്ലാ ഡിസേബിൾഡ് വിഭാഗങ്ങളിലുമുള്ളവർക്കും ബാധകമാണ്. ജന്മനാ ഡിസേബിൾഡ് ആയ ആളുകളെക്കാളും കൂടുതൽ ജീവിതാനുഭവങ്ങളും മെച്ചപ്പെട്ട സാഹചര്യങ്ങളും വൈകി ഡിസേബിൾഡ് ആയവർക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഇരുകൂട്ടരും സമ്മതിക്കുന്നു. എന്നിരുന്നാലും, തങ്ങൾ കാലങ്ങളായി നേരിട്ടുകൊണ്ടിരിക്കുന്ന വേർതിരിവുകൾ തിരിച്ചറിയാൻ പോലുമാകാത്ത, ഡിസബിലിറ്റി അവകാശങ്ങളെക്കുറിച്ച് അവബോധമില്ലാത്ത ആളുകളും നമുക്ക് ചുറ്റുമുണ്ട്. പല ഡിസബിലിറ്റി വിഭാഗങ്ങളിലും ആന്തരികവൽക്കരിച്ച ഏബ്ലിസം (internalised ableism) സർവസാധാരണമാണ്. ഡിസബിലിറ്റി മൂലമുള്ള വിവേചനം ഒട്ടുമേ ഇല്ലെന്നുള്ള വിശ്വാസം കാലങ്ങളായി നിർബാധം പിന്തുടരുന്നവരുണ്ട്. തങ്ങൾക്കു ലഭിക്കുന്ന സഹതാപവും സഹായ വാഗ്ദാനങ്ങളും കണ്ട് "ഇത്രയുമെങ്കിലും ലഭിക്കുന്നുണ്ടല്ലോ, ഇതൊക്കെ മതി' എന്ന് നിശ്വസിക്കുന്നവരുണ്ട്. ഡിസബിലിറ്റി സമൂഹത്തിന്റെ അവകാശ സംരക്ഷണം ഉറപ്പാക്കുന്ന നടപടികൾ (ഉദാ: പെൻഷൻ തുക ഉയർത്തൽ, ലിഫ്റ്റ്/റാമ്പ് നിർമാണം, അപേക്ഷയിന്മേലുള്ള നടപടി ത്വരിതപ്പെടുത്തൽ) സർക്കാർ കൈക്കൊണ്ടാൽ അതിനെ ഔദാര്യമെന്നോണം ചിത്രീകരിച്ച് അധികാരികൾക്ക് സ്തുതി പാടുന്ന രീതിയും നമ്മുടെ നാട്ടിൽ മാത്രം കണ്ടുവരുന്ന ഒന്നാണ്. സർക്കാർ അതിന്റെ ജോലി മാത്രമാണ് ചെയ്യുന്നതെന്നും ഇവയൊക്കെയും ഡിസേബിൾഡ് വ്യക്തികളുടെ മൗലികാവകാശങ്ങളാണെന്നും മനസ്സിലാക്കാനുള്ള ബോധവൽക്കരണം പലർക്കുമിനിയും ലഭിച്ചിട്ടില്ല. തങ്ങളുടെ 'കുറവുകളും' 'പരിമിതികളും' മൂലം തങ്ങൾ മറ്റാളുകളെക്കാളും ഒരു പടി താഴെയാണെന്ന അപകർഷതാബോധം കാത്തുസൂക്ഷിക്കുന്നവരുമേറെ. ഇതേ കാരണം കൊണ്ടുതന്നെ, സ്വന്തം ഡിസബിലിറ്റി സ്വത്വം തുറന്നു പറയാനോ അംഗീകരിക്കാനോ തയാറാകാതെ ബുദ്ധിമുട്ടുന്നവർ നമുക്ക് ചുറ്റിലുമുണ്ട്. അവരെ അവരായി അംഗീകരിക്കുന്ന കുടുംബവും സമൂഹവും ഇല്ലാത്തതു മൂലം അവർ പോലും അറിയാതെ അവരുടെ ദൈനംദിന ജീവിതത്തിൽ ഏബ്ലിയിസം അവർ സ്വാംശീകരിച്ചിട്ടുണ്ട്. ഇതിൽ വിദ്യാഭ്യാസവും സാമൂഹിക ഇടപെടലുകളും ചില ഘടകങ്ങളാണ്. അതായത്, ഓരോരുത്തരുടെയും ജീവിത നിലവാരവും അനുഭവങ്ങളും വ്യത്യസ്തമായതിനാൽ അവർക്ക് ലഭിക്കുന്ന സാമൂഹിക പരിജ്ഞാനം ഒരുപോലെയല്ല.

ഡിസേബിൾഡ് വ്യക്തികളുടെ ജീവിതസാഹചര്യങ്ങൾ ഉയർത്തുന്നതിൽ നോൺ-ഡിസേബിൾഡ് സമൂഹത്തിനും ചെറുതല്ലാത്ത പങ്കുണ്ട്. ഡിസേബിൾഡ് വ്യക്തികളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടത്തിൽ അവർക്കൊപ്പം ഡിസബിലിറ്റി അലൈകളും (ally) സഖ്യം ചേർന്നു പ്രവർത്തിക്കുന്നത് പോരാട്ടങ്ങൾക്ക് ശക്തി പകരും. സാമൂഹികമായ അവഗണനകളും വിവേചനവും നേരിടുന്ന, പ്രിവിലേജുകൾ ഇല്ലാത്ത, ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ഒരാൾക്കു വേണ്ടി ശക്തമായി വാദിക്കുന്ന ഏതൊരാളെയും ഒരു അലൈ ആയി കണക്കാക്കാം. താരതമ്യേന കൂടുതൽ പ്രിവിലേജുകൾ അനുഭവിക്കുന്ന ഒരു നോൺ-ഡിസേബിൾഡ് വ്യക്തിക്ക് പല രീതികളിൽ ഒരു ഡിസബിലിറ്റി അലൈ ആകാൻ സാധിക്കും. ഡിസബിൾഡ് ആയ ഒരാൾ തന്റെ അനുഭവങ്ങളോ കടന്നുപോയ ബുദ്ധിമുട്ടുകളോ വെളിപ്പെടുത്തുമ്പോൾ ആ വ്യക്തിയുടെ ജീവിതയാഥാർഥ്യങ്ങളെ നിസ്സാരവൽക്കരിച്ച് ആ വ്യക്തി ഡിസേബിൾഡ് അല്ല എന്നു വരുത്തിത്തീർക്കാതിരിക്കുക. ഒരു വ്യക്തിയുടെ സ്വത്വം ആ വ്യക്തിയുടെ മാത്രം തിരഞ്ഞെടുപ്പായതിനാൽ മറ്റൊരാൾക്ക് അതിനെ ചോദ്യം ചെയ്യാനാവില്ല. സ്വന്തം ചുറ്റുപാടുകളിൽ നിലനിൽക്കുന്ന പാരിസ്ഥിതിക തടസ്സങ്ങൾ നീക്കാൻ ഇടപെടുന്നതിലൂടെയും ഡിസബിലിറ്റി സമൂഹത്തോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തുന്നതിലൂടെയും നോൺ-ഡിസേബിൾഡ് വ്യക്തികൾക്ക് ഡിസബിലിറ്റി അലൈഷിപ്പിൽ (allyship) പങ്കാളികളാകാം.



ഇന്ത്യൻ ആംഗ്യഭാഷയുടെ അക്ഷരമാലാ ചാർട്ട്

ചർച്ചാവിഷയം






**ഡോ. വി. ഉമാജ്യോതി**
(കൺവീനർ, പ്രാപ്ത )
അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ്
സാമ്പത്തിക ശാസ്ത്ര വകുപ്പ്
സർക്കാർ വനിതാ കോളേജ്
തിരുവനന്തപുരം.

# ഒന്നായി മുന്നോട്ട്

വർഷം 2018. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ഡിസബിലിറ്റി വിഭാഗത്തിൽ ബി എ ക്കു പ്രവേശനം ലഭിച്ച ഒരു കുട്ടി. ബുദ്ധിവൈകല്യം ആയിരുന്നു അവളുടെ പരിമിതി. ആദ്യ ദിവസം മുതൽ കണ്ണുകളിൽ ഭീതിയും, സംസാരിക്കുവാനും കൂട്ട് കൂടുവാനും ഒക്കെ മടിയും ആയിരുന്നു.

വർഷം 2019. കോളേജിലെ ഒരു കൊച്ചു മുറിയിൽ അവളെപ്പോലെയുള്ള പെൺമക്കൾക്കായി കോളേജിൽ ഒരു കുടുംബം ഒരുങ്ങി. കൃത്യമായി പറഞ്ഞാൽ ഒക്ടോബർ 25 –ന്. അവിടേക്കു കയറി വന്നപ്പോൾ അവളുടെ മുഖത്ത് പതിവു ഭാവം തന്നെ ആയിരുന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ ഒരു ചിരി വിടർന്നു. തൊട്ടടുത്ത് അവൾ അന്ന് ആദ്യമായി കണ്ടുമുട്ടിയ ചക്രക്കസേരയിൽ ഇരുന്ന മറ്റൊരു കുട്ടി അവളുടെ വിരലുകളിൽ സ്വന്തം വിരലുകൾ കോർത്തു. അത്ര സംസാര ശേഷിയില്ലാത്ത കൂട്ടുകാരിയും, സംസാര ശേഷിയുണ്ടെങ്കിലും അന്നുവരെയും നിശ്ശബ്ദയായിരുന്ന അവളും തമ്മിൽ സംസാരിക്കുവാൻ തുടങ്ങി. ഈ ലോകത്തിലെ ഏറ്റവും സുന്ദരമായ ഹൃദയഭാഷയിൽ. ഉദ്ഘാടനച്ചടങ്ങ് കഴിഞ്ഞു എല്ലാവരും പിരിഞ്ഞപ്പോഴും അവർ കൈകൾ കോർത്ത് പിടിച്ചു തന്നെ ഇരിക്കുകയായിരുന്നു. അന്നവൾ ആദ്യമായി ചിരിച്ചു...മിണ്ടി....സന്തോഷിച്ചു.

ഇതിൽ ഞാൻ അത്ഭുത ചിഹ്നങ്ങൾ ഒന്നും ചേർക്കുന്നില്ല. കാരണം,

ഒരു ചെറുസ്പർശത്തിൽ സ്നേഹം നിറഞ്ഞാൽ, ഒപ്പമുണ്ട് എന്ന് മൗനത്തിൽ കൂടിയും ഉറപ്പു നൽകിയാൽ ഉണ്ടാകുന്ന സ്വാഭാവിക പരിണാമം മാത്രമായിരുന്നു ആ സൗഹൃദത്തിന്റെ തുടക്കം. ബുദ്ധിവൈകല്യമുള്ള ആ മകൾ അത് തൊട്ടറിഞ്ഞപ്പോൾ അവളുടെ അന്ന് വരെയുള്ള ലോകത്തിൽ അവൾ കൊതിച്ച സൗന്ദര്യം നിറഞ്ഞു. കോളേജിലെ മഞ്ചാടി മുറ്റം അവളുടേതു കൂടിയായി. സ്വന്തം ഇടം അവൾ അറിഞ്ഞു തുടങ്ങി. പിന്നീടങ്ങോട്ട് അവളുടെ മണവും മുഖവും ഇരുണ്ടിട്ടില്ല. 2019 ഡിസംബർ മാസം അവൾ പുൽക്കൂടും നക്ഷത്രങ്ങളും ഒരുക്കി പാട്ടും നൃത്തവും ഒക്കെയായി ഉണ്ണി യേശുവിനെ ഹൃദയത്തിൽ നിറച്ചു. അപ്പോഴേക്കും ശാരീരിക പരിമിതികൾ ഉള്ള നാൽപ്പതോളം കൂട്ടുകാരും, ഒപ്പം നടന്നു തുടങ്ങിയ കുറച്ചു 'ചങ്ങാതിമാരും' അവളുടെ സഹോദരിമാരായി മാറിക്കഴിഞ്ഞിരുന്നു. 2020 മാർച്ചിൽ മഹാമാരി വരുത്തി വെച്ച അടച്ചു പൂട്ടലിൽ അവർ പകച്ചില്ല. പരസ്പരം കാണാതെയും മിണ്ടിക്കൊണ്ടേയിരുന്നു, കണ്ടു കൊണ്ടേയിരുന്നു. ആഴ്ച തോറുമുള്ള ഗൂഗിൾ മീറ്റുകൾ, എന്നുമുള്ള വാട്സ്ആപ്പ് സന്ദേശങ്ങൾ. കൊച്ചു കൊച്ചു സന്തോഷങ്ങൾ അവർ തന്നെ കണ്ടുപിടിച്ചു....ചോരാതെ കാത്തു.

നിയമങ്ങൾ ഡിസബിലിറ്റികളുള്ള വിദ്യാർത്ഥികൾക്ക് അനുശാസിക്കുന്ന ഉൾപ്പെടുത്തലുകൾ രേഖകളിൽ നിന്ന് ഹൃദയങ്ങളിലേക്ക് കൃത്യമായി എത്തുകയും അവരോടുള്ള മനോഭാവത്തിലും ,പെരുമാറ്റത്തിലും, സഹായരീതികളിലും, എന്തിനേറെ, സംസാരത്തിൽ പോലും പൊരുത്തപ്പെടുമ്പോൾ മാത്രമേ നയരേഖകളിലെ സമാശ്ലേഷിത വികസനം അർത്ഥപൂർണമാകുകയുള്ളൂ എന്നതിന് ഒരു സന്ദർഭം വിവരിച്ചുവെന്നു മാത്രം.




ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിസബിലിറ്റികളുള്ള വിദ്യാർത്ഥികളുടെ സമഗ്രക്ഷേമത്തിനായി കൃത്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ( യു ജി സി) സ്വമേധയായും, കോടതികളുടെ ഇടപെടലുകളിൽ കൂടിയും ഒക്കെ പുറപ്പെടുവിച്ചിട്ടുണ്ട്. ഒപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളും കർമപദ്ധതികളും, പ്രവർത്തന തത്വങ്ങളും, നടപടികളും രൂപീകരിക്കുകയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിസബിലിറ്റികളുള്ള വ്യക്തികൾക്ക് തുല്യ വിദ്യാഭ്യാസ അവസരങ്ങൾ ലഭ്യമാക്കുക, അവരുടെ ആവശ്യങ്ങളെക്കുറിച്ച് ഉന്നതവിദ്യാഭ്യാസ പ്രവർത്തകരിൽ അവബോധം സൃഷ്ടിക്കുക, അവർക്കു പ്രാപ്യമായ രീതിയിൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കുക, പഠനത്തിനായി സാങ്കേതിക സൗകര്യങ്ങളും, സഹായകരമായ ഉപകരണങ്ങളും, പഠന വിഭവങ്ങളും ഉറപ്പാക്കുക, തൊഴിൽ ശേഷി വർധിപ്പിക്കുക, വിവിധ പരീക്ഷകളിൽ അർഹമായ എല്ലാ പിന്തുണയും കൊടുക്കുക, സാമ്പത്തിക സഹായം നൽകുക, പദ്ധതി നിർവഹണത്തിന്റെ മേൽനോട്ടവും, അവലോകനവും നടത്തുക, പോരായ്മകൾ പരിഹരിക്കുക തുടങ്ങി നിരവധി വ്യവസ്ഥകൾ നിലവിലുണ്ട്.

അവഗണനകളും, തെറ്റിദ്ധാരണകളും, തിരസ്കാരങ്ങളും, പരിഹാസങ്ങളും, നീതിനിഷേധങ്ങളും ഒക്കെ സൃഷ്ടിച്ചിരുന്ന ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്കു തെളിഞ്ഞു കൊണ്ടിരിക്കുന്ന ശുഭസൂചനകൾ വർധിച്ചു വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും, വിവിധ തൊഴിൽ മേഖലകളിലും ഡിസബിലിറ്റികളുള്ള വ്യക്തികളുടെ പങ്കാളിത്തം തന്നെ ഇതിനു തെളിവാണ്. എങ്കിലും കണക്കുകൾ

സൂചിപ്പിക്കുന്ന ലക്ഷ്യപ്രാപ്തികൾക്കിടയിൽ എവിടെയൊക്കെയോ നമ്മുടെ മാർഗ സ്വഭാവം അത്രക്കങ്ങു മാറിയിട്ടില്ല എന്നതും സത്യം തന്നെയാണ്. തുല്യനീതിയും, സുഗമമായ വിജ്ഞാന സമ്പാദനവും, പ്രാപ്യമായ പഠന ഇടങ്ങളും പരിപൂരകങ്ങളും, ആവശ്യാധിഷ്ഠിത പദ്ധതികളും, അവസരങ്ങളെക്കുറിച്ചുള്ള അവബോധവും ,ഉപയോഗമാർഗങ്ങളെപ്പറ്റിയുള്ള കൃത്യമായ ധാരണയും, ശേഷീവികസനത്തിനുള്ള തയ്യാറെടുപ്പും, കൂട്ടായ ശ്രമങ്ങൾക്കുള്ള ശൃംഖലകളും, അതിവേഗം മുന്നോട്ടു കുതിക്കുന്ന പുതുയുഗത്തിന്റെ ഭാഗമാകാനുള്ള ഊർജ്ജവും ഇനിയും ഏറെ ബലപ്പെടുവാനുണ്ട്.

ബൃഹദ് സങ്കല്പങ്ങൾക്കും വൻകിട പദ്ധതികൾക്കും ഇടയിൽ പുറം തള്ളപ്പെടുന്ന സൂക്ഷ്മ സത്യങ്ങളുണ്ട്. അവിടെ നിന്ന് തുടങ്ങിയാൽ വികസനം ഭംഗിയാകും എന്ന സാമാന്യ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ഡിസബിലിറ്റികളുള്ള വിദ്യാർത്ഥിനികൾക്കായി ഈ കുറിപ്പിന്റെ തുടക്കത്തിൽ സൂചിപ്പിച്ച ഒരു സമിതിക്ക് അന്നത്തെ പ്രിൻസിപ്പൽ ഡോ. വിജയലക്ഷ്മി നിർദ്ദേശവും അനുമതിയും നൽകിയത്. കോളേജിന്റെ അഭിമാനമായ പൂർവ വിദ്യാർത്ഥിനി ശാരദാ ദേവിയും പരിമിതികളിൽ വാടി വീഴാത്ത ഹുസ്ന അമീനും ചേർന്നാണ് ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ചത്. ആദ്യ ദിവസം തന്നെ അംഗങ്ങളായി ചേർന്ന കുട്ടികളിൽ നിന്നും അവരുടെ മാതാപിതാക്കളിൽ നിന്നും പകർന്നു കിട്ടിയ സ്നേഹപാഠങ്ങൾ ഇതിലെ നിർവഹണ സമിതി അംഗങ്ങളായ അദ്ധ്യാപകർക്ക് ബോധവും മാർഗവും ആയി. ഒരു 'സമിതി' എന്നതിലെ അനാവശ്യ ആകൃതികളും മുറകളും കൊണ്ട് കുട്ടികളിൽ ഭീതിയും അകൽച്ചയും ഉണ്ടാകാതിരിക്കുവാൻ "പ്രാപ്ത" എന്ന് പേരിട്ടു. ഒരു കുടുംബപ്പേരിനപ്പുറം ഒരേ കുടുംബമായി പ്രാപ്ത മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു .

**ശേഷീ വികസനത്തിന്റെ ഭാഗമായി വിദഗ്ദ്ധരുടെ ക്ലാസ്സുകളും, പരിമിതികളെ അതിജീവിച്ചു കൊണ്ട് ജീവിതം പഠിപ്പിക്കുന്നവരുടെ അനുഭവങ്ങൾ പങ്കു വെയ്ക്കലും സ്ഥിരമായി സംഘടിപ്പിക്കുന്നുണ്ട്. മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുവാൻ 'ചുവട്' എന്ന പേരിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നത് ചങ്ങാതിമാരും അധ്യാപകരും ആണ്. ഏറെ താമസിയാതെ പ്രാപ്തമാരിൽ തന്നെ ചിലർ ചുവടിന്റെ സെഷനുകൾ കൈകാര്യം ചെയ്തു തുടങ്ങും.**




കോളേജ് കൗൺസിൽ നിയോഗിച്ച അധ്യാപകരും, ഡിസബിലിറ്റികളുള്ള വിദ്യാർത്ഥിനികളുടേയും അവരുടെ മാതാപിതാക്കളുടേയും , ചങ്ങാതിമാരുടേയും (സന്നദ്ധ പ്രവർത്തകരായ ഡിസബിലിറ്റി വിഭാഗത്തിൽ പെടാത്ത വിദ്യാർത്ഥിനികൾ) പ്രതിനിധികളും അനധ്യാപക പ്രതി

നിധിയും അടങ്ങിയതാണ് നിർവഹണ സമിതി. 'ഞാൻ പ്രാപ്ത' എന്ന വാട്സ്ആപ്പ് കൂട്ടായ്മയും രക്ഷാകർത്താക്കൾക്കായി 'കാവൽ' എന്ന വാട്സ് ആപ്പ് കൂട്ടായ്മയും ഉണ്ട്. കോളേജിലെ എല്ലാ കെട്ടിടങ്ങൾക്കും റാമ്പ്, പുതിയ കെട്ടിടങ്ങൾക്കു ലിഫ്റ്റ് എന്നിവ ബിൽഡിങ് സമിതി ഉറപ്പാക്കിയിട്ടുണ്ട്. ഡിജിറ്റൽ ലൈബ്രറി എന്ന ആവശ്യത്തിന് ഒരു ഓഡിയോ റെക്കോർഡിങ് സ്റ്റുഡിയോ സജ്ജീ




കരിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ശേഷീ വികസനത്തിന്റെ ഭാഗമായി വിദഗ്ദ്ധരുടെ ക്ലാസ്സുകളും, പരിമിതികളെ അതിജീവിച്ചു കൊണ്ട് ജീവിതം പഠിപ്പിക്കുന്നവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കലും സ്ഥിരമായി സംഘടിപ്പിക്കുന്നുണ്ട്. മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുവാൻ 'ചുവട്' എന്ന പേരിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നത് ചങ്ങാതിമാരും അധ്യാപകരും ആണ്. ഏറെ താമസിയാതെ പ്രാപ്തമാരിൽ തന്നെ ചിലർ ചുവടിന്റെ സെഷനുകൾ കൈകാര്യം ചെയ്തു തുടങ്ങും.

ഓരോ കുട്ടിയുടെയും ആവശ്യങ്ങളും കഴിവുകളും സവിശേഷവും വൈയക്തികവും ആണെന്ന തിരിച്ചറിവാണ് പ്രാപ്തയുടെ മാർഗ്ഗരേഖ. അത് കൊണ്ട് തന്നെ കുട്ടികൾക്കൊപ്പം നടക്കുവാൻ അധ്യാപകരും കുട്ടികളുമായി 'മെന്ററിങ്' ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൈത്തൊഴിൽ പരിശീലനം, കരകൗശല വൈദഗ്ധ്യ പരിപോഷണം തുടങ്ങിയവയ്ക്കായി 2023 ജനുവരി 20 മുതൽ ശ്രമങ്ങൾ തുടങ്ങുന്നു. ഓണവും ക്രിസ്തുമസും പെരുന്നാളും പൊങ്കലും ഒക്കെ പ്രാപ്തയിൽ ഒരുമിച്ചുള്ള ആഘോഷവും ഉപാധികളില്ലാത്ത സന്തോഷങ്ങളുമായി വിരിയുന്നു. മഹാമാരിക്കാലത്തും ഇടവേളകൾ ഉണ്ടായിരുന്നില്ല.

**"പ്രാപ്ത" എന്ന പേരിനെ അന്വർത്ഥമാക്കുന്ന തരത്തിലുള്ള പ്രാപ്തി ഈ മക്കൾക്കുണ്ടെന്നതിനു നേർസാക്ഷ്യങ്ങൾ ഉണ്ട്. എല്ലാ പരിപാടികളുടെയും ഏകോപനം, പോസ്റ്റർ മുതൽ കൃതജ്ഞത വരെ കോർത്തിണക്കുന്ന പാടവം, എല്ലാവരെയും ഒരുമിച്ചു കൊണ്ടുപോകുന്ന സ്നേഹം, സാഹിത്യ രചനകൾ, ചിത്രങ്ങൾ, സംഗീതം, നൃത്തം, അഭിനയം എന്നിവയും സിദ്ധികളുടെ അടയാളങ്ങളാണ്.**

"പ്രാപ്ത" എന്ന പേരിനെ അന്വർത്ഥമാക്കുന്ന തരത്തിലുള്ള പ്രാപ്തി ഈ മക്കൾക്കുണ്ടെന്നതിനു നേർസാക്ഷ്യങ്ങൾ ഉണ്ട്. എല്ലാ പരിപാടികളുടെയും ഏകോപനം, പോസ്റ്റർ മുതൽ കൃതജ്ഞത വരെ കോർത്തിണക്കുന്ന പാടവം, എല്ലാവരെയും ഒരുമിച്ചു കൊണ്ടുപോകുന്ന സ്നേഹം, സാഹിത്യ രചനകൾ, ചിത്രങ്ങൾ, സംഗീതം, നൃത്തം, അഭിനയം എന്നിവയും സിദ്ധികളുടെ അടയാളങ്ങ



ളാണ്. യുജിസി നെറ്റ് പരീക്ഷകളിൽ രണ്ടു പേർ ജയിച്ചത് അവരുടെ മികവിന്റെ തെളിവാണ് . 2019-ലെ ലോക ഡിസബിലിറ്റി ദിനത്തോടനുബന്ധിച്ചു സംസ്ഥാന സർക്കാർ വനിതാ കോളേജിൽ വച്ചു നടത്തിയ സംസ്ഥാന തല ഉദ്ഘാടന ചടങ്ങിൽ




പ്രാപ്തയിലെ കുട്ടികളെ പ്രധാന വേദിയിൽ ഇരുത്തുകയും അവർ ചൊല്ലിയ പ്രതിജ്ഞ മറ്റെല്ലാവരും ഏറ്റു ചൊല്ലുകയും ചെയ്തു. കോളേജിലെ നാക് റീ-അക്രെഡിറ്റേഷൻ സമിതി മുൻപാകെ സാംസ്കാരിക പരിപാടികൾക്ക് നേതൃത്വം കൊടുത്തതും അവർ തന്നെയായിരുന്നു. അന്ന് അവരിൽ ചിലരുടെ ചിത്രപ്രദർശനവും ഉണ്ടായിരുന്നു. ഇപ്പോൾ ഇവർ ഒരു കൈയെഴുത്തു മാസികയുടെ പണിപ്പുരയിലാണ്.

2022 -ൽ പ്രാപ്തക്ക് സ്വന്തം ഇടം കിട്ടി. ഒരു മുറി. ഇത് ദിവസവുമുള്ള കൊച്ചുവർത്തമാനങ്ങൾ തുടങ്ങി പഠന ക്ലാസ്സുകൾക്കും പരിശീലനങ്ങൾക്കും ശേഷീവികസന പരിപാടികൾക്കും ആഘോഷങ്ങൾക്കും സ്വന്തമായ അന്തരീക്ഷം സൃഷ്ടിച്ചു. ഒപ്പം, പരിമിതികൾ ഉള്ള ചില മക്കളുടെ അമ്മമാർക്ക് കോളേജിൽത്തന്നെ നിൽക്കേണ്ട സന്ദർഭങ്ങളിൽ സുരക്ഷിതമായ ഒരു സ്ഥാനവും ആയി. ഒരു കൊച്ചു മുറി വീടായി മാറിയ പ്രതീതി.

അമ്മമാരും അച്ഛന്മാരും ഇവിടെ അതിഥികളല്ല. എല്ലാ പരിപാടികളിലും ചങ്ങാതിമാരാണ്. അവരുടെ നിർദേശങ്ങൾ എല്ലാ പ്രവർത്തനങ്ങൾക്കും സഹായകരമാണ്. ഇവിടെ നിന്ന് പടിയിറങ്ങുന്നവരില്ല. പഠനം കഴിഞ്ഞാലും പ്രാപ്തയുമായുള്ള ബന്ധം ആരും മുറിച്ചു കളയുന്നില്ല.

പ്രാപ്തയുടെ ജീവൻ പ്രാപ്തകൾ തന്നെയാണ്. അവരുടെ ഓരോ രീതിയും സ്നേഹവും നന്മയും നിറഞ്ഞതാണ്. ഏറ്റവും എടുത്തു പറയേണ്ടത് പരസ്പര സ്നേഹവും, കണക്കെടുപ്പുകളോ ഉപാധികളോ ഇല്ലാത്ത സഹകരണവും, എല്ലാ വേദനകളെയും മുള്ളുകളെയും പൊടിച്ചു കളയുന്ന സന്തോഷവും ആണ്. പക്ഷെ ഇതിന്റെ അർഥം ദിവ്യത്വം എന്നല്ല. ജീവിതം എന്ന് തന്നെയാണ്.

ഒരു മാന്ത്രികച്ചെപ്പിൽ അടച്ചു പൂട്ടിയോ, അത്ഭുതങ്ങൾ വാഴ്ത്തിയോ, അനുകമ്പകൾ ചൊരിഞ്ഞോ ഇവരുടെ സത്യങ്ങളെ മൂടേണ്ടതില്ല. ഇനിയും താണ്ടാൻ ദൂരങ്ങൾ ഏറെയുണ്ട്. അതിൽ പ്രധാനം നേടുന്ന വിദ്യ ആത്മവിശ്വാസത്തോടെ

**ഒരു മാന്ത്രികച്ചെപ്പിൽ അടച്ചു പൂട്ടിയോ, അത്ഭുതങ്ങൾ വാഴ്ത്തിയോ, അനുകമ്പകൾ ചൊരിഞ്ഞോ ഇവരുടെ സത്യങ്ങളെ മൂടേണ്ടതില്ല. ഇനിയും താണ്ടാൻ ദൂരങ്ങൾ ഏറെയുണ്ട്. അതിൽ പ്രധാനം നേടുന്ന വിദ്യ ആത്മവിശ്വാസത്തോടെയുള്ള നിലനിൽപ്പിനും അർഹതയുള്ള വികസനത്തിനും ഉതകണം എന്നതു തന്നെയാണ്.**

യുള്ള നിലനിൽപ്പിനും അർഹതയുള്ള വികസനത്തിനും ഉതകണം എന്നതു തന്നെയാണ്. നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ആവാസവ്യവസ്ഥയിൽ ഉള്ള സമഗ്ര ഘടകങ്ങളുടെ സന്തുലനവും, ദിശാ ബോധവും, കലർപ്പില്ലാത്ത കർമങ്ങളും തുടങ്ങേണ്ടത് മഹാ സിദ്ധാന്തങ്ങൾക്കപ്പുറം ജീവിത യാഥാർഥ്യങ്ങളിൽ നിന്നാണ്. അവിടെ ഞങ്ങളും നിങ്ങളും ഇല്ലാതെ നമ്മൾ എന്നത് ഒരു വികാരമായി മാറിയാൽ ഇവരുടെ വേദനകളെയും സന്തോഷങ്ങളെയും തൊട്ടറിയുവാൻ സാധിക്കും. മനസ്സുകളിൽ ഉള്ള അകലങ്ങൾ വിദ്യാഭ്യാസ നയം മുതൽ അവലോകന പരിശോധനകൾ വരെ നീണ്ടുകിടക്കുന്ന മാർഗങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കും. അത് കൊണ്ട് നമുക്ക് ആദ്യം അതൊക്കെ ഒന്നടക്കാം. കൂടെ നിന്ന് അറിയാം. ഒപ്പം നടക്കാം. അവകാശമുള്ള എല്ലാ വാതിലുകളും തുറക്കാം. ഒന്നും കൊട്ടിയടക്കാതിരിക്കാം. അനന്തമായ ആകാശങ്ങൾക്കായല്ല. നേർവഴികൾക്കായി, പ്രാപ്യമാകേണ്ട ലക്ഷ്യങ്ങൾക്കായി.



**ഡോ. അനിഷ്യ ജയദേവ്**
അസോസിയേറ്റ് പ്രൊഫസർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്
(പ്രസിഡന്റ്, സെന്റർ ഫോർ ഫിലിം ജൻഡർ
ആൻഡ് കൾച്ചർ സ്റ്റഡീസ്)

# ഡിസബിലിറ്റി : സാമൂഹികവും ഭരണപരവുമായ മാറ്റങ്ങൾ ആവശ്യം



Deccan Chronicle

**2007**–2008 കാലഘട്ടം. സംസ്ഥാന സർക്കാരിന്റെ പരമോന്നത പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലേക്ക് കേൾവിപരിമിതികളുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ സംഘടിതമായ ഒരു കത്ത് വരുന്നു.. വകുപ്പുതല പരീക്ഷക്ക് പര്യാപ്തമാകുന്ന വിധം അവർക്കും പരിശീലനം ലഭ്യമാക്കണം. ഇതായിരുന്നു ആവശ്യം. സ്ഥാപനത്തിൽ സംസാരശേഷിയില്ലാത്ത, കേൾവിപരിമിതികളുള്ള വ്യക്തികളുമായി ആശയവിനിമയം ചെയ്യാൻ കഴിയുന്ന പരിശീലകർ ഇല്ല. നോൺ-ഡിസേബിൾഡ് ജീവനക്കാർക്ക് കൊടുക്കുന്ന പരിശീലനം അവർക്ക് ഉപയോഗപ്പെടില്ല, അത്രയും സമയം മതിയാവില്ല എന്നൊക്കെയുള്ള ചിന്തകളാൽ ആ ഫയൽ തീ

രുമാനമാകാതെ കറങ്ങിത്തിരിഞ്ഞു. 2014-15 കാലഘട്ടത്തിൽ ഈ വിഭാഗങ്ങളിലുള്ള വ്യക്തികളുമായി ബന്ധപ്പെട്ട ആശയവിനിമയ മേഖലയിലെ ചില വിദഗ്ധരുടെ സഹായത്തോടുകൂടി അത്തരം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. നോൺ-ഡിസേബിൾഡ് ഉദ്യോഗസ്ഥർക്ക് 10 ദിവസത്തെ പരിശീലനം നൽകുമെങ്കിൽ അതിന്റെ നാലിരട്ടിയോളം സമയം വേണ്ടിവന്നു അതേ വിഷയം അതേ തീവ്രതയോടു കൂടി പരിശീലാർത്ഥികളിലേക്ക് സന്നിവേശിപ്പിക്കാൻ. പരിശീലനം എല്ലാ ജീവനക്കാരുടെയും അവകാശമാണ് എന്ന് അറിഞ്ഞിരിക്കെ സാങ്കേതിക സാമൂഹിക അറിവിന്റെ പര്യാപ്തത കുറവായതിനാലാണ് അത്രയും കാലവിളമ്പം പരിപാടി സംഘടിപ്പിക്കുന്നതിൽ ഉണ്ടായത്. എന്നാൽ ഇന്ന് ഡിസബിലിറ്റി എന്ന വിഷയത്തെ കേരളം വളരെ വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുന്നു. ഡിസേബിൾഡ് ആയ മനുഷ്യരുടെ മനുഷ്യാവകാശങ്ങളെ ആർജ്ജവത്തോടുകൂടി ഉൾക്കൊള്ളാനും കേരള സമൂഹത്തെ സജ്ജമാക്കാനും ഗൗരവകരമായ വിവിധ ശ്രമങ്ങൾ നടന്നുവരുന്നു. 2023ൽ തിരിഞ്ഞു നോക്കുമ്പോൾ, സർക്കാർ ജീവനക്കാരിൽ ഡിസബിലിറ്റിയെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കാനായി ശില്പശാലകൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. അത് ചെറിയ മാറ്റമല്ല.




### നിയമം - ഒരു അവലോകനം

ഡിസബിലിറ്റികളുള്ള വ്യക്തികൾ (തുല്യ അവസരങ്ങൾ, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം) നിയമം, 1995, 40% ത്തിലധികം വൈകല്യമുള്ളവരെ അന്ധത, കാഴ്ചക്കുറവ്, കുഷ്ഠരോഗം സുഖപ്പെട്ടവർ, ചലനപരിമിതികൾ, ശ്രവണ പരിമിതികൾ, മാനസിക വൈകല്യങ്ങൾ എന്നിങ്ങനെ ഏഴ് വൈകല്യങ്ങളിൽ ഒന്നിൽപ്പെടുത്തി തരംതിരിച്ചിട്ടുണ്ട്. പിന്നീട്, ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ഐക്യരാഷ്ട്ര ഉടമ്പടിയുടെ (UNCRPD) അടിസ്ഥാനത്തിൽ, 1995-ലെ നിയമത്തിന് പകരം 2016 ഡിസംബർ 27-ന് ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശ നിയമം 2016-ൽ കൊണ്ടുവന്നു.

ലോകാരോഗ്യ സംഘടന 2011-ൽ പ്രസിദ്ധീകരിച്ച ഡിസബിലിറ്റി റിപ്പോർട്ട് ഏതെങ്കിലുമൊരു തരത്തിലുള്ള ഡിസബിലിറ്റി 15% ആളുകൾക്ക് ഉണ്ട് എന്ന് കാണിക്കുന്നു. ഇതിൽ തന്നെ 2 മുതൽ 4 ശതമാനം വ്യക്തികൾ വലിയ പിന്തുണ ആവശ്യങ്ങളുള്ള ഡിസബിലിറ്റിയുള്ളവരാണ്. ഇന്ത്യയിൽ ചടടഛ സെൻസസ് പ്രകാരം, 2,68,10,557 വ്യക്തികൾക്ക് ഡിസബിലിറ്റി ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 2.21% വരും. NSSO സെൻസസ് പ്രകാരം കേരളത്തിൽ 7,61,843 ഡിസേബിൾഡ് വ്യക്തികൾ ഉണ്ടെന്നാണ് കണക്ക്.

സാമൂഹ്യനീതി വകുപ്പ് 2015-ൽ നടത്തിയ സെൻസസ് പ്രകാരം കേരളത്തിൽ 793937 വ്യക്തികൾക്ക് ഡിസബിലിറ്റി ഉണ്ട്. ഇതിൽ 44.6 ശതമാനം സ്ത്രീകളാണ്. കേരളത്തിലെ 8.7 ശതമാനം കുടുംബങ്ങളിലും ഡിസെബിലിറ്റിയുള്ള ഒരു അംഗമെങ്കിലും ഉണ്ടെന്നും സെൻസസ് കണ്ടെത്തി. 22 തരം ഡിസബിലിറ്റികളാണ് സർവേയിൽ ഉൾപ്പെടുത്തിയത്.

1995-ലെ പി. ഡബ്ല്യു. ഡി ആക്ട് സൂചിപ്പിക്കുന്ന ഏഴു തരം വൈകല്യങ്ങൾ പിന്നീട് 2016 ലെ ആർ.പി.ഡബ്ല്യു.ഡി ആക്റ്റ് പ്രകാരം 21 തരം വൈകല്യങ്ങളായി ഉയർത്തി.

സംസ്ഥാന, കേന്ദ്ര സർക്കാരുകൾ നടപ്പിലാക്കിയ ചില നിയമ വ്യവസ്ഥകളും നയങ്ങളെയും കുറിച്ചറിയാം.

### RCI നിയമം 1992

RCI നിയമം 1992-ൽ നിലവിൽ വന്നു. 2000-ൽ ഭേദഗതി വരുത്തി അതിനെ കൂടുതൽ വിശാലാടി

സ്ഥാനത്തിലാക്കി. ഡിസേബിൾഡ് വ്യക്തികൾക്ക് നൽകുന്ന സേവനങ്ങൾ RCI നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. പുനരധിവാസ, പ്രത്യേക വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്ന യോഗ്യരായ എല്ലാ പ്രൊഫഷണലുകളുടെയും ഉദ്യോഗസ്ഥരുടെയും ഒരു കേന്ദ്ര പുനരധിവാസ രജിസ്റ്റർ പരിപാലിക്കുന്നു. ഡിസേബിൾഡ് വ്യക്തികൾക്ക് സേവനങ്ങൾ നൽകുന്ന യോഗ്യതയില്ലാത്ത വ്യക്തികൾക്കെതിരെ ശിക്ഷാ നടപടികളും നിയമം നിർദ്ദേശിക്കുന്നു.

### നാഷണൽ ട്രസ്റ്റ് ആക്റ്റ് 1999, അതിന്റെ ഭേദഗതി

ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യങ്ങൾ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ള വ്യക്തികളുടെ ക്ഷേമത്തിനായുള്ള ദേശീയ ട്രസ്റ്റ് 1999 ഇന്ത്യൻ ഗവൺമെന്റിന്റെ സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിലാണ്. മാനുഷിക വൈവിധ്യത്തെ വിലമതിക്കുന്ന, അന്തസ്സോടെയും തുല്യാവകാശങ്ങളോടെയും അവസരങ്ങളോടെയും സ്വതന്ത്രമായി ജീവിക്കാൻ വൈകല്യങ്ങളുള്ള വ്യക്തികളെ പ്രാപ്തരാക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു മെച്ചപ്പെട്ട സമൂഹം ഈ നിയമം ദർശിക്കുന്നു.



### ദേശീയ മാനസികാരോഗ്യ നിയമം 2017

പുതിയ മാനസികാരോഗ്യ സംരക്ഷണ നിയമം 2017 മാനസികാരോഗ്യ സംരക്ഷണ നിയമം 1987 അസാധുവാക്കുന്നു. മാനസിക രോഗങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ അംഗീകരിക്കാത്തതിന്റെ പേരിൽ 1987ലെ നിയമം പരക്കെ വിമർശിക്കപ്പെട്ടിരുന്നു. മാനസികാരോഗ്യ സംരക്ഷണ നിയമം 2017 മാനസിക രോഗമുള്ള വ്യക്തികൾക്ക് മാനസികാരോഗ്യ സേവനങ്ങൾ നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ വ്യക്തികൾക്ക് വിവേചനമോ ഉപദ്രവമോ കൂടാതെ അന്തസ്സോടെ ജീവിക്കാനുള്ള അവകാശം ഉണ്ടെന്ന് ഇത് ഉറപ്പാക്കുന്നു. ഈ നിയമം എല്ലാവർക്കും മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നു.

### ദേശീയ നയം 2006

ഡിസബിലിറ്റികളുള്ള വ്യക്തികളുടെ ശാരീരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പുനരധിവാസവുമായി ബന്ധപ്പെട്ട് 2006 ഫെബ്രുവരിയിൽ ഇന്ത്യാ ഗവൺമെന്റ് ഡിസബിലിറ്റികളുള്ള വ്യക്തികൾക്ക് വേണ്ടി ദേശീയ നയം രൂപീകരിച്ചു. കൂടാതെ, ഡിസബിലിറ്റികളുള്ള സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസം, തടസ്സങ്ങളില്ലാത്ത അന്തരീക്ഷം, സാമൂഹിക സുരക്ഷ, ഗവേഷണം തുടങ്ങിയവയിലും നയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദേശീയ നയം ഡിസബിലിറ്റികളുള്ള വ്യക്തികൾ രാജ്യത്തിന് വിലപ്പെട്ട മാനവ വിഭവശേഷിയാണെന്ന് അംഗീകരിക്കുകയും അത് സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അവർക്ക് തുല്യ അവസരങ്ങൾ, അവരുടെ അവകാശങ്ങളുടെ സംരക്ഷണം, സമൂഹത്തിലെ പൂർണ്ണ പങ്കാളിത്തം എന്നിവ നൽകുന്ന അന്തരീക്ഷം.

### ആർ.പി.ഡബ്ല്യൂ.ഡി നിയമം 2016

ആർ.പി.ഡബ്ല്യൂ.ഡി നിയമം 2016 ഡിസംബറിൽ

നിലവിൽ വന്നു. വിദ്യാഭ്യാസം, സാമൂഹികം, നിയമപരം, സാമ്പത്തികം, സാംസ്കാരികം, രാഷ്ട്രീയം എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശങ്ങളും അന്തസ്സും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു ഈ നിയമം. സർക്കാർ, സർക്കാരിതര, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഇത് ബാധകമാണ്. അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും പ്രവേശനക്ഷമത ഉറപ്പാക്കാൻ സ്ഥാപനങ്ങൾക്ക് ഉത്തരവുകളും സമയക്രമായ നിർദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ഡിസബിലിറ്റിയുള്ളവർക്കുള്ള സംസ്ഥാന നിയമങ്ങൾ 2020

ആർ.പി.ഡബ്ല്യു.ഡി നിയമത്തിലെ വ്യവസ്ഥയെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശങ്ങൾ (കേരളം) ചട്ടങ്ങൾ, 2020 നടപ്പിലാക്കി. സംസ്ഥാനത്ത് ഡിസബിലിറ്റികളുള്ള വ്യക്തികൾക്കായി ഒരു ഗവേഷണ സമിതിയെ കുറിച്ച് പരാമർശിക്കുന്നുണ്ട്. പരിമിതമായ രക്ഷാകർതൃത്വം, സ്ഥാപനങ്ങളുടെ




മങ്ങളും ഉണ്ട്. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ഡിസബിലിറ്റി കമ്മീഷണറുടെ ഓഫീസുകൾ, ജില്ലാ കമ്മിറ്റികൾ, നിയമം നടപ്പാക്കുന്നത് ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ബോർഡുകൾ, കമ്മിറ്റികൾ, ജില്ലാ തലത്തിൽ പ്രത്യേക കോടതികൾ തുടങ്ങിയ സംവിധാനങ്ങൾ ഇത് നടപ്പിലാക്കിയിട്ടുണ്ട്. നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ അതിന് പിഴ ഉണ്ട്. വിവേചനമില്ലാതെ ഡിസബിലിറ്റികളുള്ള വ്യക്തികൾക്ക് സമഗ്രമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്വയം തൊഴിൽ എന്നിവ ലഭിക്കുന്നതിന് ആക്ട് വ്യവസ്ഥ ചെയ്യുന്നു. കെട്ടിടങ്ങൾ, കാമ്പസുകൾ, വിവിധ സൗകര്യങ്ങൾ എന്നിവ ഡിസബിലിറ്റികളുള്ള വ്യക്തികൾക്ക് പ്രാപ്യമാക്കാനും അവരുടെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കാനും ആവശ്യ രജിസ്ട്രേഷൻ, സർട്ടിഫിക്കേഷനെതിരെ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അപ്പീൽ ചെയ്യുക, ഡിസബിലിറ്റികളുള്ള വ്യക്തികളെ സംബന്ധിച്ച സംസ്ഥാന ഉപദേശക സമിതി, ജില്ലാതല കമ്മിറ്റികൾ, ഡിസബിലിറ്റികളുള്ള വ്യക്തികൾക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണർ, അവർക്കു വേണ്ടി സംസ്ഥാന ഫണ്ട് എന്നിവ ഈ നിയമം സാധ്യമാക്കുന്നു.

### കേരള സംസ്ഥാന നയം 2014

ഡിസബിലിറ്റികളുള്ള വ്യക്തികൾക്കു വേണ്ടി കേരള സംസ്ഥാന നയം കേരളത്തിലെ എല്ലാ വികസന അജണ്ടകളിലും ഡിസെബിലിറ്റി ഉള്ളവരെ പരിപാടികളിലും, പ്രവർത്തന പദ്ധതികളിലും ഉൾപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്തം, ആവശ്യകത,

അനിവാര്യത, പ്രതിബദ്ധത എന്നിവ അംഗീകരിക്കുന്നു, കൂടാതെ സ്വന്തം തിരഞ്ഞെടുപ്പുകൾ നടത്താനുള്ള സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള അന്തർലീനമായ അന്തസ്സും വ്യക്തിഗത സ്വയംഭരണവും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. വ്യക്തികളുടെ സ്വാതന്ത്ര്യം, മാനുഷിക വൈവിധ്യത്തിന്റെയും മാനവികതയുടെയും ഭാഗമായി ഡിസേബിൾഡ് വ്യക്തികൾക്കു മറ്റുള്ളവരിൽ നിന്നുള്ള വ്യത്യാസത്തെയും സ്വീകാര്യതയെയും കേരള സംസ്ഥാന നയം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. വിവേചനരഹിതവും സമ്പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തവും സമൂഹത്തിൽ ഉൾപ്പെടുത്തലും സംസ്ഥാനം ഉറപ്പാക്കും.



NDTV

### കേരള സംസ്ഥാനത്തിലെ സാമൂഹികനീതിവകുപ്പും അതിന്റെ പ്രവർത്തനവും

സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളിലൊന്ന് എന്ന നിലയിൽ ഡിസബിലിറ്റികളുള്ള വ്യക്തികളെ സമൂഹത്തിൽ പൂർണ്ണമായി പങ്കെടുക്കാൻ പ്രാപ്തരാക്കുന്നതിന് ഒരു സമഗ്രമായ സമീപനം പലപ്പോഴും ആവശ്യമാണ്. സാമൂഹ്യനീതി വകുപ്പ് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളുടെ സംയോജനത്തിലും ഏകീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. (സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ ഡിസേബിൾഡ് ആയവരുടെ സമഗ്ര വികസനവും പുനരധിവാസ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നു, വൈകല്യം തടയൽ, നേരത്തെയുള്ള സ്ക്രീനിംഗ് & കണ്ടെത്തൽ, നേരത്തെയുള്ള ഇടപെടൽ, പുനരധിവാസം, ഐഇസി, എൻഫോഴ്സ്മെന്റ് തുടങ്ങിയ വിവിധ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സമഗ്രവും സഹകരണപരവുമായ രീതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2016 RPWD നിയമം നടപ്പിലാക്കുന്നതിനു സംസ്ഥാനത്ത് നടപ്പിലാക്കിയ വിജയകരമായ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് ലഭിച്ചു. എന്നിരുന്നാലും, സംസ്ഥാനത്ത് ഡിസബിലിറ്റികളുള്ള വ്യക്തികളുടെ നിലവിലെ അവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനം കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഇത് ആവശ്യമാണ്.

എസ്ജെഡി വകുപ്പിൽ ഒരു ഡിസബിലിറ്റി സെല്ലിന്റെ രൂപീകരണം അത്യാവശ്യമാണ്. ഈ സെൽ ഡിസബിലിറ്റി ശാസ്ത്രീയ ഗവേഷണ സെല്ലുമായി സഹകരിച്ച് വിവിധ പദ്ധതികളുടെ ഫലങ്ങൾ നിരീക്ഷിക്കും.

### ഡിസേബിൾഡ് വ്യക്തികളും തൊഴിലും

അടുത്തിടെയാണ് ഡിസേബിൾഡ് ആയ ചെറുപ്പക്കാരനായ ഒരു ലോട്ടറി വില്പനക്കാരനെ സ്വന്തം കുടുംബം വഴിയിൽ ഉപേക്ഷിച്ചത്. വികലാംഗക്ഷേമ കോർപ്പറേഷൻ അംഗത്തിന്റെയും ചില യുവജനങ്ങളുടേയും സമയോചിതമായ ഇടപെടലിൽ അയാൾക്ക് ഒരു ജീവിതമാർഗ്ഗം ഉണ്ടായി. എന്നാൽ ഇതുപോലെയുള്ള അനേകം വ്യക്തികൾ പരിഹാരമില്ലാത്ത പ്രശ്നങ്ങളിലാണ്.

### പരിഹാരം

ജോലി ചെയ്യാൻ കഴിവുള്ള 80% വ്യക്തികൾക്കും സ്വയം തൊഴിൽ നൽകുന്നതിന് വ്യാപകമായി സഹകരിച്ച് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള പരിശീലനം നൽകുന്നത് നടപ്പിലാക്കാം. തൊഴിൽ നേടുന്നതിനായി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമായി സ്പെഷ്യൽ എംപ്ലോയബിലിറ്റി എക്സ്ചേഞ്ച്, കെഎഎസ്ഇ, മറ്റ് നൈപുണ്യ ഏജൻസികളായ അസാപ്, എൻജിഒകൾ, വിവിധ രക്ഷാകർതൃ സംഘടനകൾ തുടങ്ങിയവയുമായി സഹ

കരിച്ച് നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.

▸▸ ഡിസബിലിറ്റികളുള്ള വ്യക്തികളെ നിയമിക്കുന്നതിനായി പൊതു സ്വകാര്യ, സർക്കാർ സജ്ജീകരണ മാർഗ്ഗങ്ങൾ ഉണ്ടാക്കണം.

▸▸ ഒരു പ്രത്യേക ജോലി നിർവഹിക്കുന്നതിന് ഒരു പൂൾ അല്ലെങ്കിൽ ആവശ്യമായ വൈദഗ്ധ്യം സൃഷ്ടിക്കൽ നടപ്പാക്കണം.

▸▸ തൊഴിൽ നിർദ്ദിഷ്ട വൈദഗ്ധ്യത്തിന്റെ ആവശ്യകതയെ അടിസ്ഥാനമാക്കി പരിശീലനവും വിലയിരുത്തലും ക്രമീകരിക്കുക.

▸▸ ആവശ്യമായ പ്ലെയ്സ്മെന്റുകൾ നൽകുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും പൊതുവെ പരിശീലനം നൽകണം.

▸▸ ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ഡിസബിലിറ്റി സംവേദനക്ഷമതയുമായി ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങൾ ഉൾപ്പെടുത്തണം. ഇതുമായി ബന്ധപ്പെട്ട പ്രത്യേക പ്രവർത്തനങ്ങൾ ചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് ക്രെഡിറ്റുകൾ നൽകണം. കൂടാതെ എസ്പിസി, എൻസിസി, എൻഎസ്എസ് പ്രോഗ്രാമുകളുടെ ഭാഗമായി ഡിസേബിൾഡ് വ്യക്തികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ സഹായിക്കാം.

▸▸ ഡിസബിലിറ്റി മേഖലയിലെ ഗവേഷണവും



തിന് ഡിസബിലിറ്റികളുള്ള വ്യക്തികളും സ്ഥാപനങ്ങളും തമ്മിൽ ആശയവിനിമയം നടത്തുന്ന ജോബ് പ്ലേസ്മന്റ് സെൽ ഉണ്ടാവണം.

▸▸ കാഴ്ച പരിമിതികളുള്ള വ്യക്തികൾക്ക് ജോലി സുഗമമാക്കാൻ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും പരിശീലനം ഉപയോഗിക്കാം.

▸▸ പോലീസ് ഉദ്യോഗസ്ഥർ, അഭിഭാഷകർ, മെഡിക്കൽ ഓഫീസർമാർ എന്നിവർക്ക് വിശിഷ്യാ വികസനവും പരിമിതമാണ്. NGO-കളും അസോസിയേഷനുകളും സമർപ്പിക്കുന്ന പ്രോജക്കുകളുടെ സാധ്യതയും നിരീക്ഷണവും പരിശോധിക്കുക. പദ്ധതികൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യണം.

▸▸ സർവ്വകലാശാലകളുടെ കീഴിൽ വരുന്ന ഗവേഷണ കേന്ദ്രങ്ങൾക്ക് സംസ്ഥാനത്തെ ഡിസബിലിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ

പ്രേരണ ചെലുത്താം. പ്രൊഫഷണൽ, ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കോളേജ് തലത്തിൽ പരിശീലന മൊഡ്യൂൾ തയ്യാറാക്കി പഠിപ്പിക്കാം.

⏩ എല്ലാ പൊതു കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനായി SJD സൃഷ്ടിക്കുന്ന പൊതുബോധവൽക്കരണ വീഡിയോകൾ മെച്ചപ്പെട്ട സംവേദനക്ഷമതയുള്ളതായിരിക്കണം.

⏩ IMG/KILA ഏകോപിപ്പിക്കുന്ന എല്ലാ ഓഫീസുകളിലെയും ജീവനക്കാർക്കുള്ള ഡിസബിലിറ്റി സംവേദനക്ഷമത

⏩ ഡിസബിലിറ്റി സയന്റിഫിക് റിസർച്ച് സെൽ സ്ഥാപിക്കണം.

⏩ പുനരധിവാസം വികസന വൈകല്യങ്ങളുള്ള കുട്ടികൾക്കുള്ള ടഃരട ഹോം ആലോചിക്കാവുന്നതാണ്. വിവിധ വൈകല്യങ്ങളുള്ള വ്യക്തികൾക്കായി കെയർ ഹോമുകൾ കുറവാണ്.

⏩ സംസ്ഥാനത്തെ സഹായ സാങ്കേതിക ഉപകരണങ്ങളുടെ വികസനം, വിലയിരുത്തൽ, പരിപാലനം, സംഭരണം എന്നിവ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സൗകര്യമില്ല.

⏩ സംസ്ഥാനത്ത് സഹായ ഉപകരണങ്ങൾക്കായി മേഖലാ കേന്ദ്രങ്ങൾ ഉണ്ടാവണം. അവിടെ സഹായ ഉപകരണങ്ങളുടെ രൂപകൽപ്പന, വികസനം എന്നിവയും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും നിരീക്ഷണ സൗകര്യവും ആവശ്യങ്ങൾക്കനുസരിച്ച് ഉപകരണങ്ങളുടെ ഇഷ്ടാനുസൃത പരിഷ്ക്കരണവും നടത്തുക. അസിസ്റ്റീവ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള വിലയിരുത്തലിനും ഇടപെടലിനുമുള്ള പൊതുവായ പ്രോട്ടോക്കോൾ ഉണ്ടാക്കണം.

⏩ ഡിസേബിൾഡ് വ്യക്തികളെ നിയമിക്കുന്നതിനും തൊഴിൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ജോലിസ്ഥലത്തെ സജ്ജീകരിക്കുകയും ചെയ്യണം.

⏩ ഡിസേബിൾഡ് വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള സഹായ സാങ്കേതികവിദ്യയുടെ ഉപയോഗം, ഉപകരണ സ്വീകാര്യത എന്നിവ വർദ്ധിപ്പിക്കുന്നതിന് അധ്യാപകരെയും രക്ഷിതാക്കളെയും വിവിധ തലങ്ങളിൽ പരിശീലിപ്പിക്കണം.

⏩ ഗതാഗതം ഡിസബിലിറ്റി സൗഹൃദമാവണം. എല്ലാ വൈകല്യങ്ങൾക്കും ഉതകുന്ന അഡാപ്റ്റഡ് വാഹനങ്ങൾ നിർമ്മിക്കുക - ഡിസേബിൾഡ് കുട്ടികൾക്ക് സ്കൂളുകളിൽ എത്താൻ ഓരോ പഞ്ചായത്തിലും ഒരു ബസ്സെങ്കിലും ഉണ്ടാവണം.



⏩ ഇ-ലേണിംഗ്, ഇ-ബുക്കുകൾ, ഓഡിയോ ബുക്കുകൾ, ഓഡിയോ ലൈബ്രറി (സംസ്ഥാന സിലബസ് അനുസരിച്ച് എല്ലാ പുസ്തകങ്ങളും ഉൾപ്പെടെ) വികസിപ്പിക്കുക പഠനം നടപ്പാക്കാൻ സഹായിക്കും.

⏩ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ലാബുകളിൽ സ്ക്രീൻ റീഡർ സൗകര്യമുള്ള കമ്പ്യൂട്ടർ ലഭ്യമാക്കണം.

⏩ ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ

ഗുണമേന്മയും ഫലപ്രാപ്തിയും വിലയിരുത്തലുകൾ നിയുക്ത ഡിസബിലിറ്റി സെല്ലിന്റെ/അംഗങ്ങളുടെ അപ്രതീക്ഷിത സന്ദർശനങ്ങളിലൂടെ ഇടയ്ക്കിടെ നിരീക്ഷിക്കണം.

⏩ സ്പെഷ്യൽ സ്കൂളുകളും സാധാരണ മുഖ്യധാരാ സ്കൂളുകളും തമ്മിലുള്ള സഹകരണം ഉറപ്പാക്കണം.

⏩ ഡിസേബിൾഡ് കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസവുമായി സംയോജിപ്പിക്കുക വളരെ പ്രധാനമാണ്. ഘട്ടം ഘട്ടമായുള്ള സംയോജനമാണ് ആവശ്യം. ഓരോ കുട്ടിയുടെയും പ്രകടനവും സാമൂഹിക ഇടപെടലും നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ കുടുംബത്തിന് സഹായം നൽകുകയും വേണം സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിൽ ഡിസേബിൾഡ് വ്യക്തികൾക്ക് ഏക്സസ് ചെയ്യാവുന്ന കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കണം. ഇതിനായി സാധ്യതാ പഠനങ്ങൾ നടത്തണം. കാഴ്ചപരിമിതികളുള്ളവർക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാധ്യമെങ്കിൽ പ്രത്യേക സയൻസ്, കൊമേഴ്സ് സ്ട്രീമുകൾ തുറക്കണം. ആവശ്യകതയും കഴിവും അനുസരിച്ച് പുതിയ കോഴ്സുകൾ ഉള്ള കോഴ്സ് നേർപ്പിക്കാതെ സൃഷ്ടിക്കൽ അനിവാര്യമാണ്. – ഡിസേബിൾഡ് കുട്ടികളുടെ സ്കോളസ്റ്റിക്, നോൺ–സ്കോളസ്റ്റിക്, കോ–കറിക്കുലർ കഴിവുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക നന്നായിരിക്കും.

⏩ കല, സംഗീതം, അസിസ്റ്റീവ് ടെക്നോളജി, ഐസിടി (ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേറ്റീവ് ടെക്നോളജി), കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവ പോലുള്ള പുതിയ വിഷയങ്ങൾ ചേർക്കുക.

⏩ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ ക്ഷേമത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വകുപ്പുകളും (സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ ക്ഷേമം, സ്ത്രീ–ശിശു വകുപ്പുകൾ ഉൾപ്പെടെ) ഉൾക്കൊള്ളുന്ന സംസ്ഥാനതല ഏകോപന സമിതിയുടെ രൂപീകരണം അനിവാര്യമാണ്.



### സാമൂഹികമാറ്റം എങ്ങനെ?

ഡിസബിലിറ്റിയുള്ള അവസ്ഥ സ്വാഭാവികമായും ആർക്കും സ്വീകാര്യമായ ഒന്നല്ല. അത്തരം അവസ്ഥ എന്തുകൊണ്ട് ഉണ്ടാകുന്നു എന്ന് ശാസ്ത്രീയമായി അറിയാതിരുന്ന കാലഘട്ടം മുതൽ ഇന്നു വരെ ഇതൊരു ശാപമായി കണക്കാക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. എത്ര മുന്നോട്ടു നടന്ന സമൂഹത്തിലായാലും ഇതുതന്നെയാണ്

അവസ്ഥ. ഡിസേബിൾഡ് ആയ കുട്ടികളെ ഉപേക്ഷിക്കുക, ജീവാപായം വരുത്തുക, നിരന്തരം ആക്ഷേപിക്കുക എന്നിവ പ്രായഭേദമെന്യേ മനുഷ്യർ ചെയ്തുവരുന്ന കുറ്റകൃത്യങ്ങളാണ്. കലയിലും സാഹിത്യത്തിലും ഒക്കെ ഡിസെബിലിറ്റി ഒരു ഗർഹണീയമായ അവസ്ഥയായി തന്നെ രേഖപ്പെടുത്തുന്നു. മാതാപിതാക്കൾ ചെയ്യുന്ന കുറ്റങ്ങൾക്ക് ലഭിക്കുന്ന ശിക്ഷയായോ ഡിസേബിൾഡ് ആയ വ്യക്തി പൂർവജന്മങ്ങളിൽ ചെയ്ത തെറ്റുകളുടെ ഫലമായോ ഒക്കെയാണ് ഇത്തരത്തിലെ അവസ്ഥാവിശേഷം ഉണ്ടാവുന്നത് എന്ന് വിശ്വസിക്കുന്നവരും കുറവല്ല.

എന്നാൽ സമൂഹം വളരെയധികം മാറിയിട്ടുണ്ട്. ഡിസേബിൾഡ് ആയ വ്യക്തികളുടെ പോരാട്ടം, സർക്കാരിന്റെ നയം, സന്നദ്ധ സംഘടനകളുടെ പ്രവർത്തനം എന്നിവ അത്തരം വ്യക്തികളോടുള്ള സമീപനത്തിൽ മാറ്റം വരുത്തുന്നുണ്ട്. ഒരു പ്രമുഖ സിനിമാ നായക നടൻ തന്റെ കഥാപാത്രത്തിലൂടെ ഡിസബിലിറ്റിയെ പറ്റി തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിലുള്ള അഭിനയം കാഴ്ചവച്ചപ്പോൾ കേരളത്തിലെ പൊതുസമൂഹം പൊതുവിലും ഡിസേബിൾഡ് വ്യക്തികളും കൂട്ടായ്മകളും പ്രത്യേകമായും ഇതിനെതിരെ പ്രതികരിക്കുകയും ആ നടൻ മാപ്പ് പറയുകയും പ്രസ്തുതരംഗം സിനിമയിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തത് സമൂഹത്തിന്റെ പുതിയ ധാരണകളുടെ പ്രതീകമായി കാണാം. എന്നാലും കേരള സമൂഹം പൂർണ്ണമായും ഡിസേബിൾഡ് ഫ്രണ്ട്ലി ആയിക്കഴിഞ്ഞിട്ടില്ല.

കെട്ടിടങ്ങളിലേക്ക് പ്രവേശിക്കാൻ നിർമ്മിക്കുന്ന റാമ്പുകളുടെ അപര്യാപ്തത, വിവിധതരം മാനസികപ്രശ്നങ്ങൾ നേരിടുന്നവരുടെ പുനരധിവാസത്തിനുള്ള ബുദ്ധിമുട്ടുകൾ, കൂടി വരുന്ന ശബ്ദമലിനീകരണം , ട്രാഫിക് നിയമങ്ങൾ പാലിക്കാതിരിക്കൽ ഒക്കെ ഡിസബിലിറ്റി സൗഹൃദമാക്കേണ്ട സമൂഹത്തിന് അനുയോജ്യമല്ല. സർക്കാർ സർക്കാരിതര സംഘടനകൾ, പൊതുസമൂഹം ഒക്കെ ഒന്നിച്ചു ചേർന്ന് പങ്കാളിത്തത്തോടുകൂടി ഡിസബിലിറ്റികളുള്ള വ്യക്തികളുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുനരധിവാസത്തിനു കൈകോർക്കേണ്ടതായുണ്ട്. ഡിസബിലിറ്റിയെ കുറിച്ച് തെറ്റായ സന്ദേശങ്ങൾ നൽകുന്ന കഥയോ കവിതയോ സിനിമയോ മറ്റു ഏത് കലാരൂപമോ ആവട്ടെ, നിർബന്ധിതമായി ഓഡിറ്റിനു വിധേയമാക്കി തിരുത്തലുകൾ വരുത്തേണ്ടതുണ്ട്. സിനിമയിലെ കഥയുടെ സ്വാഭാവിക പരിണാമത്തിന് ഡിസബിലിറ്റി വിരുദ്ധമായ എന്തെങ്കിലും പരാമർശം ചേർക്കുകയാണ് എങ്കിൽ അത് തെറ്റാണ് എന്നു കാണിക്കുന്ന നിയമവ്യവസ്ഥ എഴുതി കാണിക്കുക. ഈ വിഷയത്തിൽ ചെയ്യാവുന്ന ഒരു പരിഹാരമാർഗമാണ്. അത്തരത്തിൽ ഒരു കവിത പഠിപ്പിക്കുന്നുണ്ട് എങ്കിൽ അധ്യാപകരുടെ ടീച്ചിങ് നോട്ടിൽ കവിതയിലെ ആ ഭാഗത്ത് ഉള്ള ശരികേട് ചൂണ്ടിക്കാണിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കാം.



ഓരോ തരം ഡിസബിലിറ്റിക്കും ഓരോ തരം ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ ആണ് വേണ്ടത്. ഡിസബിലിറ്റിക്ക് ഏകതാന സ്വഭാവം ഇല്ല. ചില തരം ഡിസബിലിറ്റികൾക്ക് ഡിസേബിൾഡ് ആയ വ്യക്തികളുടെ തന്നെ ബൃഹത്തായ കൂട്ടായ്മയുണ്ട്. ദൃശ്യ-ശ്രവ്യ-ലോക്കോമോട്ടോർ വിഭാഗങ്ങളിൽപ്പെട്ട വ്യക്തികൾക്ക് സംഘടനകൾ ഉണ്ട്. ഓട്ടിസം, ഡൗൺ സിൻഡ്രോം പോലെ ചിന്തയെയും ചലനത്തെയും ഒരേപോലെ പരിമിതപ്പെടുത്തുന്ന ഡിസബിലിറ്റികളുമായി ബന്ധപ്പെട്ട സംഘടിത പ്രവർത്തനങ്ങൾ ഡിസേബിൾഡ് ആയ വ്യക്തികളുടെ പരിചരണം ചെയ്യുന്ന മാതാപിതാക്കളോ ബന്ധുക്കളും ഏറ്റെടുത്ത് നടത്തുക. എല്ലാത്തരം ഡിസബിലിറ്റികളെ കുറിച്ചും ഉള്ള ഒരു സാമൂഹിക അവബോധം സൃഷ്ടിക്കുക ഭരണപരമായ ഒരു ഉത്തരവാദിത്വമാണ്. ഒരുപക്ഷേ കുടുംബത്തിന് അത്തരം വ്യക്തികളുടെ എല്ലാ ആവശ്യങ്ങളും സാധ്യമാക്കാൻ സാധിക്കുക ഇല്ല എന്നതിനാൽ സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഒരുപോലെ പരിശ്രമിച്ചാൽ മാത്രമേ ഡിസബിലിറ്റികൾ ഉള്ള വ്യക്തികൾക്ക് മെച്ചപ്പെട്ട ഒരു സാമൂഹിക ജീവിതം സാധ്യമാവുകയുള്ളൂ.



# ഡിസേബിൾഡ് വ്യക്തികളുടെ അതിജീവനത്തിൽ സാങ്കേതികവിദ്യയുടെ സ്വാധീനം




**ഹുസ്ന അമീൻ**
അറബിക് അധ്യാപിക
ജി.വി.എച്ച്.എസ്.എസ്., വക്കം
തിരുവനന്തപുരം


ആശയവിനിമയത്തിന്റെ ആദ്യ പടി പരസ്പരം പരിചയപ്പെടുത്തുകയാണല്ലോ. ആദ്യം ഞാൻ എന്നെ പരിചയപ്പെടുത്താം. ഞാൻ കാഴ്ച പരിമിതിയുള്ള ഒരു അധ്യാപികയാണ്. എന്റെ ജീവിതവഴിയിൽ സാങ്കേതികവിദ്യ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും ഡിസബിലിറ്റികളുള്ള വ്യക്തികളോട് നോൺ-ഡിസേബിൾഡ് വ്യക്തികളുടെ മനോഭാവത്തെക്കുറിച്ചുമാണ് ഈ ലേഖനത്തിലൂടെ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഒരു ഡിസേബിൾഡ് വ്യക്തിയുടെ അനുഭവം ആ വ്യക്തി ജീവിക്കുന്ന സാഹചര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും പൊതുവെ ചില സമാനമായ സാഹചര്യങ്ങളും ഉണ്ടാകുമല്ലോ. ഞാൻ എന്റെ എല്ലാ കാര്യങ്ങളും സ്വന്തമായി ചെയ്യുന്നു. പരമാവധി വിഭവങ്ങൾ ഉപയോഗപ്പെടുത്തിയാണ് എല്ലാ കാര്യങ്ങളും ചെയ്യുന്നത്. എന്നാൽ, നമ്മളോട് അടുപ്പമുള്ളവർ പോലും എന്നെ പോലെയുള്ള ഡിസേബിൾഡ് വ്യക്തികൾ ഒതുങ്ങിയിരിക്കേണ്ടവരാണെന്നും ഒന്നും ചെയ്യാൻ പറ്റാത്തവരാണെന്നുമാണ് കരുതുന്നത്. ഈ മനോഭാവമാണ് എന്നെ ഈ ലേഖനം എഴുതാൻ പ്രേരിപ്പിച്ചത്.

ഇനി വിഷയത്തിലേക്ക് കടക്കാം. എല്ലാവരുടേയും ജീവിതത്തിൽ ഉണ്ടായിട്ടുള്ളത് പോലെ എ

ന്റെ ജീവിതത്തിലും ചില വഴിത്തിരിവുകൾ ഉണ്ടായിട്ടുണ്ട്. 2014ൽ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ നടത്തി വന്നിരുന്ന ഇൻസൈറ്റ് ആദ്യമായി സന്ദർശിക്കുമ്പോൾ എനിക്ക് കമ്പ്യൂട്ടറും മൊബൈൽ ഫോണും അന്യമായിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ കമ്പ്യൂട്ടർ എനിക്കൊരു സ്വപ്നം മാത്രമായിരുന്നു. ഒരിക്കലും നടക്കാത്ത സ്വപ്നം. ഐ. ടി ലാബിൽ എന്റെ സ്ഥാനം ഏറ്റവും പിറകിലായിരുന്നു. പഠിപ്പിക്കുന്ന തിയറിയും പ്രാക്ടിക്കലിന്റെ ഘട്ടങ്ങളും നന്നായി മനസ്സിലാകുമായിരുന്നു. എന്നാലും സ്വന്തമായി കമ്പ്യൂട്ടറിൽ ചെയ്യുന്നതുപോലെ ആകില്ലല്ലോ. വീട്ടിൽ വന്നാൽ കീബോർഡിലും മൗസിലും ക്ലിക്ക് ചെയ്ത് എന്തൊക്കെയോ ചെയ്യുന്നതായി ഞാൻ അഭിനയിക്കുമായിരുന്നു.

2000–ത്തിന്റെ തുടക്കത്തോടെ ഇന്ത്യയിലെ ജനങ്ങളുടെ ജീവിതത്തിലേക്ക് സാങ്കേതികവിദ്യ കടന്നുവന്നതുപോലെ കുറച്ചു വർഷങ്ങൾക്കു ശേഷമാണെങ്കിലും എന്റെ ജീവിതത്തിലും സാങ്കേതികവിദ്യ വെളിച്ചം വീശി. സാങ്കേതികവിദ്യ എന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം ചെറുതല്ല. ഇൻസൈറ്റിൽ പഠിക്കാൻ തുടങ്ങിയതിനു ശേഷം ഞാനും കമ്പ്യൂട്ടറും മൊബൈൽ ഫോണും ഉപയോഗിക്കാൻ ആരംഭിച്ചു. കാഴ്ചപരിമിതികളുള്ള ആളുകൾ എങ്ങനെയാണ് ഇവയൊക്കെ ഉപയോഗിക്കുന്നത് എന്ന് ഒരു സംശയം സ്വാഭാവികമായും ഉണ്ടായേക്കാം. അതിനുള്ള ഉത്തരം തരാം. ഇത് വിശദീകരിക്കാൻ കിട്ടുന്ന ഒരു അവസരവും ഞാൻ പാഴാക്കാറില്ല. സ്ക്രീൻ റീഡർ ഉപയോഗിച്ചാണ് കാഴ്ചപരിമിതികളുള്ള വ്യക്തികൾ കമ്പ്യൂട്ടറും മൊബൈൽ ഫോണും ഉപയോഗിക്കുന്നത്. സ്ക്രീൻ റീഡറിന്റെ ശബ്ദം കേട്ടിട്ടില്ലാത്തവർക്കായി ഒരു ഉദാഹരണം പറയാം. ബാങ്കുകളിലും ആശുപത്രികളിലും ടോക്കൺ വിളിക്കുന്ന യന്ത്രത്തിന്റെ ശബ്ദം എല്ലാവർക്കും പരിചിതമായിരിക്കുമെന്ന് കരുതുന്നു. അതുപോലെ, കമ്പ്യൂട്ടർ അല്ലെങ്കിൽ സ്മാർട്ട് ഫോൺ കാഴ്ചപരിമിതികളുള്ളവരെ സഹായിക്കുവാനായി പുറപ്പെടുവിക്കുന്ന യന്ത്രവത്കൃത ശബ്ദമാണ് സ്ക്രീൻ റീഡറിന്റെ ശബ്ദം. ആ ശബ്ദത്തിന്റെ വേഗത, ഭാഷ, വോയ്സ് എന്നിവയിൽ മാറ്റം വരുത്താൻ സാധിക്കും. സ്മാർട്ട് ഫോണിലെ സെറ്റിങ്സിൽ അക്സസബിലിറ്റി (Accessibility) എന്ന ഓപ്ഷനിൽ ടോക്ക് ബാക്ക് (Talk back) എന്ന ടോഗിൾ സ്വിച്ച് ഓൺ ചെയ്താൽ കാഴ്ചപരിമിതികളുള്ള വ്യക്തികൾക്ക് ഉപയോഗിക്കാൻ പറ്റു



**സ്ക്രീൻ റീഡർ ഉപയോഗിച്ചാണ് കാഴ്ചപരിമിതികളുള്ള വ്യക്തികൾ കമ്പ്യൂട്ടറും മൊബൈൽ ഫോണും ഉപയോഗിക്കുന്നത്. സ്ക്രീൻ റീഡറിന്റെ ശബ്ദം കേട്ടിട്ടില്ലാത്തവർക്കായി ഒരു ഉദാഹരണം പറയാം. ബാങ്കുകളിലും ആശുപത്രികളിലും ടോക്കൺ വിളിക്കുന്ന യന്ത്രത്തിന്റെ ശബ്ദം എല്ലാവർക്കും പരിചിതമായിരിക്കുമെന്ന് കരുതുന്നു. അതുപോലെ, കമ്പ്യൂട്ടർ അല്ലെങ്കിൽ സ്മാർട്ട് ഫോൺ കാഴ്ചപരിമിതികളുള്ളവരെ സഹായിക്കുവാനായി പുറപ്പെടുവിക്കുന്ന യന്ത്രവത്കൃത ശബ്ദമാണ് സ്ക്രീൻ റീഡറിന്റെ ശബ്ദം. ആ ശബ്ദത്തിന്റെ വേഗത, ഭാഷ, വോയ്സ് എന്നിവയിൽ മാറ്റം വരുത്താൻ സാധിക്കും. സ്മാർട്ട് ഫോണിലെ സെറ്റിങ്സിൽ അക്സസബിലിറ്റി (Accessibility) എന്ന ഓപ്ഷനിൽ ടോക്ക് ബാക്ക് (Talk back) എന്ന ടോഗിൾ സ്വിച്ച് ഓൺ ചെയ്താൽ കാഴ്ചപരിമിതികളുള്ള വ്യക്തികൾക്ക് ഉപയോഗിക്കാൻ പറ്റുന്ന വിധത്തിലാകും.**

ന്ന വിധത്തിലാകും. ഫോൺ ഒരു ടാപിൽ നിന്ന് ഡബിൾ ടാപ്പിലേക്ക് മാറുന്നതിനാൽ കുറച്ച് പരിശീലനം ആവശ്യമാണ്. ഉബണ്ടു (Ubuntu) ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഓർക്കാ (Orca) എന്ന സ്ക്രീൻ റീഡറും വിൻഡോസിൽ ജോസ് (JAWS), എൻ. വി. ഡി. എ. (NVDA) എന്നീ സ്ക്രീൻ റീഡറുകളുമാണ് നിലവിലുള്ളത്. ആൻഡ്രോയിഡ് സ്മാർട്ട് ഫോണുകളിൽ ടോക്ക് ബാക്ക്, ജീഷോ (Jieshuo) എന്നീ സ്ക്രീൻ റീഡറുകൾ ഉപയോഗിച്ച് എല്ലാ പ്രവർത്തികളും ചെയ്യാൻ സാധിക്കും.

ആദ്യമായി കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുമ്പോൾ ത്തന്നെ അത് എന്റെ പ്രൊഫഷണൽ ജീവിതത്തിലേക്കുള്ള വാതായനമാണ് തുറന്നത് എന്ന് തിരിച്ചറിയാൻ വൈകിയില്ല. കീബോർഡിലെ ഓരോ കീയും എന്റെ പുതിയ വഴികളിലേക്കുള്ള പടികളായിരുന്നു. ക്ലാസ്സിൽ പഠിപ്പിച്ചിരുന്നതിനു പുറമെ പുതിയ പല കാര്യങ്ങളും സ്വന്തമായി ചെയ്യാൻ ശ്രമിക്കുകയും പഠിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുമായിരുന്നു. അതു കൊണ്ടു തന്നെ, ആദ്യകാലത്ത് പഠിക്കാൻ സാധിച്ചതിനേക്കാൾ ഒരുപാട് വലിയ തലത്തിലാണ് ഞാൻ ഇപ്പോൾ ഉള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇംഗ്ലീഷിൽ ബിരുദവും ബിരുദാനന്തര ബിരുദവും ബി.എഡും കഴിഞ്ഞതിനു ശേഷം ധാരാളം പരീക്ഷകളിലും അഭിമുഖങ്ങളിലും ഞാൻ പങ്കെടുത്തു. 2019–ൽ English Insights with Husna എന്ന പേരിൽ ഒരു യൂട്യൂബ് ചാനലും തുടങ്ങി. ഇംഗ്ലീഷ് വ്യാകരണമായിരുന്നു അതിന്റെ പ്രതിപാദ്യ വിഷയം. ആ ചാനലിന്റെ എല്ലാ സാങ്കേതികമായ കാര്യങ്ങളും ഞാൻ തന്നെയാണ് ഗവേഷണം നടത്തി കണ്ടെത്തിയത്. ഞാൻ ഈ ലേഖനം ടൈപ്പ് ചെയ്യുമ്പോൾ എന്റെ ചാനലിൽ 2034 സബ്സ്ക്രൈബർമാർ ഉണ്ട്. ഏതാണ്ട് എഴുപത്തി ഏഴോളം വീഡിയോകൾ അപ്ലോഡ് ചെയ്തിട്ടുണ്ട്.

### വായന

മറ്റുള്ളവരുടെ സഹായത്തോടെ മാത്രം പുസ്തകങ്ങൾ വായിച്ചു കൊണ്ടിരുന്ന ഞാൻ കമ്പ്യൂട്ടർ പഠനത്തിനു ശേഷം ലിയോസ് (Lios), കഴ്സ് വെയിൽ (Kurzweil) മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് വായിക്കാൻ തുടങ്ങി. അതൊരു തുടക്കം മാത്രമായിരുന്നു. വായന എന്നതിലുപരി എഴുത്തിനും കമ്പ്യൂട്ടർ ഉപയോഗിക്കാൻ തുടങ്ങി.

കമ്പ്യൂട്ടറിലും സ്മാർട്ട് ഫോണിലുമുള്ള അക്സസബിലിറ്റി സൗകര്യം എന്നെ എത്രമാത്രം ശാക്തീകരിച്ചിട്ടുണ്ടെന്ന് ചില ഉദാഹരണങ്ങളിലൂടെ പങ്കുവെയ്ക്കാം. പഠനത്തിന്റെ എല്ലാ ഘട്ടങ്ങളിലും



പുസ്തകങ്ങൾ വായിക്കാനും പഠിക്കാനും മറ്റൊരാളെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ, ഇന്ന് കാര്യങ്ങൾ മാറിമറിഞ്ഞു. ഒരു സ്ക്രീൻ റീഡർ സൗകര്യമുള്ള കമ്പ്യൂട്ടർ ഉണ്ടെങ്കിൽ വായനയും പഠനവും എത്ര എളുപ്പമാണെന്നോ! സ്ക്രീനിലുള്ള എല്ലാ ഉള്ളടക്കവും നമ്മുടെ സ്ക്രീൻ റീഡർ വായിച്ചു തരും. കീബോർഡിലെ ഓരോ കീയും അമർത്തുമ്പോൾ കമ്പ്യൂട്ടറിൽ ആ അക്ഷരത്തിന്റെയോ കീയുടേയോ ശബ്ദസാക്ഷാത്കാരം കേൾക്കാം. അതു വഴി, കമ്പ്യൂട്ടറിലെ എല്ലാ പ്രവർത്തനങ്ങളും ആരുടെയും സഹായമില്ലാതെ ചെയ്യാൻ കഴിയും. ബി.എഡ് പഠനം വരെ കമ്പ്യൂട്ടർ എങ്ങനെ ഉപയോഗിക്കണമെന്നറിയാതിരുന്ന ഞാൻ സ്ക്രീൻ റീഡർ ഉപയോഗിക്കുവാൻ പഠിച്ചതിന് ശേഷം എന്റെ എം എ പ്രബന്ധം സ്വന്തമായി ടൈപ്പ് ചെയ്യുകയും ഫോർമാറ്റ് ചെയ്യുകയും ചെയ്തു. എന്നെ സംബന്ധിച്ചിടത്തോളം ഈ നേട്ടം വളരെ വലിയ ഒരു കാര്യമായിരുന്നു. വേർഡ്, എക്സൽ, പവർപോയിന്റ് മുതലായ ആപ്ലിക്കേഷനുകുളും ഉപയോഗിക്കാൻ പഠിച്ചു. ഇന്റർനെറ്റിൽ സെർച്ച് ചെയ്യാനും ഡൗൺലോഡ് ചെയ്യാനും അനായാസം സാധിക്കും. ഈ ലേഖനം വായിക്കുന്ന ഡിസബിലിറ്റി ഇല്ലാത്ത വായനക്കാർക്ക് ഇത് ഒരു നേട്ടമായി തോന്നണമെന്നില്ല. എന്നാൽ, എപ്പോഴും അത്തരം ഉപകരണങ്ങളിൽ നിന്നും മാറ്റിനിർത്തപ്പെട്ടിട്ടുള്ള ഒരാൾ എന്ന നിലയിൽ അവയുടെ പ്രാവീണ്യം എനിക്ക് വിലമതിക്കാനാവാത്തതാണ്.



ഇനി സ്മാർട്ട് ഫോണിലേക്ക് വരാം. കമ്പ്യൂട്ടറിൽ കീ അമർത്തുമ്പോൾ ലഭിക്കുന്ന ശബ്ദാവിഷ്കാരം ഫോണിൽ രണ്ടു ടാപിലൂടെയാണ് ലഭിക്കുക. ആദ്യകാലത്ത് സ്മാർട്ട് ഫോണുകളിൽ അന്തർനിർമിത ടോക്ക്ബാക്ക് എന്ന സ്ക്രീൻ റീഡറാണ് ഉപയോഗിച്ചിരുന്നത്. സാങ്കേതികവിദ്യയുടെ വികാസം മൂലം പുതിയ സ്ക്രീൻ റീഡറുകളും വരുന്നുണ്ട്. അതിലൊന്നായ കമന്ററി അഥവാ ജീഷോ സ്ക്രീൻ റീഡറാണ് ഞാൻ ഇപ്പോൾ ഉപയോഗിക്കുന്നത്. കുപ്പി ഏതായാലും വീഞ്ഞ് ഒന്നു തന്നെ എന്നു പറയുന്നതു പോലെ സ്ക്രീൻ റീഡർ ഏതായാലും അടിസ്ഥാന ഉപയോഗം ഒന്നു തന്നെ. ഇത്തരം സ്ക്രീൻ റീഡറുകളിലൂടെ സമൂഹ മാധ്യമ ഇടങ്ങളായി വാട്ട്സാപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം മുതലായവയിൽ സജീവമായി ഇടപെടാനും സാധിക്കുന്നു. ഷെയർ ചെയ്യപ്പെടുന്ന ചിത്രങ്ങളും ഡോക്യുമെന്റുകളും എൻവിഷൻ എഐ (Envision AI), ഇൻസ്റ്റാറീഡർ (InstaReader), കിബോ (Kebo) എന്നീ ആപ്ലിക്കേഷനുകളുകൾ ഉപയോഗിച്ച് സുഗമമായി വായിക്കാം.

## യാത്രകൾ

നിത്യജീവിതത്തിൽ യാത്ര ഒരു വലിയ ഘടകമാണല്ലോ. കാഴ്ചപരിമിതിയുള്ള എന്നെ സംബന്ധിച്ച് ഒറ്റയ്ക്കുള്ള യാത്രകൾ ഒരു വലിയ പ്രശ്നമായിരുന്നു. ബസിൽ യാത്ര ചെയ്യുമ്പോൾ അടുത്തിരിക്കുന്ന ആളോട് സ്ഥലങ്ങളുടെ പേര് ചോദിച്ചു കൊണ്ടിരിക്കുമായിരുന്നു. എന്റെ ജീവിതത്തിലേക്ക് സ്മാർട്ട് ഫോണിന്റെ കടന്നുവരവോടു കൂടി ആ പ്രശ്നം ഏകദേശം പരിഹരിക്കപ്പെട്ടു. ഗൂഗിൾ മാപ്പും (Google Map) ലാസറില്ലോയും (Lazarillo) എന്നെ മേൽപ്പറഞ്ഞ കാര്യത്തിൽ സഹായിക്കാറുണ്ട്. സ്ഥലങ്ങളുടെ പേരുകളും എത്തിച്ചേരാൻ എടുക്കുന്ന സമയവും ദൂരവും അവയിൽ ചിലതു മാത്രം. നല്ല നെറ്റ്വർക്ക് കവറേജ് ഉണ്ടെങ്കിൽ ലാസറില്ലോ എനിക്ക് കടകളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ പോലും വായിച്ചു തരാറുണ്ട്. അങ്ങനെ, ജീവിതത്തിന്റെ എല്ലാ തുറകളിലും സാങ്കേതികവിദ്യ എന്നെ ശാക്തീകരിച്ചുകൊണ്ടിരിക്കുന്നു. ഈ ലേഖനം ഞാൻ എന്റെ സ്മാർട്ട് ഫോണിൽ ഒരു ബാഹ്യ (external) കീബോർഡ് ഘടിപ്പിച്ചതിനു ശേഷമാണ് ടൈപ്പ് ചെയ്യുന്നത് കേട്ടോ. അതും പരീക്ഷിച്ചു നോക്കാമെന്നു കരുതി.

## ഡിസബിലിറ്റിയോടുള്ള മനോഭാവം

ഡിസബിലിറ്റികളുള്ള ആളുകളോടും നോൺ–

ഡിസേബിൾഡ് ആളുകളോടും ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ആദ്യം, ഡിസബിലിറ്റികളുള്ള വ്യക്തികളോട് പറയാം. നമ്മൾ എന്തു പഠിക്കാൻ പോയാലും പഠിപ്പിക്കുന്നവർ അടിസ്ഥാന തത്വങ്ങൾ മാത്രമാണ് പഠിപ്പിക്കുക. ബാക്കി നമ്മൾ പരിശീലനം നടത്തി പഠിക്കേണ്ടതാണ്. കൂടുതൽ മേഖലകൾ നാം തന്നെ തേടി കണ്ടെത്തുകയും വിദഗ്ധരായവരോട് ചോദിച്ച് മനസ്സിലാക്കേണ്ടതുമാണ്. എന്നാൽ മാത്രമേ നമുക്ക് മറ്റുള്ളവരോടൊപ്പം എടുത്തു വെച്ചു. അത്ഭുതമെന്ന് പറയട്ടെ, ആ മൂന്നു വ്യക്തികളും ഞാൻ അവരുടെ കണ്മുന്നിൽ വെച്ചു ചെയ്ത പ്രവൃത്തികൾ പോലും വിശ്വസിക്കാൻ തയ്യാറല്ലായിരുന്നു. ഇത്തരുണത്തിൽ എനിക്ക് പറയാനുള്ളത് ഇതാണ് – ഞങ്ങളെ വിശ്വസിക്കുക. ഞങ്ങൾക്കും കുറെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുക, ചെയ്യാൻ അനുവദിക്കുക.

മേൽപ്പറഞ്ഞത് പോലെ ഡിസേബിൾഡ് വ്യക്തികൾ ദൈനംദിന ആവശ്യങ്ങൾക്കായി വിവിധ മാർ



ത്താൻ പറ്റുകയുള്ളൂ. ഇംഗ്ലീഷ് ടൈപ്പിങ്ങും മലയാളം ടൈപ്പിങ്ങും പഠിച്ചാൽ ബാക്കി ഭാഷകളും ടൈപ്പ് ചെയ്യാൻ പഠിക്കാം. ഇന്റർനെറ്റിൽ അടിസ്ഥാന സെർച്ച് വിദ്യ മനസിലാക്കിയാൽ എന്തു കാര്യവും നമുക്ക് കണ്ടെത്താൻ സാധിക്കും. സ്വയംപര്യാപ്തത കൈവരിക്കാനുള്ള മാർഗങ്ങളിലൊന്നായി ഇതിനെ കണക്കാക്കാം.

ഇനി ഡിസബിലിറ്റികളില്ലാത്ത വ്യക്തികളോട് പറയാനുള്ളത് ഇതാണ്. എന്റെ ജീവിതത്തിൽ പലപ്പോഴായി ഉണ്ടായ കുറച്ച് അനുഭവങ്ങൾ പങ്കുവെക്കാം. ഒരു ബന്ധുവിന്റെ മുമ്പിൽ വച്ച് ചായ ഇട്ടു. മറ്റൊരാളുടെ മുന്നിൽ വച്ച് നിറയെ മുള്ളുള്ള മീൻ അനായാസം കഴിച്ചു. മറ്റൊരു ദിവസം ആ വ്യക്തിയുടെ വീട്ടിൽ വച്ച് ഒരു ബന്ധു ഞങ്ങൾ കുറച്ചു പേർ സംസാരിച്ചിരുന്നിടത്തേയ്ക്കു വന്നിട്ട് പറഞ്ഞു, 'മുകളിൽ തേങ്ങ കിടപ്പുണ്ട്, മഴ വന്നാൽ എടുക്കണം'. കേൾക്കേണ്ട താമസം ഞാൻ തലയാട്ടി സമ്മതിച്ചു. അപ്പോൾ 'നീയോ? നീയെങ്ങനെ എടുക്കാനാ?' എന്നൊരു ചോദ്യം. അദ്ദേഹം പറഞ്ഞത് അവിടെ ഉണ്ടായിരുന്ന മറ്റുള്ളവരോടായിരുന്നു. മഴ വന്നപ്പോൾ ഞാൻ തന്നെ തേങ്ങ എ

ഗങ്ങൾ ഉപയോഗപ്പെടുത്തി ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു എന്നു കരുതി അവർക്ക് മറ്റുള്ളവരുടെ പിന്തുണ പൂർണ്ണമായും ആവശ്യമില്ലെന്ന് അർഥമില്ല. നിങ്ങൾ ഒരു ഡിസേബിൾഡ് വ്യക്തിയെ കണ്ടാൽ അവരോട് സംസാരിക്കുകയും അവർക്കെന്തെങ്കിലും സഹായം ആവശ്യമുണ്ടോ എന്ന് ചോദിക്കുകയും ചെയ്യുക. അവരുടെ മറുപടി അനുസരിച്ച് നിങ്ങൾ സഹായിക്കാൻ ശ്രമിക്കുക. നിങ്ങൾ ഞങ്ങളെ തുറിച്ചുനോക്കാൻ എടുക്കുന്ന സമയം നമ്മൾ തമ്മിലുള്ള ആശയവിനിമയത്തെ സാരമായി ബാധിക്കും. അതിനാൽ ദയവായി ഞങ്ങളെ തുറിച്ചുനോക്കുന്നതിനു പകരം ഞങ്ങളോടൊപ്പം ചേർന്നു നിൽക്കുക, ഞങ്ങളിലൊരാളായി. നിങ്ങൾ അനുതാപത്തിന്റെ ഒരു കൈ നൽകിയാൽ ഡിസേബിൾഡ് വ്യക്തികൾക്ക് സ്വയംപര്യാപ്തരാകാനും അതുവഴി സ്വന്തം ആത്മാഭിമാനം ഉയർത്തിപിടിക്കാനും സാധിക്കും. എന്റെ ഈ ഉദ്യമം ഇത് വായിക്കുന്നവർക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് കരുതി നിർത്തട്ടെ.

ഈ വരികളിലൂടെ എന്റെ അനുഭവങ്ങളും നിരീക്ഷണങ്ങളും വായിച്ച എല്ലാവർക്കും നന്ദി.

ശ്രീക്കുട്ടി പി. വി., രണ്ടാം വർഷ എം. കോം. വിദ്യാർത്ഥിനി, ഗവ. കോളേജ്, മാനന്തവാടി

# ഞാൻ നേരിടുന്ന ഏബ്ലിസം

## ഒരു അനുഭവക്കുറിപ്പ്

**സർക്കാർ ഓഫീസുകളിൽ പോലും ഒരു റാമ്പ് ഇല്ലാത്ത അവസ്ഥയാണ്. സൗകര്യങ്ങളെക്കുറിച്ചു ചോദിച്ചാൽ ഇന്നും പലർക്കും അതൊരു ഔദാര്യം ചോദിക്കുന്നത് പോലെയാണ്. ഞാൻ ഇപ്പോൾ പഠിക്കുന്ന കോളേജിലും മുകൾ നിലയിലോട്ട് പോകണമെങ്കിൽ സുഹൃത്തുക്കൾ എന്നെ വീൽ ചെയർ സഹിതം എടുത്തു കയറ്റേണ്ട സ്ഥിതിയാണ്. വ്യക്തിപരമായി അത് എനിക്ക് വല്ലാത്ത അസ്വസ്ഥത ഉണ്ടാക്കാറുണ്ട്. സഹായങ്ങളെക്കാൾ വേണ്ടത് അർഹതപ്പെട്ട സൗകര്യങ്ങളാണ്. അത് പലരും അവഗണിക്കാറാണ് പതിവ്.**

ഒരു ഡിസേബിൾഡ് വ്യക്തി എന്ന നിലയിൽ ഒരുപാട് വെല്ലുവിളികൾ മറികടന്നാണ് ഞാൻ ഇന്ന് ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി എന്ന നിലയിൽ വരെ എത്തിയിരിക്കുന്നത്. അതൊരു വലിയ നേട്ടമാണോ? അതെ. ഓരോ ഘട്ടവും വളരെ പ്രധാനപ്പെട്ടതായാണ് ഞാൻ കാണുന്നത്.

ഈയൊരു രീതിയിൽ ജീവിക്കുമ്പോൾ എനിക്ക് ഏറ്റവും കൂടുതൽ നേരിടേണ്ടി വന്നിട്ടുള്ളത് മറ്റുള്ളവരുടെ ഏബ്ലിസ്റ്റ് ചിന്താഗതിയാണ്. അതിന്റെ ഒരു ഉൽപ്പന്നമായാണ് ഞാൻ പ്രവേശനക്ഷമതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ (accessibility issues) മനസ്സിലാക്കിയിട്ടുള്ളത്. ഞാൻ പഠനം തുടങ്ങുന്ന കാലഘട്ടത്തിൽ മിക്ക ആളുകൾക്കും ഒരു ഡിസേബിൾഡ് ആയ പെൺകുട്ടി വിദ്യാഭ്യാസം നേടുന്നതിനോട് പു



ശ്രീക്കുട്ടി പി. വി.

ഷ്ടം ആയിരുന്നു. ഡിസേബിൾഡ് വ്യക്തികളുടെ വിദ്യാഭ്യാസം എന്ന അടിസ്ഥാന മനുഷ്യാവകാശത്തെ നിഷേധിക്കുന്നതിന് തുല്യമാണ്. പിന്നീട് നമുക്കിഷ്ടമുള്ള വിഷയത്തിൽ ഉന്നത വിദ്യാഭ്യാസം നേടുന്നത് എതിർപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഡിസേബിൾഡ് ആയ വ്യക്തികൾക്ക് ഏതെങ്കിലും ഒരു ജോലി മതിയെന്നും അവരുടെ ആഗ്രഹങ്ങൾ പരിമിതമാക്കണമെന്നും ഒരുപാട് ആൾക്കാരിൽ നിന്ന് ഞാൻ കേട്ടിട്ടുള്ളതാണ്. വളരെധികം കഷ്ടപ്പെട്ടാണ് ഒരുപാടു തടസങ്ങളും വെല്ലുവിളികളും നേരിട്ട് കൊണ്ട് മുന്നോട്ടു വരുന്നത്.

എന്നെ എപ്പോഴും അലട്ടിയിട്ടുള്ള ഒരു പ്രശ്നം ഒട്ടും ഇൻക്ലൂസിവ് അല്ലാത്ത ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണമാണ്. വാഗ്ദാനങ്ങളെല്ലാം കടലാസുകളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണിപ്പോഴും. സർക്കാർ ഓഫീസുകളിൽ പോലും ഒരു റാമ്പ് ഇല്ലാത്ത അവസ്ഥയാണ്. സൗകര്യങ്ങളെക്കുറിച്ച് ചോദിച്ചാൽ ഇന്നും പലർക്കും അതൊരു ഔദാര്യം ചോദിക്കുന്നത് പോലെയാണ്. ഞാൻ ഇപ്പോൾ പഠിക്കുന്ന കോളേജിലും മുകൾ നിലയിലോട്ട് പോകണമെങ്കിൽ സുഹൃത്തുക്കൾ എന്നെ വീൽചെയർ സഹിതം എടുത്തു കയറ്റേണ്ട സ്ഥിതിയാണ്. വ്യക്തിപരമായി അത് എനിക്ക് വല്ലാത്ത അസ്വസ്ഥത ഉണ്ടാക്കാറുണ്ട്. സഹായങ്ങളെക്കാൾ വേണ്ടത് അർഹതപ്പെട്ട സൗകര്യങ്ങളാണ്. അത് പലരും അവഗണിക്കാറാണ് പതിവ്.

"ഭിന്നശേഷിക്കാർ'' (differently abled) എന്ന് ഡിസബിലിറ്റിയെ മഹത്വവൽക്കരിക്കുന്ന വ്യക്തികൾ ഒരിക്കലും ഡിസേബിൾഡ് വ്യക്തികൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾക്ക് ഊന്നൽ കൊടുക്കുന്നില്ല. പ്രശ്നങ്ങളെ മറയ്ക്കാനുള്ള ഒരു ഉപാധി മാത്രമാണവർക്ക് ഈ വാക്കുകളൊക്കെ.


source : training journal

അതു പോലെ ഒരു ഡിസേബിൾഡ് പെൺകുട്ടി എന്ന നിലയിൽ ഏബ്ലിസം എത്ര മോശമായാണ് ജൻഡറുമായി ചേർന്ന് പ്രവർത്തിക്കുന്നത് എന്ന് വ്യക്തിപരമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹം ലിംഗാടിസ്ഥാനത്തിൽ വേർതിരിച്ചിട്ടുള്ള കർത്തവ്യങ്ങളുടെ (gender roles) സ്വാധീനം കാരണം ആണ് ഡിസബിലിറ്റിയെ പലപ്പോഴും ഒരു "കുറവ്" ആയി കാണുന്നത്.

ഞാൻ കണ്ടിട്ടുള്ള മറ്റൊരു വലിയ പ്രശ്നം ഇതൊന്നും വ്യാപകമായി നമ്മുടെ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്നതാണ്. പൊതു ചർച്ചകളിലും വേദികളിലും ഇതൊരു വിഷയമായി ഉയർന്നു വരുന്നത് കണ്ടിട്ടില്ല. നോൺ-ഡിസേബിൾഡ് വ്യക്തികൾ ഡിസബിലിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചയ്ക്കെടുക്കാൻ പോലും തയ്യാറാകുന്നില്ല. ജാതീയതയും സ്ത്രീവാദവും വംശീയതയും ഉൾപ്പെടെ പലതും ചർച്ച ചെയ്യപ്പെടുമ്പോഴും ഏബ്ലിയിസം തഴയപ്പെടുന്നു. ഡിസബിലിറ്റിയെ ഒരു സാമൂഹികപ്രശ്നം ആയി പരിഗണിക്കുന്നത് വരെ നമ്മൾ അതിനു വേണ്ടി ശബ്ദം ഉയർത്തേണ്ടിയിരിക്കുന്നു.



**അഡ്വ. സന്ധ്യ ജനാർദ്ദനൻ**
സാമൂഹിക പ്രവർത്തക



**ഡോ. ശാരദാ ദേവി വി.**
ഡിസബിലിറ്റി സ്റ്റഡീസ് ഗവേഷക

# ഡിസേബിൾഡ് സ്ത്രീകളും നിയമസംവിധാനങ്ങളും

**സാമൂഹിക പ്രവർത്തകയും അഭിഭാഷകയുമായ അഡ്വ. സന്ധ്യാ ജനാർദ്ദനൻ ഡിസബിലിറ്റികളുള്ള സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെയും അവരുടെ ശാക്തീകരണത്തെയും കുറിച്ച് സംസാരിക്കുന്നു.**

*വർഷങ്ങളായി സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്ന ആളെന്നുള്ള നിലയിൽ, കേരളത്തിലെ ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് എന്താണ് പറയാനുള്ളത് ?*

2011ലെ സെൻസസ് പ്രകാരം കേരളത്തിൽ മൂന്ന് ലക്ഷത്തിൽപരം ഡിസബിലിറ്റികളുള്ള സ്ത്രീകളുണ്ട്. അതിൽ അസ്ഥിവൈകല്യം, കാഴ്ചവൈകല്യം, സംസാരിക്കാൻ കഴിയാത്തവർ, പഠന വൈകല്യങ്ങൾ ഉള്ളവർ, മാനസിക വൈകല്യങ്ങൾ ഉള്ളവർ എല്ലാം ഉൾപ്പെടും. ഇതിൽ എത്ര പേരെ നമ്മൾ ദൈനംദിന ജീവിതത്തിൽ പൊതു തലങ്ങളിൽ കാണാറുണ്ട്? ഇതാണ് ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ. അവർ തീർത്തും അദൃശ്യരാണ്.

ഡിസബിലിറ്റികളുള്ള സ്ത്രീകളിൽ ഏറെപേരും വൈകല്യത്തിന്റെ പേരിൽ പുറംലോകം കാണാത്ത അവസ്ഥയിൽ കുടുങ്ങിക്കിടക്കുന്നു. അതിന് കാരണങ്ങൾ പലതാണ്. സ്ത്രീ എന്ന രീതിയിലും വൈകല്യമുള്ളതിന്റെ പേരിലും അവർക്ക് ഇരട്ട വിവേചനം അനുഭവിക്കേണ്ടതായി വരുന്നു.കുടുംബത്തിൽ വൈകല്യമുള്ളവർ ഉണ്ടെന്ന് പറയുന്നത് നാണക്കേടാണെന്നു കരുതി അത്തരക്കാരെ അയൽപക്കക്കാരിൽ നിന്ന് പോലും മറച്ചുവെക്കുന്നവരുണ്ട്. വൈകല്യത്തിന്റെ തോതനു



അഡ്വ. സന്ധ്യ ജനാർദ്ദനൻ

സരിച്ച് വിവേചനത്തിന്റെ തോതിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു .ദൈനംദിന കാര്യങ്ങൾക്ക് മറ്റുള്ളവരെ തീർത്തും ആശ്രയിക്കേണ്ടി വരുന്നവർക്ക് കുറച്ചുകൂടി ദുസ്സഹമായ പ്രശ്നങ്ങൾ നേരിടേണ്ടതായിട്ട് വരുന്നു. കുടുംബത്തിനകത്ത് നിന്നുള്ള ലൈംഗിക അതിക്രമങ്ങൾ, സ്വത്തവകാശം നിഷേധിക്കൽ, പഠിക്കാനോ, ജോലിക്ക് പോകാനോ അനുവദിക്കാതിരിക്കൽ തുടങ്ങി ദുരവസ്ഥകളുടെ ഒരു നീണ്ട ലിസ്റ്റ് തന്നെയുണ്ട്.

സാഹചര്യങ്ങൾ അവരെ അദൃശ്യരായി നിർത്തുന്നു. അവർ അദൃശ്യരായതു കൊണ്ട് തന്നെ അവരുടെ പ്രശ്നങ്ങൾക്ക് ആരും ശ്രദ്ധ നൽകാതെ പോകുന്നു. ഇതൊരു വിഷമവൃത്തമാണ് (vicious circle). ഇത് മറികടക്കുക എന്നത് ഡിസബിൾഡ് സമൂഹം, പ്രത്യേകിച്ച് ഡിസബിലിറ്റികളുള്ള സ്ത്രീകൾ, നേരിടുന്ന വലിയ വെല്ലുവിളിയാണ്.



*ഈ അവസ്ഥ മാറുന്നതിന് ആവശ്യമായ വ്യവസ്ഥകൾ നമ്മുടെ നിയമങ്ങളിൽ ഉണ്ടോ?*

ഡിസേബിൾഡ് സമൂഹത്തിന്റെ മൊത്തത്തിലുള്ള ഉയർച്ച മുന്നിൽ കണ്ടുകൊണ്ട് പാർലമെന്റ് പാസാക്കിയ നിയമമാണ് 2016ലെ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശ നിയമം. തലക്കെട്ടിൽ തന്നെ 'അവകാശം 'എന്ന വാക്ക് ചേർത്തിട്ടുള്ള മറ്റേതെങ്കിലും നിയമം ഇന്ത്യയിൽ ഉണ്ടെന്ന് തോന്നുന്നില്ല. തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ തന്നെ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള സുശക്തമായ നിയമമാണ് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത്. ഈ നിയമത്തിലെ നാലാം വകുപ്പിൽ പ്രത്യേകമായി പറയുന്നത് വൈകല്യമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും മറ്റുള്ളവരെ പോലെ തന്നെ എല്ലാ അവകാശങ്ങളും ഉണ്ടെന്നും,അത് ഉറപ്പുവരുത്താനുള്ള ബാധ്യത അതത് സർക്കാരുകൾക്ക് ഉണ്ടെന്നുമാണ്. വൈകല്യത്തിന്റെ സ്വഭാവം, വ്യക്തിയുടെ പ്രായം എന്നിവ കണക്കിലെടുത്ത് എന്തൊക്കെ സഹായം ആവശ്യമാണോ അവയെല്ലാം നൽകാൻ സർക്കാർ ബാധ്യസ്ഥമാണെന്നും പ്രത്യേകമായി പരാമർശിക്കുന്നുണ്ട് .

ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ പ്രത്യേക അവകാശത്തെക്കുറിച്ച് പത്താം വകുപ്പിൽ പരാമർശിച്ചിട്ടുണ്ട്. അവരുടെ വ്യക്തമായ സമ്മതമില്ലാതെ വന്ധ്യത ഉണ്ടാക്കുന്ന തരത്തിലുള്ള വൈദ്യശാസ്ത്ര നടപടികളൊന്നും സ്വീകരിക്കാൻ പാടുള്ളതല്ല. അപ്രകാരം സമ്മതം ഇല്ലാതെ ഗർഭച്ഛിദ്രം പോലുള്ള നടപടികൾ സ്വീകരിക്കുന്നത് നിയ

**ഡിസേബിൾഡ് സമൂഹത്തിന്റെ മൊത്തത്തിലുള്ള ഉയർച്ച മുന്നിൽ കണ്ടുകൊണ്ട് പാർലമെന്റ് പാസാക്കിയ നിയമമാണ് 2016ലെ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശ നിയമം. തലക്കെട്ടിൽ തന്നെ 'അവകാശം 'എന്ന വാക്ക് ചേർത്തിട്ടുള്ള മറ്റേതെങ്കിലും നിയമം ഇന്ത്യയിൽ ഉണ്ടെന്ന് തോന്നുന്നില്ല. തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ തന്നെ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള സുശക്തമായ നിയമമാണ് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത്.**

മത്തിലെ 92(f) വകുപ്പ് പ്രകാരം ആറുമാസം മുതൽ അഞ്ചു വർഷം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. വൈകല്യമുള്ള സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതും അവരിൽ സ്വാധീനമുള്ള ആരെങ്കിലും അവരുടെ പ്രത്യേക ശാരീരിക- മാനസികാവസ്ഥയെ ചൂഷണം ചെയ്തുകൊണ്ട് ലൈംഗിക അതിക്രമത്തിന് അവരെ വിധേയരാക്കുന്നതും കുറ്റകൃത്യങ്ങളാണ്. വൈകല്യത്തിന്റെ പേരിൽ ഒരു വ്യക്തിയെ മറ്റുള്ളവരുടെ മുൻപിൽ വച്ച് അപമാനിക്കുന്നതും ആറുമാസം മുതൽ അഞ്ചു വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.




കൂടാതെ നിയമ നടത്തിപ്പിനും നയരൂപീകരണത്തിനും മറ്റുമായി രൂപീകരിക്കുന്ന കേന്ദ്ര-സംസ്ഥാന -ജില്ലാ സമിതികളിൽ കുറഞ്ഞത് അഞ്ച് സ്ത്രീകൾ ഉണ്ടാകണമെന്നും നിയമം നിഷ്കർഷിക്കുന്നു. അങ്ങനെ ഡിസബിലിറ്റി അവകാശ രംഗത്തെ തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീകളുടെ സാന്നിധ്യം നിയമം വഴി ഉറപ്പുവരുത്തിയത് ശ്ലാഘനീയമാണ്. ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ തനതായ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ലഭിക്കുന്ന ഇത്തരം ഔദ്യോഗിക ഇടങ്ങൾ ഒരു വലിയ സാധ്യത ആയി ഞാൻ കാണുന്നു.

സർക്കാരിന്റെ വികസന പദ്ധതികളിൽ, പ്രത്യേകിച്ചും ദാരിദ്രനിർമാർജന പദ്ധതികളിൽ, 5% സംവരണം ഡിസബിലിറ്റികൾ ഉള്ള വ്യക്തികൾക്ക് നൽകേണ്ടതുണ്ട്.അതിൽ 40% ത്തിന് മുകളിൽ വൈകല്യമുള്ള സ്ത്രീകൾക്ക് മുൻഗണന നൽകണമെന്ന് നിയമത്തിന്റെ 37-ആം വകുപ്പ് നിഷ്കർഷിക്കുന്നു. 18 വയസ്സിന് താഴെയുള്ള എല്ലാ ഡിസേബിൾഡ് കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നിയമം ഉറപ്പു വരുത്തുന്നു. ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ പൊതുവായുള്ള പ്രജനന ആരോഗ്യം, ഗർഭധാരണം, പ്രസവാനന്തര കരുതൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ പ്രത്യേക നടപടികൾ സ്വീകരിക്കാൻ നിയമം അനുശാസിക്കുന്നു. ഡിസേബിൾഡ് സമൂഹത്തിന് മൊത്തമായി 4% സംവരണം ജോലിയിലും, പ്രമോഷനിലും ഉണ്ട്. വൈകല്യത്തിന്റെ പേരിൽ ഒരാളെയും ജോലിയിൽ നിന്ന് പിരിച്ചുവിടാനോ, തരം താഴ്ത്താനോ പാടില്ല. ഇക്കാര്യങ്ങളിലൊന്നും ലിംഗ വിവേചനം അനുവദനീയമല്ല.

ഇത്തരത്തിൽ ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ പ്രത്യേക അവസ്ഥയും കൂടി കണക്കിലെടുത്തു കൊണ്ടാണ് നിയമ നിർമ്മാണം നടത്തപ്പെട്ടിട്ടുള്ളത്. തീർച്ചയായും നിയമത്തിൽ പ്രത്യേക വ്യവസ്ഥകളും മറ്റും ഉൾപ്പെടുത്തിയിട്ടുള്ളത് ഡിസ

**18 വയസ്സിന് താഴെയുള്ള എല്ലാ ഡിസേബിൾഡ് കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നിയമം ഉറപ്പു വരുത്തുന്നു. ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ പൊതുവായുള്ള പ്രജനന ആരോഗ്യം, ഗർഭധാരണം, പ്രസവാനന്തര കരുതൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ പ്രത്യേക നടപടികൾ സ്വീകരിക്കാൻ നിയമം അനുശാസിക്കുന്നു. ഡിസേബിൾഡ് സമൂഹത്തിന് മൊത്തമായി 4% സംവരണം ജോലിയിലും, പ്രമോഷനിലും ഉണ്ട്. വൈകല്യത്തിന്റെ പേരിൽ ഒരാളെയും ജോലിയിൽ നിന്ന് പിരിച്ചുവിടാനോ, തരം താഴ്ത്താനോ പാടില്ല. ഇക്കാര്യങ്ങളിലൊന്നും ലിംഗ വിവേചനം അനുവദനീയമല്ല.**

ബിലിറ്റികളുള്ള സ്ത്രീകൾക്ക് ഒരനുഗ്രഹമാണ്. സർക്കാർ ആ നിലയിലേക്ക് കൂടി ചിന്തിക്കാനും, അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന പക്ഷം നിയമ നടപടികൾ സ്വീകരിക്കാനും ഒക്കെ ഇത് സഹായകമാകും എന്നതിൽ സംശയമില്ല.

*മാനസിക പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾ ധാരാളമായി ഉണ്ടല്ലോ. അവർക്കും ഈ നിയമം തന്നെയാണോ ബാധകം?*

മാനസിക വെല്ലുവിളി നേരിടുന്നവർക്കും മേൽപ്പറഞ്ഞ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണ് ഇതു കൂടാതെ മാനസികാരോഗ്യ ആശുപത്രികളിലും പുനരധിവാസ സ്ഥാപനങ്ങളിലും പ്രവേശിപ്പിക്കപ്പെടുമ്പോൾ അവർ സാധാരണയായി നേ ശിപ്പിക്കുമ്പോൾ അമ്മമാരോടൊപ്പം മൂന്ന് വയസ്സ് വരെയുള്ള കുഞ്ഞുങ്ങളെയും പാർപ്പിക്കാം. അമ്മയോടൊപ്പം നിൽക്കുന്നത് കുഞ്ഞിന് തീർത്തും സുരക്ഷിതമല്ല എന്ന് കണ്ടാൽ മാത്രം കുട്ടിയെ ശിശുക്ഷേമ സമിതിക്ക് കൈമാറാവുന്നതാണ്. എങ്കിൽ കൂടിയും എല്ലാ 15 ദിവസം കൂടുമ്പോഴും കുഞ്ഞിനെ മാറ്റാനുള്ള തീരുമാനം ഡോക്ടർമാർ പുനപരിശോധിക്കണം. മാനസിക അസ്വസ്ഥതകൾ ഉള്ളവർക്കും അവരുടെ കുടുംബത്തിലും സമൂഹത്തിലും ജീവിക്കാനുള്ള അവകാശം ഉണ്ടെന്നും മറ്റും നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. പൊതുവെ തഴയപ്പെട്ടു കിടക്കുന്ന മാനസികാരോഗ്യ രംഗത്തിന് ഒരു പുത്തനുണർവും പ്രതീക്ഷയും ഈ നിയമം നൽകുന്നു.



രിടുന്ന ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും തടയിടുന്നതിലേക്കായി മാനസികാരോഗ്യ പരിപാലന നിയമം 2017-ൽ കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇത് അനുസരിച്ച് മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്ക് സ്ഥാപനങ്ങളിൽ സാനിറ്ററി പാഡുകളും മറ്റും നിർബന്ധമായും നൽകണം. ഒരുതരത്തിലുമുള്ള ശാരീരിക -മാനസിക- ലൈംഗിക അതിക്രമങ്ങൾ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നില്ല എന്ന് സ്ഥാപന അധികാരികൾ ഉറപ്പുവരുത്തേണ്ടതുണ്ട് . മാനസികാരോഗ്യ പ്രശ്നം നേരിടുന്ന സ്ത്രീകൾക്ക് തന്റെ കുഞ്ഞിന്മേലുള്ള അവകാശം തീർത്തും നഷ്ടപ്പെടുന്നില്ല. ചികിത്സയ്ക്കായി സ്ഥാപനങ്ങളിൽ പ്രവേ

*ഡിസബിലിറ്റികളുള്ള സ്ത്രീകൾ ലൈംഗിക അതിക്രമങ്ങൾക്കും വിധേയരാകാറുണ്ടെന്ന് പറഞ്ഞുവല്ലോ. അത്തരം സാഹചര്യങ്ങളിലുള്ള സ്ത്രീകൾക്ക് എന്ത് സഹായ സംവിധാനങ്ങളാണ് നിയമം നിഷ്ക്കർഷിക്കുന്നത്?*

2013 ൽ ക്രിമിനൽ നിയമങ്ങളിൽ ഭേദഗതി വരുത്തിയിലൂടെയും,18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ബാധകമായ പോക്സോ ആക്ടിലൂടെയും ലൈംഗിക അതിക്രമത്തിനു ഇരയാകുന്ന വൈകല്യങ്ങളുള്ള സ്ത്രീകൾക്കും കുട്ടികൾക്കും നിയമം പ്രത്യേക പരിരക്ഷ ഉറപ്പ് വരുത്തുന്നു. മൊഴിയെടുക്കാനായി പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു വരു

ത്താൻ  പാടുള്ളതല്ല. പോലീസും കോടതിയും മറ്റും ഡിസബിലിറ്റികളുള്ള വ്യക്തികളുടെ മൊഴിയെടുക്കുമ്പോൾ വൈകല്യത്തിന്റെ സ്വഭാവം അനുസരിച്ച് സ്പെഷ്യൽ എഡ്യൂക്കേറ്ററുടെയോ, ഇന്റർപ്രെട്ടറുടെയോ  സഹായം തേടേണ്ടതാണ്. വിചാരണ നേരിടുമ്പോൾ മൊഴി ആവർത്തിക്കുന്നതിന്റെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി കേസിന്റെ ആരംഭ സമയത്ത് മജിസ്ട്രേറ്റിന് നൽകിയ മൊഴി വിചാരണ നടപടിക്രമങ്ങൾക്ക് മതിയാകുന്നതാണെന്നും നിയമം അനുശാസിക്കുന്നു. കൂടാതെ ലൈംഗിക അതിക്രമത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരത്തുക തീരുമാനിക്കുമ്പോൾ വൈകല്യത്തിന്റെ തോതും കണക്കിലെടുക്കണമെന്ന് നിയമം അനുശാസിക്കുന്നു.

*അവകാശ ലംഘനങ്ങൾ നടക്കുമ്പോൾ ഡിസബിലിറ്റികളുള്ള സ്ത്രീകൾക്ക് എവിടെ പരാതിപ്പെടാം?*

അവകാശ ലംഘനങ്ങൾ നേരിടുമ്പോൾ മറ്റേതൊരു സ്ത്രീയെയും പോലെ പോലീസിനെയും, കോടതിയെയും, കമ്മീഷനുകളെയും സമീപിക്കാനുള്ള അവകാശം ഡിസബിലിറ്റികളുള്ള സ്ത്രീകൾക്കും ഉണ്ട്. ഇത് കൂടാതെ ഡിസബിലിറ്റികൾ ഉള്ള വ്യക്തികളുടെ അവകാശ ലംഘനം  മാത്രം പ്രത്യേകമായി കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഡിസബിലിറ്റി കമ്മിഷണർക്കും പരാതി നൽകാവുന്നതാണ്.

*ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ നിലവിലെ അവസ്ഥയിൽ എങ്ങനെ മാറ്റം സാധ്യമാകുമെന്ന് കരുതുന്നു?*

നിലവിലെ അവസ്ഥകൾക്ക് സ്ഥായിയായ മാറ്റങ്ങൾ വരണമെങ്കിൽ ഡിസബിലിറ്റികളുള്ള വ്യക്തികളോടുള്ള ആളുകളുടെ മനോഭാവത്തിൽ മാറ്റം വരണം. അവരെ രോഗികളായും, ഒന്നിനും കൊള്ളാത്തവരായും, മുൻകാല ജന്മത്തിന്റെ പാപകർമ്മങ്ങളുടെ ഇരകളായും മറ്റുമായാണ് പൊതുവെ കണക്കാക്കാറുള്ളത്. ആ അവസ്ഥ മാറിയേ തീരൂ. വൈകല്യത്തിന്റെ രൂക്ഷത/തീവ്രത വർദ്ധിപ്പിക്കുന്നത് ചുറ്റുമുള്ളവരും, പ്രതികൂല ഭൗതിക സാഹചര്യങ്ങളും സമൂഹവുമാണ്. നിലവിലെ ഭൗതിക സാഹചര്യങ്ങളിൽ സമൂലമായ മാറ്റം വരണം. പൊതു കെട്ടിടങ്ങളെല്ലാം അഞ്ചുവർഷത്തിനുള്ളിൽ ഡിസേബിൾഡ് സൗഹൃദം ആക്കണം എന്ന് നിയമം അനുശാസിക്കുന്നു. ഈ വ്യവസ്ഥ നടപ്പിലാക്കിയാൽ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ സഞ്ചാര പരിമിതിക്ക് ഒരു പരിധിവരെ മാറ്റം ഉണ്ടാക്കാം. അതോടൊപ്പം ആളുകളുടെ മനോഭാവത്തിൽ മാറ്റം വരേണ്ടതുണ്ട്. ഡിസബിലിറ്റികളുള്ള വ്യക്തികൾക്ക് കൂടി ഉള്ളതാണ് ഈ ലോകമെന്നും തങ്ങളുടേത് പോലെ തന്നെ ഈ സമൂഹത്തിൽ ജീവിക്കാൻ അവർക്കും എല്ലാത്തരം അവകാശങ്ങൾ ഉണ്ടെന്നും സമൂഹം തിരിച്ചറിയണം. അല്പം പതുക്കെയാണെങ്കിലും  അതൊക്കെ സാധ്യമാകും എന്ന് തന്നെയാണ് എന്റെ വിശ്വാസം.



പെൺപക്ഷം



അജിത കെ.

# ബി ബി സി ഡോക്യുമെന്ററി നൽകുന്ന സന്ദേശം

ഇക്കഴിഞ്ഞ ദിവസങ്ങളിൽ ബിബിസി എന്ന ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കമ്പനി രണ്ടു തവണയായി ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. ലോകമെമ്പാടും പ്രശസ്തമായ ഈ മാധ്യമം India the Modi Question എന്ന പേരിൽ പ്രദർശിപ്പിച്ച ആ ഡോക്യൂമെന്ററിയുടെ വിഷയമാണ് ഏറെ സ്ഫോടനാത്മകമായത്.




2002 ഫെബ്രുവരിയിൽ ഗുജറാത്തിൽ നടന്ന വംശഹത്യാപരമായ, ഏകപക്ഷീയമായ കൂട്ടക്കൊലകൾക്ക് പുറകിൽ ഭരണകൂടത്തിന്റെ കൃത്യമായ ഗൂഢാലോചനയുണ്ടായിരുന്നു എന്നും അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡി എത്ര വിദഗ്ധമായിട്ടാണ് ഈ ഭീകരാക്രമങ്ങൾക്കു ബാക്ക് സ്റ്റേജ് മാനേജിങ് ചെയ്തതെന്നും ആ ഡോക്യൂമെന്ററിയിൽ തെളിവുകൾ സഹിതം പറയുന്നു. ഇന്ത്യയുടെ പരമോന്നതമായ നീതിപീഠം, പക്ഷെ ഈ

അക്രമങ്ങളുടെ യഥാർത്ഥ സ്വഭാവം പുറത്തുകൊണ്ടുവന്ന ടീസ്റ്റ സെറ്റൽവാദ് എന്ന ധീരയായ മനുഷ്യാവകാശ പ്രവർത്തകയെയും ഗുജറാത്തിലെ പോലീസിൽ ഉന്നത ഓഫീസർ ആയിരുന്ന ശ്രീകുമാറിനെയും അന്നത്തെ വംശഹത്യാ സംഭവങ്ങളിൽ മോഡി സർക്കാരിന്റെ പങ്ക് തുറന്നുകാട്ടിയ സഞ്ജയ്ഭട്ട് എന്ന പോലീസ് ഓഫീസറെയും തുറുങ്കിലിടാനുള്ള വിധിയാണ് പ്രസ്താവിച്ചത്. പകൽ വെളിച്ചം പോലെ വ്യക്തമായ ചരിത്രത്തെ ഹിന്ദുത്വ വർഗീയതയുടെ മർക്കടമുഷ്ടിയുടെ പിൻബലത്തിൽ മൊത്തം മാറ്റിഎഴുതിക്കൊണ്ടിരിക്കുകയാണ്. ജനാധിപത്യം, മതേതരത്വം, ബഹുസ്വരത എന്നീ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ ചോരയിൽ മുക്കിക്കൊ ല്ലാനുള്ള ഓരോ കാൽവെപ്പും ഇന്ത്യയെ ഹിന്ദുത്വ ഫാഷിസ-അമിത് ഷാ കൂട്ടുകെട്ടിനേറ്റ മാരക പ്രഹരമാണ് ഈ ഡോക്യു മെന്ററി എന്നതിന് തർക്കമില്ല. രണ്ടു ഭാഗങ്ങളുള്ള ഈ ഡോക്യു മെന്ററിയുടെ രണ്ടാം ഭാഗം ഇപ്പോഴത്തെ മോഡി ഗവണ്മെന്റിന്റെ ഭരണകാലത്തു അടിച്ചേല്പിക്കപ്പെട്ട പൗരത്വ നിയമവും, കാശ്മീർ പ്രശ്നം കൈകാര്യം ചെയ്ത രീതിയും ബീഫ് കഴിക്കുന്നതിനും മറ്റുമെ തിരായി നടക്കുന്ന കൂട്ടക്കൊലകളും മറ്റുമാണ് വിഷയമായത്. ഈ ഭരണം എങ്ങോട്ടാണ് പോകുന്നത് എന്ന് ഈ ഡോക്യുമെന്ററി കൃത്യമായി തുറന്നു കാട്ടുന്നു.

അതെ കൂട്ടരേ, ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റാനുള്ള പദ്ധതിയുമായി മുന്നോട്ടുപോവുകയാണ് BJP-RSS ഭരണകൂടം. നമ്മൾ എവിടെ നില്ക്കുന്നു എന്നത് പ്രധാനമാണ്. ഇതൊരു ജീവന്മരണ

**നമ്മുടെ കുഞ്ഞുങ്ങളെങ്കിലും മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും അന്തരീക്ഷത്തിൽ ജീവിക്കണമെങ്കിൽ ഇന്ത്യയിലെ രാഷ്ട്രീയത്തിൽ സമൂലമായ മാറ്റങ്ങളുണ്ടായേ തീരു. ഒരു ശക്തമായ പ്രതിപക്ഷം ദേശീയതലത്തിൽ ഉണ്ടായേ തീരൂ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോടോ യാത്ര അതിനൊരു തുടക്കം കുറിക്കുമോ? അതോ അതും ചായക്കോപ്പയിലെ കൊടുങ്കാറ്റായി മാറുമോ?**

ത്തിന്റെ പാതയിലേക്ക് ധൃതഗതിയിൽ വലിച്ചിഴയ്ക്കുകയാണ്.

ഇറ്റലിയിലെ മുസ്സോളിനിയെയും ജർമനിയിലെ ഹിറ്റ്ലറെയും പോലെ വംശഹത്യ മുഖ്യ ആയുധമാക്കിയിട്ടുള്ള ഫാഷിസ്റ്റ് ഭരണകർത്താക്കളുടെ ചുവടുപിടിച്ചുകൊണ്ട് ഇന്ത്യയെ സവർണ ഹിന്ദുത്വ ഭരണത്തിൻ കീഴിലാക്കി മനുസ്മൃതിയുടെ അടിസ്ഥാനത്തിൽ 'ഹിന്ദു'ക്കളെന്നു അധികാരികൾ വിളിക്കുന്നവരൊഴിച്ചു ശേഷമുള്ള എല്ലാവരെയും വോട്ടവകാശമില്ലാത്ത രണ്ടാംകിട പൗരരാക്കണ മെന്ന അജണ്ടയുമായി അടുത്ത തെരഞ്ഞെടുപ്പിലൂടെ അധികാരം പിടിച്ചുപറ്റാൻ ശ്രമിക്കുന്ന മോഡിപ്പോരാട്ടമാണ്. നമ്മുടെ കുഞ്ഞുങ്ങളെങ്കിലും മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ബഹുസ്വരതയുടെയും അന്തരീക്ഷത്തിൽ ജീവിക്കണമെങ്കിൽ ഇന്ത്യയിലെ രാഷ്ട്രീയത്തിൽ സമൂലമായ മാറ്റങ്ങളുണ്ടായേ തീരൂ. ഒരു ശക്തമായ പ്രതിപക്ഷം ദേശീയതലത്തിൽ ഉണ്ടായേ തീരൂ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോടോ യാത്ര അതിനൊരു തുടക്കം കുറിക്കുമോ? അതോ അതും ചായക്കോപ്പയിലെ കൊടുങ്കാറ്റായി മാറുമോ?

ചർച്ചാവിഷയം

# മാനസികാരോഗ്യവും സാമൂഹിക കളങ്കവും - ഒരു വ്യക്തിഗത ആഖ്യാനം



പേര് വെളിപ്പെടുത്താതെ എഴുതാൻ താൽപ്പര്യപ്പെടുന്ന ഒരാളാണ് ഞാൻ. കോളേജിലെ താത്കാലിക അധ്യാപികയാണ്. ബൈപോളാർ ഡിസോർഡറിനു മരുന്ന് കഴിക്കുന്നുണ്ട്. എന്ത് കൊണ്ട് ഞാൻ എന്റെ സ്വത്വം വെളിപ്പെടുത്തുന്നില്ല എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടാവും. സമൂഹം മാനസികരോഗത്തിന് മരുന്ന് കഴിക്കുന്നവർക്ക് തരുന്ന ബഹുമതികൾ ഏറ്റു വാങ്ങാൻ ഉള്ള ശക്തി ഇല്ലാത്തതു കൊണ്ടാണ്.

ജനപ്രിയ സിനിമകൾ ഡിസേബിൾഡ് ആയിട്ടുള്ള ആളുകളെ, പ്രത്യേകിച്ച് മാനസിക രോഗങ്ങൾ ഉള്ള വ്യക്തികളെ, ഒന്നിനും കൊള്ളാത്തവരായും മണ്ടത്തരം പറയുന്നവരായും ക്രിമിനലുകൾ ആയും ഒക്കെയാണ് ചിത്രീകരിക്കുന്നത്. 'നിനക്ക് തലക്ക് സുഖമില്ലേ', 'മന്ദബുദ്ധി', 'പൊട്ടൻ', 'നിനക്ക് തലക്ക് ഓളമുണ്ടോ' എന്ന പ്രയോഗങ്ങൾ ഒക്കെ ഈ സമൂഹത്തിൽ 'നോർമൽ' എന്ന് കരുതപ്പെടുന്ന മനുഷ്യർ മറ്റുള്ളവരെ ഇകഴ്ത്തി സംസാരിക്കാൻ ഉപയോഗിക്കുന്നതാണല്ലോ .മാനസിക രോഗം ഒരു ശാപമല്ലെന്നും അത് തലച്ചോറിലെ രാസവസ്തുക്കളു

ടെ ഏറ്റക്കുറച്ചിലുകൾ കൊണ്ട് ഉണ്ടാകുന്നതാണെന്നും, ശരിയായ ശാസ്ത്രീയ ചികിത്സയിലൂടെ മാനസിക രോഗമുള്ളവർക്ക് സാധാരണ ജീവിതം സാധ്യമാണെന്നും ഉള്ള തിരിച്ചറിവ് സമൂഹത്തിലെ പലർക്കും ഉണ്ടായിട്ടില്ല. മാനസിക രോഗങ്ങൾ ഉള്ളവർ പലരും സമൂഹത്തെ പേടിച്ചു ചികിത്സ തേടുന്നില്ല. ചിലരൊക്കെ അശാസ്ത്രീയമായ മന്ത്രവാദം പോലുള്ള ദുരാചാരങ്ങൾക്ക് മാനസിക രോഗം മാറ്റാൻ സാധിക്കുമെന്ന് വിശ്വസിച്ചു വൃഥാ അത്തരം ചടങ്ങുകളിൽ അഭയം പ്രാപിക്കുന്നു. അത് രോഗം വർധിപ്പിക്കുക മാത്രമേ ചെയ്യാറുള്ളൂ.

മറ്റാരോടും തന്റെ അവസ്ഥ തുറന്നു പറയാൻ കഴിയാതെ എല്ലാം സഹിക്കുന്ന എത്രയോ മാനസിക രോഗങ്ങളുള്ള വ്യക്തികൾ കേരളത്തിൽ ഉണ്ട്. ഒന്നും ചെയ്യാൻ കഴിയാതെ, കിടക്കയിൽ നിന്നും എഴുന്നേൽക്കാൻ പോലും കഴിയാതെ, ജോലിയിൽ ശോഭിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന മാനസിക രോഗമുള്ള വ്യക്തികൾ 'മടിയർ' എന്നും ആരോടും മിണ്ടാൻ തോന്നാത്തത്ര വിഷാദാവസ്ഥയിൽ കഴിയുന്ന ആളുകളെ അഹങ്കാരിയെന്നും ഉള്ള പേരുകൾ ചാർത്തി സമൂഹം ഒറ്റപ്പെടുത്തും. ഒരാൾ ആരോടെങ്കിലും താൻ അനുഭവിക്കുന്ന ഒരു മാനസിക പ്രയാസം തുറന്നു പറഞ്ഞാൽ, 'തിന്നിട്ട് എല്ലിൽ കുത്തുന്നതാണ്. ഈ ലോകത്ത് നിങ്ങളെക്കാൾ പ്രയാസം അനുഭവിക്കുന്നവരുണ്ട്. അവരെക്കുറിച്ചോർക്കൂ. യോഗ ചെയ്യൂ, തമാശ സിനിമകൾ കാണൂ' എന്നൊക്കെയാണ് മിക്ക ആളുകളുടെയും പ്രതികരണം.

**മനസ്സിന്റെ മുറിവുകൾ ദൃശ്യം അല്ലാത്തത് കൊണ്ടാവും സമൂഹത്തിനു പലപ്പോഴും മാനസിക പ്രശ്നങ്ങൾ ഉള്ള വ്യക്തികളെ ഒട്ടും മനസ്സിലാക്കാൻ സാധിക്കാത്തത്. ആത്മഹത്യാ ചിന്തകൾ, ആത്മവിശ്വാസക്കുറവ് എന്നിവയും ചികിത്സ തേടാത്ത മാനസിക രോഗങ്ങളുള്ളവരിൽ കാണപ്പെടാറുണ്ട്.**

മനസ്സിന്റെ മുറിവുകൾ ദൃശ്യം അല്ലാത്തത് കൊണ്ടാവും സമൂഹത്തിനു പലപ്പോഴും മാനസിക പ്രശ്നങ്ങൾ ഉള്ള വ്യക്തികളെ ഒട്ടും മനസ്സിലാക്കാൻ സാധിക്കാത്തത്. ആത്മഹത്യാ ചിന്തകൾ, ആത്മവിശ്വാസക്കുറവ് എന്നിവയും ചികിത്സ തേടാത്ത മാനസിക രോഗങ്ങളുള്ളവരിൽ കാണപ്പെടാറുണ്ട്. സമൂഹം കല്പിച്ച അയിത്തം മാറിയാൽ മാത്രമേ പല ആളുകൾക്കും മാനസിക രോഗങ്ങൾക്ക് ശരിയായ പ്രതിവിധി തേടാനും സമാധാനത്തോടെ ജീവിക്കാനും സാധിക്കുകയുള്ളൂ.





# പഠന വ്യത്യാസങ്ങളുള്ള വിദ്യാർത്ഥികൾക്ക് സമഗ്രമായ വിദ്യാഭ്യാസം

## ട്രാവൻകൂർ നാഷണൽ സ്കൂളിലൂടെ സന്ധ്യ പ്രജിൻ

ഏതൊരു സാധാരണ വീട്ടമ്മയെയും പോലെ കുടുംബം, കുട്ടികൾ, അവരുടെ വിദ്യാഭ്യാസം തുടങ്ങിയ സ്വപ്നങ്ങൾ മാത്രം ഉണ്ടായിരുന്ന ഒരാളായിരുന്നു ഞാൻ. ഭർത്താവ് പ്രജിൻ ബാബുവും രണ്ട് മക്കളും ആയി ഞാൻ ആ സ്വപ്നങ്ങൾക്ക് പിറകെയായിരുന്നു. വിദ്യാഭ്യാസപരമായും സാമൂഹികമായും ഒരുപാട് മുന്നോട്ട് പോയിട്ടുണ്ടെങ്കിലും നമ്മൾ പല കാര്യങ്ങളിലും ഇന്നും പിന്നിലാണ്. പ്രത്യേകിച്ചും നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ എത്തുമ്പോൾ; നമ്മൾ നമ്മുടെ സ്വപ്നങ്ങൾ അവരുടെ മേൽ അടിച്ചേൽപ്പിക്കുന്നു. നമ്മൾ ഇന്നും കുട്ടികൾ എന്താണ് ആഗ്രഹിക്കുന്നത് എന്ന് ചോദിച്ചു മനസ്സിലാക്കാൻ ശ്രമിക്കാറില്ല. നമ്മുടെ നടക്കാത്ത സ്വപ്നങ്ങൾ മക്കളിലൂടെ കാണാൻ നാം ശ്രമിക്കും. അത് കുട്ടികളിൽ ഉണ്ടാക്കുന്ന മാനസികഭാരം വലുതാണ്. അത്തരം എല്ലാ സാമൂഹിക സാഹചര്യങ്ങളും എന്നെയും ന



**സന്ധ്യ പ്രജിൻ**
സ്ഥാപക & എക്സിക്യൂട്ടീവ് ഡയറക്ടർ
ട്രാവൻകൂർ നാഷണൽ സ്കൂൾ, തിരുവനന്തപുരം




യിച്ചിരുന്നു.

മകളുടെ വിദ്യാഭ്യാസം നല്ല രീതിയിൽ മുന്നോട്ട് പോകുമെന്നും അവൾ ഒരു നല്ല നിലയിൽ എത്തും എന്നുള്ള ഉറപ്പും ഇന്ന് എനിക്ക് ഉണ്ട്. അവൾ ഇപ്പോൾ ഹൈദരാബാദിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്നു. പഠിക്കുക, എൻജിനീയറോ ഡോക്ടറോ ആവുക എന്നുള്ള സാധാരണ സ്വപ്നങ്ങൾ ഒന്നും അവളുടെ പഠനകാര്യത്തിൽ സ്വാധീനിച്ചിട്ടില്ല എന്ന് ഇന്ന് ഞാൻ അഭിമാനത്തോടെ പറയും.

മകൻ പിറന്ന് അവന്റെ പഠനം മുന്നോട്ട് പോവുന്ന അവസരത്തിൽ ആണ് എന്റെ സ്വപ്നങ്ങളും സങ്കൽപ്പങ്ങളും മാറിമറിഞ്ഞത് എന്ന് പറയാം. അവനെയും മകൾ പഠിച്ച സ്കൂളിൽ തന്നെയാണ് ചേർത്തിരുന്നത്. അവന്റെ സ്വഭാവത്തിലോ ജീവിതരീതികളിലോ പ്രകടമായ വ്യത്യാസം കണ്ടെത്താൻ ഞങ്ങൾക്ക് കഴിഞ്ഞില്ലായിരുന്നു. അവൻ സംസാരം തുടങ്ങിയത് ഏറെ വൈകിയായിരുന്നു. കുട്ടികളുടെ ജനനം മുതൽ അവരുടെ ഓരോ ഘട്ടവും നമ്മുടെ സ്വപ്നങ്ങൾക്ക് ഊടും പാവും നല്കുന്നതാണല്ലോ. നമ്മുടെ അച്ഛനമ്മമാർ നമ്മെ സമാധാനിപ്പിക്കാൻ വേണ്ടി അതൊക്കെ ശരിയാവും എന്ന മട്ടിൽ നമ്മോട് സംസാരിക്കും. മിക്കവാറും കുട്ടികളിൽ അത് മെല്ലെ സാധാരണ സ്ഥിതിയിലേക്ക് വരാറും ഉണ്ട്. എന്നാൽ ഇന്നത്തെ കാലത്ത്, നമ്മുടെ കുട്ടികൾ താണ്ടേണ്ട ഓരോ ഘട്ടത്തിലും നമ്മുടെ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതുണ്ട് എന്നാണ് എന്റെ അനുഭവം പഠിപ്പിക്കുന്നത്. അത്തരം ശ്രദ്ധ വേണ്ടിവരുന്ന കുട്ടികൾക്ക് അത് കിട്ടാതെ പോവുന്നത് വലിയൊരു സാമൂഹിക വിപത്തായി ഞാൻ കാണുന്നു.

പറഞ്ഞുവന്നത് മകന്റെ കാര്യം ആണ്. അവൻ അവന്റെ സ്കൂളിൽ ഉണ്ടാക്കിയ പല പ്രശ്ങ്ങളും ഉണ്ട്. അവൻ എന്തെങ്കിലും മുറിവോ വീഴ്ചയോ ഉണ്ടായാൽ അതിനോട് പ്രതികരിക്കാറില്ലായിരുന്നു. അത്തരം പല സ്വഭാവ വ്യതിയാനങ്ങളുമാണ് അ




വൻ കൂടുതൽ ശ്രദ്ധ വേണ്ട ഒരു കുട്ടിയാണ് എന്നൊരു ചിന്ത എന്നിൽ വളർത്തിയത്. അവനെ പഠിപ്പിച്ച അധ്യാപകർക്ക് ഇതുപോലുള്ള എന്തെങ്കിലും വ്യത്യസ്തതകൾ ഉള്ള കുട്ടികളെ ശ്രദ്ധിക്കാനോ

അവ തിരിച്ചറിഞ്ഞ് വേണ്ട സഹായമോ ഉപദേശമോ കൊടുക്കാനോ അറിയില്ലായിരുന്നു എന്നത് എന്റെ അനുഭവം എന്നെ പഠിപ്പിച്ചു. അവൻ പഠന കാര്യത്തിൽ പിന്നോക്കം പോയപ്പോൾ ആണ് എന്റെ മനസ്സിൽ വ്യാകുലത നിറഞ്ഞത്. ഒരു ദയയും ഇല്ലാതെ എന്റെ മകനെ ഇനി തുടർന്ന് സ്കൂളിൽ പഠിപ്പിക്കാൻ പറ്റില്ല എന്ന് സ്കൂൾ അധികാരികൾ തുറന്നു പറഞ്ഞപ്പോൾ ആണ് ഞാൻ എന്റെ സ്വപ്നങ്ങളോട് കലഹിക്കാൻ തീരുമാനിച്ചത്.

ഒരു സ്പെഷ്യൽ സ്കൂൾ എന്ന ആശയം മനസ്സിൽ വന്നപ്പോൾ, തേജസ്സിന്റെ അമ്മ എന്ന അനുഭവയോഗ്യത മാത്രമായിരുന്നു എന്റെ കൈമുതൽ. അത്തരം അനുഭവങ്ങൾ തന്നെയാണ് ഇത്തരം കുട്ടികളെ പരിചരിക്കാൻ ആദ്യം വേണ്ടത് എന്ന് ഞാൻ അന്നും ഇന്നും വിശ്വസിക്കുന്നു. സ്കൂൾ തുടങ്ങാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിലും അതിലേക്കുള്ള ആളുകളുടെ കാര്യത്തിലും ഞാൻ



വളരെ ഊർജ്ജസ്വലനായ എന്റെ മകൻ മുന്നോട്ട് വളർന്ന് ഉയരങ്ങളിൽ എത്തേണ്ടവൻ തന്നെയാണ് എന്ന ഉത്തമബോധ്യം എനിക്ക് നന്നായി ഉണ്ടായിരുന്നു. അവന്റെ പഠനം എന്റെ മുന്നിൽ ഒരു ചോദ്യചിഹ്നം ആയി മാറിയപ്പോൾ ഞാൻ എന്റെ മകനെപ്പോലെയുള്ള കുട്ടികളെ ശാസ്ത്രീയമായി പഠിപ്പിക്കാൻ പറ്റുന്ന സ്ഥാപനങ്ങൾ തിരഞ്ഞു. പക്ഷെ, എനിക്ക് ഒരു സ്കൂൾ പോലും കണ്ടെത്താൻ പറ്റിയില്ല. സർക്കാർ സ്കൂളുകളിൽ പ്രവേശനം കിട്ടും എങ്കിലും അവിടുത്തെ അധ്യാപനരീതികൾ എത്രത്തോളം പര്യാപ്തമാണ് എന്നൊരു ആശങ്ക എന്നെ അസ്വസ്ഥയാക്കി. അങ്ങിനെയാണ് ഇത്തരം കുട്ടികൾക്കുവേണ്ടി ഒരു വിദ്യാലയം എന്നൊരു ആശയം എന്റെ മനസ്സിൽ വരുന്നത്.

ഒരുപാട് കാലം എന്റെ മനസ്സ് അർപ്പിച്ചു. എന്റെ ഭർത്താവിന്റെയും മക്കളുടെയും സുഹൃത്തുക്കളുടെയും കൃത്യമായ പിന്തുണ എനിക്ക് ആവേശം പകർന്നു. അങ്ങനെ തിരുവനന്തപുരത്തു ഐ എം എ യുടെ സഹായത്തോടെ 2014ൽ ഐ എം എ യുടെ വഞ്ചിയൂരിൽ ഉള്ള ഹാളിൽ ആറ് കുട്ടികൾക്ക് ആശ്രയം ആയാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. അവരുടെ ഹാൾ തന്നെയായിരുന്നു ക്ലാസ്സ് മുറിയും കളിസ്ഥലവും എല്ലാം. പിന്നെ മരുതംകുഴിയിലുള്ള ഒരു വാടകക്കെട്ടിടത്തിലേക്ക് മാറി. ഇപ്പോൾ വട്ടവിളയിൽ ആണ് സ്കൂൾ പ്രവർത്തിക്കുന്നത്.

കുറച്ച് നിസ്വാർത്ഥരായ അമ്മമാരും അധ്യാപകരും ഞങ്ങളുടെ കൂടെ കൂടി. തുടർന്ന് സ്കൂളി

ന്റെ കാര്യശേഷി വർധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ചെന്നൈ ആസ്ഥാനമായിട്ടുള്ള എം ഡി എ എന്ന ഒരു സംഘടനയുമായി ഞങ്ങൾ ബന്ധപ്പെട്ടു. അവരുടെ പിന്തുണയോടെ ഇപ്പോൾ എല്ലാ വർഷവും അധ്യാപകർക്ക് പരിശീലനം കൊടുക്കുന്നു. കൂടാതെ ചെന്നൈയിൽ ഉള്ള കൽവി ഫൌണ്ടേഷൻ എന്ന ഒരു ഗ്രൂപ്പും ഞങ്ങളെ ഈ ഒരു കാര്യത്തിൽ ഒരുപാട് സഹായിക്കുന്നുണ്ട്. അതിന്റെ ഫലമായി ഞങ്ങൾക്ക് വളരെ കൃത്യമായി കുട്ടികളെ



പരിശീലിപ്പിക്കാൻ മനസ്സുള്ള കുറച്ചാളുകളെ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞു. അവർ കുഞ്ഞുങ്ങളെ സ്വന്തം മക്കളെപ്പോലെ പരിശീലിപ്പിക്കുന്നു. ഇടയ്ക്കുള്ള ട്രെയിനിങ് പരിപാടികളും മറ്റും ഞങ്ങളുടെ സഹപ്രവർത്തകർക്ക് കാര്യങ്ങൾ കൂടുതൽ വ്യക്തമാവാൻ സഹായിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആർ സി എ എന്ന ഒരു സ്ഥാപനം സ്വഭാവ വ്യത്യസ്തതകൾ ഉള്ള കുട്ടികളുടെ പരിപാലനത്തിന് പ്രത്യേക കോഴ്സുകൾ കൊടുക്കുകയും അത് യോഗ്യതയായി കണക്കാക്കുകയും ചെയ്യുന്നുണ്ട്. എന്തൊക്കെ യോഗ്യതകൾ ഉണ്ടായാലും, നമ്മുടെ സ്വന്തം കുട്ടിയാണ് എന്നൊരു ചിന്ത മനസ്സിൽ ഉണ്ടെങ്കിലേ ആർക്കും എന്റെ മകനെപ്പോലെയുള്ള കുട്ടികളെ പരിചരിക്കാൻ പറ്റൂ എന്നത് ഒരു യാഥാർത്ഥ്യമാണ്.

ഇത്തരം കുഞ്ഞുങ്ങൾക്ക് വളരെ സമഗ്രമായ ഒരു വിദ്യാഭ്യാസ രീതിയാണ് വേണ്ടത്. അതുകൊണ്ടു തന്നെ ഞങ്ങൾ യോഗ, കരാട്ടെ, മാനസിക വ്യായാമം, സംസാരവൈകല്യം മാറ്റാനുള്ള വ്യായാമങ്ങൾ, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, മനഃശാസ്ത്ര സഹായം, ഫിസിയോ തെറാപ്പി, ആർട്ട് തെറാപ്പി തുടങ്ങിയവ കൃത്യമായി നടത്തിക്കൊണ്ടിരിക്കുന്നു. ഒരു മനഃശാസ്ത്ര വിദഗ്ധന്റെ സേവനം നിത്യവും നമ്മുടെ സ്കൂളിൽ ഉണ്ട്. കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗും കൊടുക്കുന്നുണ്ട്. പല കുട്ടികളും വ്യത്യസ്തമായ പരിപാലന രീതിയാണ് അർഹിക്കുന്നത്. അത് മനസിലാക്കി നമ്മൾ അവരെ പ്രത്യേകമായി ശ്രദ്ധിക്കുന്നു. ഇതെല്ലാം ഞങ്ങളുടെ അധ്യാപകരുടെ ആത്മാർത്ഥതയാണ് കാണിക്കുന്നത്.

ഇത്രയും വർഷങ്ങൾ പിന്നിടുമ്പോൾ ഇതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലും ആയതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു. ഞങ്ങളുടെ കൂടെ വളർന്ന കുട്ടികൾ ഇന്ന് തിരുവനന്തപുരത്തെ പല കോളേജുകളിലും മെച്ചപ്പെട്ട പഠനരീതികളിലൂടെ അവരുടെ സ്വപ്നങ്ങളിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു എന്നത് ഏറെ ചാരിതാർഥ്യജനകമായ കാര്യമാണ്. സ്കൂളിലെ ഏത് പരിപാടിക്കും ഇവിടെ നിന്നും പോയ കുട്ടികൾ സഹകരിക്കുന്ന കാഴ്ച ഞങ്ങൾക്ക് ഇത്തരം ഒരു സംരംഭം എന്തുകൊണ്ടും ആവശ്യ



മാണ് എന്നൊരു സന്തോഷം ഉണ്ടാക്കാറുണ്ട്. അവർ ഇന്ന് സമൂഹത്തിൽ അനല്പമായ സ്ഥാനം വഹിക്കുന്നു. അവരുടെ കഴിവുകൾ കണ്ടെത്തി പ്രകടിപ്പിക്കാൻ അവർക്കു അവസരങ്ങൾ നല്കാൻ ഞങ്ങൾക്ക് കഴിഞ്ഞതിന്റെ ഫലമാണ് ഇതൊക്കെയെന്ന് വിശ്വസിക്കാൻ ആണ് ഞങ്ങൾക്ക് ഇഷ്ടം.

ഒമ്പതാം ക്ലാസു വരെ ഞങ്ങൾക്ക് ഞങ്ങളുടേതായ സിലബസ്സാണ് ഉള്ളത്. അതിനു ശേഷം നമ്മളിവിടെ എൻ ഐ ഒ എസ് സിലബസ്സാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വൊക്കേഷനൽ പരിശീലനത്തിന്റെ ഭാഗമായി ഞങ്ങൾ എടുത്തിരിക്കുന്നത് സി-ഡിറ്റിന്റെ കോഴ്സാണ്. അവരുടെ ഡി സി എ

തുകൊടുക്കാൻ ഉള്ള സംവിധാനം ഇന്ന് നിലവിൽ ഇല്ല. ഇങ്ങനെയുള്ള കുട്ടികളെ ഇത്തരം ഓഫീസുകളിലേക്ക് കൊണ്ടുപോവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ആർ. പി. ഡബ്ലിയൂ. ഡി ആക്ട് പ്രകാരം ഈ കുട്ടികൾക്കെല്ലാം സർക്കാരിന്റെ പ്രത്യേക പരിഗണന കിട്ടുന്നു. അവർക്കു കിട്ടുന്ന യു ഡി ഐ ഡി കാർഡ് കൊണ്ട് ജോലിയ്ക്കും വിദ്യാഭ്യാസത്തിനും മറ്റുള്ള കാര്യങ്ങൾക്കും സംവരണം ഉണ്ട്. അതൊക്കെ അനധികൃതമായി നേടിയെടുക്കുന്ന ആളുകളുടെ എണ്ണം കൂടിവരുന്നു എന്ന ആശങ്ക ഇവിടെ പങ്കുവെയ്ക്കട്ടെ. ഇങ്ങനെയുള്ള സാമൂഹ്യ



എന്ന കോഴ്സ് കുട്ടികൾക്ക് നല്ല രീതിയിൽ ഉപകരിക്കുന്ന ഒന്നാണ്. ഉദാഹരണത്തിന് അവർക്ക് പി എസ് സി എഴുതണം എങ്കിൽ ഡി സി എ നിർബന്ധം ആണ്.

ഇവിടെയുള്ള കുഞ്ഞുങ്ങൾക്ക് നിരവധി സ്കോളര്ഷിപ്പുകൾക്കും ഫെല്ലോഷിപ്പുകൾക്കും അവസരം ഉണ്ട്. അതിലേക്ക് അവരെ കൊണ്ടുപോവാനും, അവർക്ക് അത് നേടിക്കൊടുക്കാനും ഉള്ള ഒരു ഏകജാലക  സംവിധാനം സംവിധാനം അത്യാവശ്യം ആണെന്ന് തോന്നുന്നു. ഓൺലൈൻ വഴി അവർക്ക് അപേക്ഷിക്കാൻ ഉള്ള സൗകര്യങ്ങൾ ചെയ്

സംസ്കരണത്തിനുള്ള കാര്യങ്ങൾ കൃത്യമായ കരങ്ങളിൽ എത്തുന്നു എന്ന് ഉറപ്പാക്കുന്നതിന് സർക്കാർതല ശ്രദ്ധ കൂടുതൽ കാര്യക്ഷമമാക്കാൻ അധികാരികൾ ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ കാരണം അർഹരായ കുട്ടികൾക്ക് ഡുഉകഉ കാർഡും ഡിസബിലിറ്റി സർട്ടിഫിക്കറ്റും കിട്ടാതെ പോവുന്നുണ്ട് എന്നത് വർത്തമാനകാല യാഥാർഥ്യമാണ്.

ഇന്ന് എന്റെ മോൻ ഞങ്ങളുടെ സ്കൂളിൽ പതിനൊന്നാം ക്ലാസിൽ ആണ് പഠിക്കുന്നത്. സ്കൂളിന്റെ ചെയർമാൻ കൂടിയായ എന്റെ ഭർത്താവ്

പ്രജിൻബാബു ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും മാർഗദർശിയായി കൂടെ നിൽക്കുന്നു. കൂടാതെ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള രാഷ്ട്രീയ കലാ-സാഹിത്യ-സാംസ്കാരിക നേതാക്കളും പ്രവർത്തകരും ഞങ്ങളുടെ സ്കൂളുമായി പ്രത്യക്ഷമായും പരോക്ഷമായും സഹകരിക്കുന്നു. അവരോടൊക്കെയുള്ള നന്ദി പറയാൻ എനിക്ക് വാക്കുകൾ കിട്ടാറില്ല. കാരണം, അവരൊക്കെ ഞങ്ങളുമായി സഹകരിക്കുന്നത് ഈ ഒരു സംരഭത്തോടുള്ള വൈകാരികമായ അടുപ്പംകൊണ്ടാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പണ്ടൊക്കെ പതിനായിരത്തിൽ ഒന്ന് എന്ന നിലയിൽ ആയിരുന്നു ഓട്ടിസം പോലുള്ള അവസ്ഥയുള്ള കുട്ടികളുടെ എണ്ണം. ഇന്ന് അമ്പത്തിയാറ് കുട്ടികൾ ജനിക്കുമ്പോൾ ഒരു കുട്ടി ഓട്ടിസം എന്ന അവസ്ഥയുമായി ജനിക്കുന്നു എന്ന യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. ഓട്ടിസം കൃത്യമായ ഒരു ചികിത്സാമാർഗമോ മരുന്നോ കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു അസുഖം എന്നതിലുപരി ഒരു അവസ്ഥ എന്ന ചിന്തയിലേക്ക് നമ്മുടെ സമൂഹം പതിയെ എത്തിച്ചേരുന്നു എന്നതുകൂടി ഇവരുടെയെല്ലാം സഹകരണത്തിലൂടെ വായിച്ചെടുക്കാൻ പറ്റും എന്ന് തോന്നുന്നു. ഇത്തരം വ്യത്യസ്തതകൾ ഉള്ള കുട്ടികളുടെ രക്ഷിതാക്കൾ ഒരു തരത്തിലും മാനസികമായി തളരാൻ പാടില്ല എന്നൊരു സന്ദേശം നൽകാൻ ഞാൻ ഈ ഒരു അവസരം പ്രയോജനപ്പെടുത്തുകയാണ്.



ഇത്രയും പറഞ്ഞതിൽ നിന്ന് എനിക്ക് സമൂഹത്തിനോട് ചിലത് പ്രത്യേകമായി ചൂണ്ടിക്കാട്ടാൻ ഉണ്ട്. നമ്മുടെ കുട്ടികൾ ജനിച്ചതിനു ശേഷം കമഴ്ന്നു കിടക്കുക, നീന്തുക, മുട്ടിൽ നടക്കുക തുടങ്ങിയ ഓരോ നാഴികക്കല്ലും പിന്തുടരുന്നതിൽ എന്തെങ്കിലും തടസ്സം തോന്നുന്നു എങ്കിൽ, വെറുതെ ആ കുട്ടിയെ 'ശരിയായിക്കോളും' എന്ന വാക്കിന്റെ ബലത്തിൽ കുരുതി കൊടുക്കാൻ പാടില്ല. നല്ലൊരു ഡോക്ടറുടെ അടുത്ത് പോയി, കൃത്യമായി പരിശോധിച്ച് പ്രശ്നങ്ങൾ ഒന്നും ഇല്ലെന്ന് ഉറപ്പിക്കണം. എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ, അതിൽ വിഷമിച്ച് ഇരിക്കാതെ കുട്ടിക്ക് കൃത്യമായ പരിപാലനം ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കാൻ തയ്യാറാവണം. തന്റെ കുട്ടി ഒരു സ്പെഷ്യൽ സ്കൂളിൽ ആണ് പഠിക്കുന്നത് എന്ന് പറയാൻ ഉള്ള രക്ഷിതാക്കളുടെ മടിയോ നാണക്കേടോ കൊണ്ടെത്തിക്കുക വലിയൊരു സാമൂഹ്യദുരന്തത്തിലേക്കായിരിക്കും. ഒരു രീതിയിലും കുട്ടിയിൽ അൽപ്പം പോലും കുറ്റബോധമോ വിഷമമോ ഉണ്ടാക്കാതെ വളരെ പക്വതയോടെ കൈകാര്യം ചെയ്യണം. അല്ലെങ്കിൽ കുഞ്ഞ് മെല്ലെ ഒരു സാമൂഹ്യദ്രോഹിയുടെ അവസ്ഥയിലേക്ക് പോവും. നമ്മുടെ കുടുംബങ്ങളിൽ ഇതെല്ലാം അമ്മമാരുടെ ഉത്തരവാദിത്തം ആക്കി കൈകഴുകുന്ന അച്ഛൻമാരെയാണ് സാധാരണയായി കണ്ടുവരുന്നത്. ആ പ്രവണത മാറ്റി, കൂട്ടുത്തരവാദിത്തത്തോടെ കുട്ടിയെ ചേർത്തുനിർത്തി മുന്നോട്ടുള്ള ജീവിതത്തിന് നല്ലൊരു പാത വെട്ടിക്കൊടുക്കണം എന്നുള്ള ഒരു നിർദ്ദേശം വെയ്ക്കുന്നു.

*തയ്യാറാക്കിയത് നിഷാന്ത്*



പ്രിയ മാത്യു
വികസന പഠനം ഒന്നാംവർഷ
ബിരുദാനന്തര ബിരുദ വിദ്യാർത്ഥി
തുഞ്ചത്തെഴുത്തച്ഛൻ
മലയാള സർവകലാശാല
തിരൂർ

# ഡിസബിലിറ്റിയുടെയും ജാതിയുടെയും സഹവർത്തിത്വം മൂലമുണ്ടാകുന്ന അസമത്വങ്ങൾ - ഒരു ചെറുനിരീക്ഷണം



Source: Oxfam India

കേരളം എല്ലാ മേഖലകളിലും ഒന്നാമത് ആണെന്ന് പറയാറുണ്ട്. ജാതി വിവേചനത്തിന്റെ കാര്യത്തിലും കേരളം ഒന്നാം സ്ഥാനത്തു തന്നെയാണ് എന്ന് പറയേണ്ടി വരും. മാധ്യമങ്ങളിൽ ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ജാതി വിവേചനം മുതൽ പൊതുസമൂഹത്തിനു മുന്നിൽ എത്തിപ്പെടാത്തതായ അനവധി ജാതി വിവേചനങ്ങൾ നമുക്കിടയിൽ സംഭവിക്കുന്നുണ്ട്. പൊതു ഇടങ്ങളിൽ ജാതീയമായ വിവേചനങ്ങൾ നിർബാധം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ജാതീയമായി പീഡനങ്ങളും അവഗണകളും നേരിടുന്നവരും ജാതീയമായ വേർതിരിവുകൾ ഉണ്ടാക്കുന്നവരും ഒന്നിച്ച് ഒരേ സ്വരത്തിൽ ജാതിവിവേചനത്തെ റദ്ദ് ചെയ്യുന്ന വിധത്തിൽ സംസാരിക്കും. 'ഹേ ജാതി വിവേചനമോ! അതെന്ത്? അത് പണ്ടല്ലായിരുന്നോ?' എന്നിങ്ങനെ ചിലർ പറയാറുണ്ട്. എന്നാൽ അത്തരം ആളുകൾ തന്നെ നിറത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിൽ വേർതിരിവുകളോടെ മറ്റുള്ളവരോട് ഇടപെടുന്നുമുണ്ടാകും.

ഇതിൽ നിന്നും വ്യത്യസ്തമായ രീതികളിലൂടെയാണ് ഡിസബിലിറ്റികൾ ഉള്ള വ്യക്തികൾക്ക് സാമൂഹിക അസമത്വങ്ങൾ നേരിടേണ്ടി വരുന്നത്. സമൂഹത്തിൽ നിന്നും, സ്വന്തം കുടുംബത്തിൽ നിന്നും, പീഡനങ്ങളും അവഗണനകളും വേർതിരിവുകളും അവർ അനുഭവിക്കുന്നുണ്ട്. ഡിസബിലിറ്റികൾ ഉള്ളതിന്റെ അടിസ്ഥാനത്തിൽ നേരിടേണ്ടി വരുന്ന അവഗണനകൾക്കൊപ്പം ജാതീയമായ അസമത്വങ്ങളും നേരിടുന്നവർ ഡിസേബിൾഡ് ജനവിഭാഗങ്ങൾക്കിടയിൽ ഉണ്ട്.

നാൽക്കവലകളിലും സാമൂഹ്യ മാധ്യമങ്ങളിലും എല്ലാത്തരത്തിലും ഉള്ള അസമത്വങ്ങൾക്കെതിരെ വായ്ത്താളമടിക്കുന്ന പല കപട പുരോഗമനവാദികളും വ്യക്തിജീവിതത്തിൽ വിപരീതമായിട്ടാകും പ്രവർത്തിക്കുക. ഡിസേബിൾഡ് വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചു പറയുകയും അതെ സമയം സ്വന്തം കുടുംബത്തിൽ ഡിസബിലിറ്റിയുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവരെയും അവരുടെ കുടുംബത്തെയും മാറ്റിനിർത്തുന്ന, കപടത നിറഞ്ഞ മനസ്സുള്ള, പലരെയും ഞാൻ കണ്ടിട്ടുണ്ട്. ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർക്കെതിരെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് 2016 അനുശാസിക്കുന്ന ശിക്ഷ പത്തുവർഷം തടവും പിഴയുമാണ്. എന്നാൽ ഈയൊരു കാര്യം പലരും മറന്നു പോകുന്നു. അതുപോലെ നാലു ശതമാനം സംവരണം ഡിസബിലിറ്റികൾ ഉള്ള വ്യക്തികൾക്ക് അവകാശപ്പെട്ടതാണ് എന്നുള്ള കാര്യവും ചിലയിടങ്ങളിൽ ബോധപൂർവ്വം വിസ്മരിക്കപ്പെടുകയും മറച്ചു വെക്കപ്പെടുകയും ചെയ്യുന്നു. വൈകല്യങ്ങൾ ഉള്ള വ്യക്തികൾ ജാതീയമായ വിവേചനങ്ങൾ അനുഭവിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ അനുഭവിക്കുന്നുണ്ട് എന്നു തന്നെ പറയാം. എന്നാൽ അത് ജാതി വിവേചനമാണെന്ന് മനസ്സിലാക്കാനുള്ള ബോധ്യം അവരിൽ പലരിലും ഉളവായി വരുന്നില്ല എന്നതാണ് വസ്തുത. ഇങ്ങനെ ഒരു സാഹചര്യം ഉടലെടുക്കാൻ ഒരു പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതതയാണ്. ഡിസബിലിറ്റികൾ ഉള്ള നൂറു വ്യക്തികളിൽ ഏകദേശം 20% ശതമാനം ആളുകൾ മാത്രമേ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുണ്ടാകുകയുള്ളു. ബാക്കി 80% വ്യക്തികൾക്ക് പ്രൈമറി വിദ്യാഭ്യാസം എങ്ങനെയെങ്കിലും പൂർത്തിയാക്കി വീടുകളിലെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങേണ്ടി വരുന്നു. അവരിൽ പലരും സമൂഹത്തിൻറെ അരികുകളിലേക്ക് തഴയപ്പെടുന്ന ഒരു സാമൂഹിക സാഹചര്യം വ്യക്തമാണ്. അവരിൽ ആത്മവിശ്വാസം പകർന്നു നൽകാൻ സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും അവസരോചിതമായ ഇടപെടൽ വളരെ അത്യാവശ്യമാണ്. അങ്ങനെ മാത്രമേ ഡിസബിലിറ്റികൾ ഉള്ള വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ കഴിയുകയുള്ളൂ. അതിനായി ആവശ്യാനുസരണം പുതിയ നിയമനിർമ്മാണങ്ങൾ നടത്തി ഡിസബിലിറ്റി അവകാശങ്ങൾ സംരക്ഷിക്കുവാൻ സർക്കാരുകൾ തയ്യാറാവുകയാണ് വേണ്ടത്.

> **“ വൈകല്യങ്ങൾ ഉള്ള വ്യക്തികൾ ജാതീയമായ വിവേചനങ്ങൾ അനുഭവിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ അനുഭവിക്കുന്നുണ്ട് എന്നു തന്നെ പറയാം. എന്നാൽ അത് ജാതി വിവേചനമാണെന്ന് മനസ്സിലാക്കാനുള്ള ബോധ്യം അവരിൽ പലരിലും ഉളവായി വരുന്നില്ല എന്നതാണ് വസ്തുത. ഇങ്ങനെ ഒരു സാഹചര്യം ഉടലെടുക്കാൻ ഒരു പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതതയാണ്.**

ചർച്ചാവിഷയം/കവിത (QR Code സ്കാൻ ചെയ്തു കേൾക്കുക)




## നിൻസി മറിയം മോണ്ട്‌ലി

കൗൺസിലിംഗ് സൈക്കോളജിസ്റ്റ്,
പാരാപ്ലീജിക് ആർട്ടിസ്റ്റ്






ചർച്ചാവിഷയം/കവിത

ഡോ. ഫാത്തിമ അസ്‌ല
ബി.എച്ച്.എം.എസ്.

# എന്റെ മരണക്കുറിപ്പ്

എന്റെ മരണ കുറിപ്പിൽ
നിറയെ ചിത്രങ്ങളുണ്ടാവും..

ഒരു കയ്യില് ബാഗും
മറ്റേ കയ്യിൽ ഒരു
കുഞ്ഞിനേയുമേന്തി നടക്കുന്ന ഒരമ്മ..

വേദന കൊണ്ട് ഞെട്ടി
എഴുന്നേൽക്കുന്ന കുഞ്ഞിനെ തലോടിയുറക്കാൻ
ഉറക്കമൊഴിഞ്ഞ
കണ്ണുകളുമായി
കാത്തിരിക്കുന്ന ഒരപ്പൻ..

മഞ്ചാടി പെറുക്കിയെടുത്ത
മൂലയിലിരിക്കുന്ന
കുഞ്ഞിനരികിലേക്ക് ഓടുന്ന കൂടപ്പിറപ്പുകൾ..

കയ്യൊടിയാതെ,
കാലൊടിയാതെ
ചേർത്ത് നിർത്തിയ
കുറേ ചിരികൾ...

ജീവനാണന്ന് കരഞ്ഞു
കാലു പിടിച്ചിട്ടും
ഇറങ്ങിയ പോയ കാമുകൻ..

കയ്യില് ആകാശവും
നെഞ്ചില് സ്നേഹവും
നിറച്ച മറ്റൊരുത്തൻ...

ചെവികൾ കൊട്ടിയടച്ചിട്ടും
കുറ്റപ്പെടുത്തിയ
മുഖമില്ലാത്ത മനുഷ്യർ..

തിണർത്ത പാടുകളും
കരഞ്ഞു കലങ്ങിയ
കണ്ണുകലുമുള്ള ഒരു പെൺകുട്ടി..

കാണാത്ത ആകാശങ്ങൾ,
വായിക്കാതെ പുസ്തകങ്ങൾ,
എഴുതി പൂർത്തിയാക്കാത്ത കഥകൾ..
മണികുലുക്കിയോടുന്ന
ഒരു പൂച്ച കുഞ്ഞ്..

നോക്കൂ,
ആ കുറിപ്പ് നിങ്ങളുടെ
ഹൃദയം തൊടും..
കണ്ണുകൾ നിറഞ്ഞെന്നും വരാം..
ഇത്രയും കഥകൾ
ബാക്കി വെച്ച് പോയൊരുവളെ കുറ്റപ്പെടുത്തിയേക്കാം..
പക്ഷെ,
നിങ്ങളിൽ ചിലരൊഴിച്ചു
ഈ ചിത്രങ്ങൾ പൂരിപ്പിക്കാനോ
കാരണം കണ്ടെത്താനോ ഇടയില്ല..
കുറേ കാലം
കഥകളായി ഞാൻ പിന്നെയും
ജീവിക്കും..
ഒടുവിൽ,
കഥകള് നിലക്കും..
നിങ്ങളെന്നെയും മറക്കും..



വാസ്തവം



ഡോ.ജാൻസി ജോസ്

# ജീവിതമായിരിക്കണം സിനിമ



പുതിയ കാലത്ത് ശരീരത്തെക്കുറിച്ചുള്ള കാഴ്ചയും കാഴ്ചപ്പാടും മാറിയായിട്ടുണ്ടന്നുള്ളതു തർക്കമില്ലാത്ത കാര്യമാണ്. നമ്മുടെ ജീവിതത്തിന്റെ നേർ പ്രതിഫലനം സിനിമയിൽ കാണാമെന്നിരിക്കെ സിനിമയിൽ കാണുന്നതൊന്നും നാം ഉൾക്കൊള്ളുന്നില്ല എന്നതും ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.മേനിയുടെ നഗ്നതയിൽ ഒരു കാര്യജീവിതത്തിലാണ്. നമ്മെ പറഞ്ഞു പഠിപ്പിച്ച ധാരാളം സിനിമകൾ ഇവിടെ ഉണ്ടായിട്ടുണ്ട്. വിദേശ സിനിമകളും ഇന്ത്യൻ സിനിമകളും മലയാളസിനിമകളും ശരീരബോധത്തിൽ മൂന്നു തട്ടിലാണ് നിൽക്കുന്നതെന്ന് മനസ്സിലാക്കുവാൻ വലിയ വിഷമമൊന്നുമില്ല.പൂർണ്ണ നഗ്നയായ ഒരു സ്ത്രീയെ ഈ മൂന്നു സിനിമകളിലും കാണിക്കുന്നതു മൂന്നുതരത്തിലാണ്.അതു നമ്മൾ മലയാളികൾ കാണുന്നതും ഉൾക്കൊള്ളുന്നതും മൂന്നുതരത്തിലുമാണ്.സിനിമയിലെ നായകൻ നായികയെ കാണുന്നതിലും വ്യത്യാസമുണ്ട് ട്ടോ.മലയാള തമിഴ് നായകന്മാർ മുഴുവൻ ഡ്രസ്സോടെയും നായികയെ കാണുമ്പോഴും അവരുടെ നോട്ടം നായികയുടെ ആകാരവവടിവിലായിരിക്കും.ദീപിക പതാൻ ചെയ്തപ്പോൾ അതു കാണുന്നവരൊന്നും അവരുടെ വസ്ത്രത്തിലെക്കു നോക്കില്ല എന്നു കരുതാനാണെനിക്കിഷ്ടം. വസ്ത്രത്തിനകത്തെക്കും. വസ്ത്രം നമുക്കാവശ്യത്തിനു ധരിക്കാനുള്ളതാണ്.മറ്റുള്ളവരുടെയ ബോധത്ത്തിനനുസരിച്ചു ധരിക്കാനുള്ളതല്ല. സിനിമാലോകതുമാത്രമാണ് വസ്ത്രാധാരണത്തിനും വിവാഹത്തിനും വിവാഹമോചനത്തിനും സ്വന്തം തീരുമാനമെടുക്കുന്ന പെണ്ണുങ്ങളെ കാണാൻ കിട്ടുകയുള്ളൂ. കാര്യങ്ങൾ സ്വയം തീരുമാനിക്കാൻ കഴിയുന്ന പെണ്ണുങ്ങളുടെ നാടാണ് ഇന്നെന്റെ സ്വപ്നം. അതും സിനിമയിൽ മാത്രമായൊതുങ്ങുമോ ആവോ! പക്ഷെ ഒരുകാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. സിനിമയല്ല ജീവിതം. ജീവിതമായിരിക്കണം സിനിമ. അപ്പോൾ ആദ്യം പകർത്തേണ്ടത് ജീവിതത്തിലാണ്.



# എഴുത്ത് ജീവിതം : സ്ത്രീപക്ഷം

**മാനസിയുമായി മായ എസ്. നടത്തുന്ന അഭിമുഖസംഭാഷണം**

മാനസി / മായ എസ്.



**മായ എസ്.**
അദ്ധ്യാപിക, ഫിലോസഫി വിഭാഗം,
ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ

സ്ത്രീകളുടെ ദുരവസ്ഥകളും അതിജീവനശ്രമങ്ങളും മലയാളത്തിൽ ശക്തമായ ഭാഷയിൽ എഴുതിയ ആദ്യകാല എഴുത്തുകാരികളിൽ ഒരാളാണ് മാനസി. 1992 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച മഞ്ഞിലെ പക്ഷി എന്ന കഥാസമാഹാരം അടക്കം പല സാഹിത്യ കൃതികൾ രചിച്ചു . 2019 ൽ അവസാനമില്ലാത്ത യാത്രകൾ എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനസമാഹാരത്തിൽ, ജീവിക്കുന്ന ഉദാഹരണങ്ങളായി ശക്തകളായ സ്ത്രീകളുടെ അതിജീവന പ്രവർത്തനങ്ങൾ മഹാരാഷ്ട്ര കേന്ദ്രമായുള്ള ഇന്ത്യൻ വ്യക്തിത്വങ്ങളിലൂടെ എടുത്തു കാണിക്കുന്നു. 1970 നു മുന്പായിത്തന്നെ കഥയെഴുത്തിനു തുടക്കം കുറിച്ച മനസിയുമായുള്ള ഈ അഭിമുഖസംഭാഷണത്തിലൂടെ, കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ ജീവിത പ്രതിബന്ധങ്ങൾ എങ്ങനെ എഴുത്തിലൂടെ ചിത്രീകരിക്കുന്നു, എഴുത്തിലും ജീവിതത്തിലും സ്ത്രീയനുഭവിക്കുന്നതെന്ത്, തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

*മായ :- മാനസി എന്നത് ഒരു എഴുത്തുകാരിക്കുണ്ടാകാവുന്ന നല്ലൊരു പേരായി തോന്നിയിട്ടുണ്ട്.. ഇത് തൂലിക നാമമായി തിരഞ്ഞെടുക്കാൻ ഇടയായതെങ്ങനെയാണ്?*

മാനസി :- ഇത് ഞാൻ തിരഞ്ഞെടുത്ത ഒരു പേരല്ല വാസ്തവത്തിൽ. എന്റെ വീട്ടിൽ എല്ലാവരും വിളിക്കുന്ന പേരാണ് മാനസി.

*മായ :- പേരിനു യാതൊരു പ്രാധാന്യവുമില്ല എന്ന തത്വചിന്തകൾ തോന്നുമ്പോഴും പലപ്പോഴും പേര് ഇഷ്ടപ്പെട്ടതാകുക, അത് തിരഞ്ഞെടുക്കാൻ കഴിയുക എന്നതൊക്കെ പ്രധാനമാണ് എന്നും തോന്നാറുണ്ട് ചിലപ്പോൾ. എഴുത്തുകാരി എന്ന നിലക്ക് എപ്പോഴാണ് മാനസി എന്ന് പേര് മതി എന്ന് തോന്നിയത്?*




മാനസി :- എഴുതുമ്പോൾ മാനസി എന്ന പേര് മതി എന്നത് അങ്ങനെ ബോധപൂർവം ചെയ്ത ഒന്നായിരുന്നില്ല. എന്നെ ഞാൻ മാനസി എന്ന പേരിൽത്തന്നെയേ ആദ്യം മുതലേ കണ്ടിരുന്നുള്ളൂ. ചെറുപ്പം മുതലേ വീട്ടിലും നാട്ടിലും ഉള്ള വിളിപ്പേരാണത്. അങ്ങനെ, എഴുതുമ്പോൾ ഞാൻ മാനസി എന്ന പേരുവെച്ചു. സ്കൂളിൽ ചേർത്ത പേര്

രുക്മിണി എന്നായിരുന്നു. പിന്നെ എന്റെ പാസ്പോർട്ടിലൊക്കെ മാനസി എന്ന പേരാണ് കൊടുത്തത്. മഹാരാഷ്ട്രയിൽ കല്യാണം കഴിഞ്ഞ സ്ത്രീകളുടെ പേര് ഭർത്താവിന്റെ വീട്ടുകാർ മാറ്റുന്ന രീതിയുണ്ടായിരുന്നതിനാൽ എന്റെ പേര് അങ്ങനെ മാറിയതാണെന്നു കരുതിക്കാണും അവിടത്തെ ആളുകൾ. ജനിച്ച വീടുമായി പിന്നെ യാതൊരു ബന്ധവുമില്ല എന്ന മട്ടുപോകണമല്ലോ സ്ത്രീകൾ കല്യാണം കഴിഞ്ഞാൽ. അതുസൂചിപ്പിക്കുന്ന തരം പല ചടങ്ങുകളിൽ ഒന്നാണ് അവിടെ സ്ത്രീയുടെ പേര് മാറ്റലും.

***മായ :-*** *വിവാഹശേഷം സ്ത്രീ അടിമുടി മാറി ഭർത്താവിനും ഭർത്താവിന്റെ വീട്ടുകാർക്കും മാത്രം സ്വന്തമായ ഒരു വസ്തു ആയി മാറുന്നത് ഇന്ത്യയിലെല്ലായിടത്തും ഉള്ളതാണെന്നതിനു ഇങ്ങനെ പല ഉദാഹരണങ്ങൾ ഉണ്ട് അല്ലെ... പല നാടുകളിൽ പല രീതിയിൽ പലതരം ചടങ്ങുകളിൽ അത് സാധ്യമാക്കുന്നു എന്നത് മാത്രമേയുള്ളു വ്യത്യാസം എന്ന് തോന്നുന്നു. ഇങ്ങനെയുള്ള പാട്രിയാർക്കൽ സമൂഹത്തിൽ എഴുതുക എന്നതൊക്കെ സ്ത്രീകൾക്ക് പൊതുവെ അപ്രാപ്യമായ മേഖലകളാണല്ലോ. എന്നാണു കഥകൾ എഴുതാൻ തോന്നിത്തുടങ്ങിയത്, ആദ്യത്തെ കഥാസമാഹാരം 'ഇടിവാളിന്റെ തേങ്ങൽ' അല്ലെ? ഭയങ്കരമായി മനസ്സുകളെ ഉലക്കുന്ന പേരായിത്തോന്നിയിട്ടുണ്ട് ഈ കഥയുടേത്. അത്രക്കും സ്ത്രീമനസ്സിന്റെ വേദനയുടെയും ആത്മസംഘർഷത്തിന്റെയും ചിത്രീകരണവും ബോധപൂർവം ചെയ്തതാണോ. വാൾ എന്ന വാക്കു പിന്നെ പല കഥകളിലും കാണുന്നുണ്ട്. മടവാൾ, രാജകുമാരിയുടെ വാൾ എന്നിങ്ങനെയൊക്കെ... സ്ത്രീകളുടെ മൂർച്ചയേറിയ മനസ്സിനെ ചിത്രീകരിക്കാൻ തോന്നിയതെങ്ങനെയാണ് എന്ന് പറയാമോ.*

**മാനസി :-** 'ഇടിവാളിന്റെ തേങ്ങൽ' ആദ്യത്തെ കഥാസമാഹാരമാണ്; 'മുഖം മൂടി' എന്നതാണ് ആദ്യമായി എഴുതിയ കഥ (1966 ൽ മലയാളരാജ്യം എന്ന മാസികയിൽ വന്നത്). അതിലെ സ്ത്രീ ദാരിദ്ര്യത്തിന്റെ നടുവിൽ വിഷമിക്കുന്ന കഥയാണത്. എങ്ങിനെയാണ് ആ കഥാതന്തു കിട്ടിയത് എന്നറിയില്ല. പക്ഷെ, പിന്നീടാണ് അനുഭവങ്ങളുടെകൂടി വെളിച്ചത്തിൽക്കൂടി സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന്റെയും മറ്റു ദാമ്പത്യപ്രശ്നങ്ങളുടേയുമൊക്കെ കഥകൾ എഴുതുന്നത്. കോളേജിൽ ചേർന്ന സമയത്തു തന്നെ എഴുതാൻ തുടങ്ങിയിരുന്നു.. ആദ്യ കഥ എഴുതിയപ്പോൾത്തന്നെ അമ്മ പറഞ്ഞത്, 'മേലാൽ കഥ എഴുതരുത്' എന്നാണ് എന്റെ വീട്ടിൽ ധാരാളം പുസ്തകങ്ങളും വായനക്കുള്ള പ്രോത്സാഹനവും ഉണ്ടായിരുന്നു. വായനക്കായി വളരെ പ്രോത്സാഹിപ്പിച്ചിരുന്ന അമ്മ, അങ്ങനെ എഴുതരുത് എന്ന് പറഞ്ഞു വിലക്കിയത് വലിയ വിഷമം തോന്നിച്ചു. അത് വാശി കൂട്ടുകയും ചെയ്തു. എഴുതും എന്ന് അപ്പോഴേ തീരുമാനിച്ചു.

***മായ :-*** *അക്കാലത്തെ നിയന്ത്രണങ്ങൾ അത്ര കടുത്തതായിരുന്നു അല്ലെ. അതേ അവസ്ഥ തന്നെ പിന്നെയും ഞങ്ങളുടെയൊക്കെ കാലത്തും*



**കോളേജിൽ ചേർന്ന സമയത്തു തന്നെ എഴുതാൻ തുടങ്ങിയിരുന്നു.. ആദ്യ കഥ എഴുതിയപ്പോൾത്തന്നെ അമ്മ പറഞ്ഞത്, 'മേലാൽ കഥ എഴുതരുത്' എന്നാണ്. എന്റെ വീട്ടിൽ ധാരാളം പുസ്തകങ്ങളും വായനക്കുള്ള പ്രോത്സാഹനവും ഉണ്ടായിരുന്നു. വായനക്കായി വളരെ പ്രോത്സാഹിപ്പിച്ചിരുന്ന അമ്മ, അങ്ങനെ എഴുതരുത് എന്ന് പറഞ്ഞു വിലക്കിയത് വലിയ വിഷമം തോന്നിച്ചു. അത് വാശി കൂട്ടുകയും ചെയ്തു. എഴുതും എന്ന് അപ്പോഴേ തീരുമാനിച്ചു.**

*തുടർന്നുവന്നു എന്നാണു എനിക്ക് തോന്നുന്നത്. പിന്നെ ചില വീടുകളുടെയും വ്യക്തികളുടെയും വ്യത്യസ്തതകൾ കാരണം മാറ്റങ്ങൾ ചെറുതായി ഉണ്ടായിരിക്കാം പെൺകുട്ടികളുടെയും സ്ത്രീകളുടെയും അവസ്ഥയ്ക്ക് എന്ന് മാത്രമേ പറയാനാകൂ... എന്റെ വീട്ടിലൊക്കെ നോവലും കഥയുമൊന്നും വായിക്കരുത്, സ്വഭാവം ചീത്തയാകും എന്ന് വരെ നിയന്ത്രിച്ചിരുന്നു അച്ഛൻ. അച്ഛനും അമ്മയും അത്യാവശ്യം വിദ്യാഭ്യാസമുള്ളവരും ഗവെർമെണ്ടു ഉദ്യോഗത്തിൽ ഉള്ളവരും ആയിരുന്നെങ്കിലും വീട്ടിൽ മതപുസ്തകങ്ങളോ പത്രങ്ങളോ പാഠപുസ്തകങ്ങളോ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏറ്റവും പുതിയ തലമുറയിൽ ഇത്തരം വിലക്കുകൾ കുറവാണ് എന്ന് തോന്നുന്നു. കുടുംബം പുലർത്താനുള്ള നല്ല സ്ത്രീയാകാൻ വേണ്ടിയാണല്ലോ ഈ നിയന്ത്രണങ്ങളെല്ലാം. വിവാഹം, കുടുംബം എന്നതിനെക്കുറിച്ചൊക്കെ എന്ത് തോന്നുന്നു, ഒരു സ്ത്രീ എന്ന നിലയ്ക്കും സ്ത്രീയായ എഴുത്തുകാരി എന്ന നിലയ്ക്കും?*



**മാനസി :-** എനിക്ക് വിവാഹം കഴിക്കണമെന്നില്ലായിരുന്നു. അന്ന് മാധവിക്കുട്ടിയുടെയും മറ്റുമൊക്കെ കഥകൾ വായിച്ചു ദാമ്പത്യത്തിലെയും കുടുംബത്തിലേയുമൊക്കെ പ്രശ്നങ്ങളെക്കുറിച്ചു ചിന്തിച്ചിരുന്നു. പെണ്ണായതുകൊണ്ടു മാത്രം പല പ്രതിബന്ധങ്ങൾ ഞാനും നേരിട്ടു. ഒരു ഫ്യൂഡൽ തറവാടായതിനാൽ പതിനെട്ടു വയസ്സാകുമ്പോഴത്തന്നെ കല്യാണം കഴിക്കണമെന്നുള്ളതായിരുന്നു ചട്ടം. അതിനു മുൻപേ തന്നെ എഴുത്തു പാടില്ല എന്ന വിലക്ക് വന്നതിനാൽ സർഗാത്മകതയ്ക്കു വന്ന പ്രതിബന്ധം. അതിനു മുൻപേ തന്നെ പഠനത്തിനു വന്ന പ്രതിബന്ധം. അങ്ങനെ പല കാര്യത്തിലും വീട്ടുകാരെ എതിർക്കേണ്ടി വന്നു. ആത്മഹത്യചെയ്താലൊ എന്ന് വരെ തോന്നി. സ്കൂൾ കഴിഞ്ഞപ്പോൾ തിരുവില്ലാമലയിൽ അടുത്തൊന്നും കോളേജില്ലാത്തതിനാൽ പഠിക്കണ്ട എന്നായിരുന്നു അമ്മ പറഞ്ഞത്. ചെറിയമ്മ കൊല്ലത്തുള്ള അവരുടെ വീട്ടിൽ കൊണ്ടു പോയി നിർത്താം എന്ന് പറഞ്ഞാണ് അവിടെ എസ് എൻ കോളേജിൽ ചേർന്നത്. പിന്നീട് മെഡിക്കലിനും എഞ്ചിനീറിങ്ങിനും കിട്ടിയപ്പോൾ പെണ്ണായതുകൊണ്ടു ഡോക്റ്ററായാൽ ദാമ്പത്യത്തെ ബാധിക്കും എന്ന് പറഞ്ഞു. സമയബന്ധിതമല്ലാതെ ജോലി ചെയ്യേണ്ടി വരുമല്ലോ ഡോക്ടർമാർക്ക്. അങ്ങനെയാണ് ത്രിശൂരിൽ എഞ്ചിനീറിങ്ങിനു പോയത്. വിവാഹം കഴിക്കണമെന്നൊന്നും ഉണ്ടായിരുന്നില്ലെങ്കിലും ഭാര്യയായി ബോംബെയിലേക്ക് പോയപ്പോൾ ദാമ്പത്യത്തിലുള്ള പ്രശ്നങ്ങൾ കഥയ്ക്ക് പാത്രമായി. ഭാര്യ, വീട് വിട്ടു ജോലിക്കൊന്നും പോകണ്ട, വീട്ടിലെ പണികൾ ചെയ്യണം, സ്ത്രീകൾ ജോലി ചെയ്തു പണം സമ്പാ

ദിക്കണ്ട, സ്ത്രീ ജോലിചെയ്തു സമ്പാദിക്കുന്നത് അവനവന്റെ കഴിവുകേടാണ് ന്നൊക്കെ ആണുങ്ങൾ ചിന്തിച്ചിരുന്ന കാലമാണത് എന്ന് പറയാം. ഒരാളുടെ വരുമാനത്തിൽ കുടുംബം കഴിയുന്നതിനാൽ ജോലിക്കാരിയെയൊന്നും വെച്ചിരുന്നില്ല. കുറേ വർഷങ്ങളോളം ഞാനങ്ങനെ വീട്ടമ്മ മാത്രമായി ജീവിച്ചു. എങ്കിലും ഇടക്കൊക്കെ കഥയെഴുതി. രാത്രി മാത്രമാണ് എഴുതാനുള്ള ശാന്തതയും സമയവും ഉണ്ടായിരുന്നത്. എഴുതാൻ തോന്നിയാൽപിന്നെ ഒന്നിനും എന്നെ തടയാൻ കഴിയില്ല. അതൊരു തോന്നലാണ്. അത് ഒരു പരകായപ്രവേശം പോലെയാണ്. ഞാനല്ലാത്ത മറ്റാരോ ആയിട്ട് എഴുതുന്ന പോലെ തോന്നും. അതിനാൽ ബോധപൂർവം സ്ത്രീപ്രശ്നങ്ങൾ എഴുതണം എന്ന് കരുതി എഴുതിയതാണ് എന്ന് പറയാൻ വയ്യ. എന്റെ തന്നെ ജീവിതത്തിലെ ചവർപ്പുകളും കഥാതന്തുക്കൾക്കു കാരണമായി എന്ന് പറയാം. കൂടാതെ ബോംബയിലെ ജീവിതാനുഭവങ്ങളും.

**രാത്രി മാത്രമാണ് എഴുതാനുള്ള ശാന്തതയും സമയവും ഉണ്ടായിരുന്നത്. എഴുതാൻ തോന്നിയാൽപിന്നെ ഒന്നിനും എന്നെ തടയാൻ കഴിയില്ല. അതൊരു തോന്നലാണ്. അത് ഒരു പരകായപ്രവേശം പോലെയാണ്. ഞാനല്ലാത്ത മറ്റാരോ ആയിട്ട് എഴുതുന്ന പോലെ തോന്നും. അതിനാൽ ബോധപൂർവം സ്ത്രീപ്രശ്നങ്ങൾ എഴുതണം എന്ന് കരുതി എഴുതിയതാണ് എന്ന് പറയാൻ വയ്യ. എന്റെ തന്നെ ജീവിതത്തിലെ ചവർപ്പുകളും കഥാതന്തുക്കൾക്കു കാരണമായി എന്ന് പറയാം. കൂടാതെ ബോംബയിലെ ജീവിതാനുഭവങ്ങളും.**

*മായ :- അതെ, കുറെ കഥകളിൽ ബോംബയിലെ കഥാപാത്രങ്ങൾ വരുന്നതായികണ്ടപ്പോൾ ചുറ്റുമുള്ള ജീവിതങ്ങളും മനുഷ്യരും മനസിയെ ബാധിക്കുന്നതായിരുന്നെന്നു മനസിലാക്കാം. അങ്ങിനെ നിരീക്ഷണങ്ങൾ നടത്താൻ അവസരം കിട്ടുമായിരുന്നുവോ വീട്ടമ്മയായി ജീവിക്കുമ്പോൾ. ജോലിക്കില്ലെങ്കിലും മറ്റെന്തെങ്കിലും കാര്യങ്ങൾക്കു പുറത്തു പോകാറുണ്ടായിരുന്നോ. ഭാഷയും അവിടത്തെ സംസ്കാരവും ഒക്കെ വേഗം പഠിച്ചെടുത്തുവോ? കേരളത്തിലെ ഗ്രാമീണ തലത്തിൽ നിന്ന് വളരെ ചെറുപ്പത്തിൽ വിവാഹിതയായി ബോംബെയിലേക്ക് പോകുന്നത് അസ്വസ്ഥതയുളവാക്കിയോ. പഠനം തുടരാൻ ആലോചിച്ചിരുന്നുവോ?*




മാനസി :- കല്യാണം കഴിഞ്ഞു നാലാം ദിവസംതന്നെ ബോംബെയിലേക്ക് പോയി. അന്ന് വളരെ നിരാശയിലുള്ള സമയം തന്നെയായിരുന്നു. പഠനം നിർത്താലാക്കിയതിനും കല്യാണം കഴിച്ചയച്ചതിനും ഒക്കെ കാരണം എഴുത്തായിരുന്നു. എഴുത്തു തുടരുകയാണെങ്കിൽ ബാലാമണിയമ്മയെ പോലെ എഴുത

ണം, മാധവിക്കുട്ടിയെപ്പോലെ എഴുതരുത് എന്ന് അമ്മ പറഞ്ഞു. എഴുത്തു ദാമ്പത്യത്തിനു വിഘാതമാകും എന്നും. എഴുത്തു മാത്രമല്ല പഠനവും ദാമ്പത്യത്തിനു വിഘാതമാകാതെ മാത്രമേ പാടുള്ളൂ എന്നതായിരുന്നു അമ്മയുടെ നിലപാട്. ഡോക്ടറാകാൻ ആഗ്രഹിച്ച എനിക്ക് എൻജിനീയറിങ്ങിനു പോകേണ്ടിവന്നതു അതുകൊണ്ടാണ്. ഡോക്ടറായാൽ രാത്രിയും ഏതു സമയത്തും ജോലി വേണ്ടിവരും, അത് ദാമ്പത്യത്തിനെ ബാധിക്കും എന്നാണ് പറഞ്ഞത്. പിന്നെ ഒരു ശാസ്ത്രജ്ഞയാകാൻ ആഗ്രഹിച്ചു എങ്കിലും അതും നടന്നില്ല. ബോംബേയിൽ സാധാരണ കുടുംബജീവിതം നയിച്ചു കുട്ടികൾ വലുതാകും വരെ ജീവിച്ചു. കുട്ടികളുടെ കൂടെയാണ് മറാത്തി ഭാഷ പഠിച്ചതും. പിന്നീടും കുറെ കഴിഞ്ഞാണ്, കുട്ടികളൊക്കെ വലുതായിട്ടാണ്, ഒരു ജോലിക്കു പോകാനും സമൂഹവുമായി ഇടപഴകാൻ പുറത്തുപോകാനുമൊക്കെ സാധിച്ചത്.

**എഴുത്തു തുടരുകയാണെങ്കിൽ ബാലാമണിയമ്മയെ പോലെ എഴുതണം, മാധവിക്കുട്ടിയെപ്പോലെ എഴുതരുത് എന്ന് അമ്മ പറഞ്ഞു. എഴുത്തു ദാമ്പത്യത്തിനു വിഘാതമാകും എന്നും. എഴുത്തു മാത്രമല്ല പഠനവും ദാമ്പത്യത്തിനു വിഘാതമാകാതെ മാത്രമേ പാടുള്ളൂ എന്നതായിരുന്നു അമ്മയുടെ നിലപാട്.**




*മായ :- 'മഞ്ഞിലെ പക്ഷി' എന്ന കഥാസമാഹാരത്തിനു സാഹിത്യ അക്കാദമി അവാർഡ് കിട്ടിയതിനു ശേഷമാണ് അഡ്വെർടൈസിങ് കമ്പനിയിൽ ജോലി കിട്ടിയത് എന്നൊക്കെ എഴുതിയത് കണ്ടിട്ടുണ്ട്. എങ്ങനെയായിരുന്നു പിന്നെ സാമൂഹ്യ സംഘടനകളിൽ പ്രവർത്തിക്കാനും ഒക്കെ ഇടയായത്. 'അവസാനമില്ലാത്ത യാത്രകൾ' എന്ന ലേഖനസമാഹാരം കഥയുടെ ഒഴുക്ക് പോലെയുള്ള ഭാഷയിൽ തന്നെ, ജീവിതത്തിൽ കഷ്ടപ്പെട്ടു അതിജീവിച്ച സാമൂഹ്യമനഃസ്ഥിതിയുള്ള യഥാർത്ഥ വ്യക്തികളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ടല്ലോ. അവരെയൊക്കെ നേരിൽ ചെന്ന് കാണാനും അതൊക്കെ എഴുതാനിടയായതുമൊക്കെ എങ്ങനെയായിരുന്നു.*

മാനസി :- അതെ. 1992 ലെ അവാർഡ് കിട്ടിയ ശേഷമാണ് ജോലിക്കുള്ള ആ ഓഫർ വന്നത്. അതെനിക്ക് വലിയ ആശ്വാസമായി. അതൊരു ക്രിയേറ്റീവ് ജോലിയുമാണ്. ആ കമ്പനിയിൽ അഡ്വെർടൈസിങ് വിഭാഗത്തിൽ പതിനാലു വർഷം ജോലി നോക്കി. അപ്പോൾ നല്ല വരുമാനവുമുണ്ടായി. വരുമാനം നന്നായിത്തുടങ്ങിയപ്പോൾ ഭർത്താവിനും വീട്ടുകാർക്കുമൊക്കെ ജോലിക്കു പോകുന്നതിൽ വിരോധം മാറിവന്നു. ഒരു ജോലിയുടെയും, സ്വന്തം ശമ്പളത്തിൽ ജീവിക്കുന്നതിന്റെയും മാന്യത ഞാൻ തിരിച്ചറിഞ്ഞനുഭവിച്ചു. അതിനു മുൻപേ തന്നെ കുറച്ചൊക്കെ പുറത്തുപോകുകയും ബോംബയിലെ നാടക ഗ്രൂപ്പ്, ഫിലിം സൊസൈറ്റി, ആർട്ടിസ്റ്റുകളുടെ ഗ്രൂപ്പ് എന്നിവയിലൊക്കെ പലരെയും പരിചയപ്പെടുകയും ചെയ്തിരുന്നു. അതിനു കാര

ണം ഒരു ആർടിസ്റ്റ് ആയിരുന്ന എന്റെ ഏട്ടൻ ഞങ്ങളുടെ വീട്ടിൽ ബോംബെയിൽ താമസിക്കാൻ തുടങ്ങിയതായിരുന്നു. അവിവാഹിതനായ ഏട്ടൻ പന്ത്രണ്ടു വർഷത്തോളം വീട്ടിൽ ഉണ്ടായിരുന്ന കാലം ഞാൻ വലിയ മാറ്റത്തിലൂടെ കടന്നു പോയി. ബോംബയിലെ സമൂഹവുമായി കൂടുതൽ ഇടപെടുവാൻ സാധിച്ചു. അക്കാലത്തൊക്കെയാണ് ചില സാമൂഹ്യ സംഘടനകളിലൊക്കെ പ്രവർത്തിക്കാനും തുടങ്ങിയത്. ചേരിയിലെ കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ, സഹായങ്ങൾ ഒക്കെ കൊടുക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. 'ആശ ഫോർ എഡ്യൂക്കേഷൻ' എന്ന സന്നദ്ധ സംഘടനയായിരുന്നു ചേരിയിലെ കുട്ടികളെ പഠിപ്പിക്കാൻ പോകുന്ന വർക്കിലേക്കു വിളിച്ചത്. ഇങ്ങനെ ചില പ്രവർത്തനങ്ങളുടെ ഇടയിൽത്തന്നെയാണ് ജീവിതത്തിൽ അതിജീവിച്ചു വന്ന സിന്ധുതായി, രമബായ്, താരാബായ് പോലെയുള്ള ശക്തകളായ സ്ത്രീകളെയും ബാബ ആംതെ തുടങ്ങിയ സേവന സന്നദ്ധരായി ജീവിതം ഉഴിഞ്ഞു വെച്ച ചില പുരുഷന്മാരെയും കുറിച്ച് കൂടുതലറിയാനായി പോയതും എഴുതുവാൻ തോന്നിയതും.

*മായ :- ജോലിയുള്ള സ്ത്രീകളെക്കാൾ, ഒരുപക്ഷെ വീട്ടമ്മയായിരിക്കുമ്പോൾ എഴുതുവാനൊക്കെ കൂടുതൽ സമയം കണ്ടെത്താം എന്ന് തോന്നിയിട്ടുണ്ടോ. മാധവിക്കുട്ടിയൊക്കെ അങ്ങനെ ദാമ്പത്യത്തിൽ നിന്ന്കൊണ്ട്, എഴുതിയ ആളാണല്ലോ. പലപ്പോഴും ജോലിയും വീട്ടുജോലിയും കൂടി സ്ത്രീകൾക്ക് ഇരട്ടി ജോലിയുണ്ടാകുന്ന അവസ്ഥയുണ്ടല്ലോ. ഇതിനെ എങ്ങനെ കാണുന്നു.*

മാനസി :- ഒരിക്കലും വീട്ടമ്മ മാത്രമായതുകൊണ്ടു എഴുതാൻ കൂടുതൽ കഴിയണമെന്നില്ല. വീട്ടമ്മയെന്നത് ഒരു മുഴുവൻ സമയ സേവനമാണല്ലോ. കൂടാതെ സ്വന്തം കാലിൽ നിൽക്കുന്നില്ല എന്നതിന്റെ സ്വാതന്ത്ര്യമില്ലായ്മയും. ഒരു പേപ്പറോ പേനയോ വാങ്ങണമെങ്കിൽപ്പോലും ഭർത്താവിനോട് ചോദിക്കണ്ടേ.. സ്വന്തമായ വരുമാനമില്ലെങ്കിൽ സ്വന്തമായ തീരുമാനവുമില്ലല്ലോ. എന്റെ വീട്ടുജോലികൾക്കു ഒരു വിലയും എനിക്ക് വരുമാനവും ഇല്ലല്ലോ എന്ന വിഷമം ഉണ്ടായിരുന്നു... സമ്പാദിക്കുന്ന സ്ത്രീകളിലും സമൂഹം ചെലുത്തുന്ന നിയന്ത്രണങ്ങളും ഉണ്ടെന്നു പലരും പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ ചിന്തിച്ചിരുന്നു.., ദാമ്പത്യത്തിൽ പുരുഷൻ അധികാരിയും സ്ത്രീ അയാളെ ഭയന്നു കഴിയുന്ന ആളുമാകുന്നു. പ്രശ്നങ്ങൾ ഉണ്ടാക്കേണ്ട എന്ന് കരുതി വീട്ടമ്മയുടേതെന്ന ജോലിയും കൃത്യമായി നിറവേറ്റിക്കൊണ്ടാണ് ഞാൻ ജോലിക്കു പുറത്തുപോകാൻ തുടങ്ങിയപ്പോഴും ജീവിച്ചിരുന്നത്. വഴക്കുകൾ ഒഴിവാക്കാനും സമാധാനം കിട്ടാനും ശ്രദ്ധിച്ചുകൊണ്ടാണ് സ്ത്രീകൾ കുടുംബ ജീവിതം നയിക്കേണ്ടി വരുന്നത്.

*മായ :- ആത്മാംശം കലർന്ന ആ വിഷയങ്ങളൊക്കെ പല കഥകളിലും ഇതിവൃത്തമായി കൊണ്ട് വന്നിട്ടുമുണ്ടല്ലോ. അപ്പോൾ തീർച്ചയായും ഫെമിനിസ്റ് ചിന്ത തന്നെയായിരുന്നു ഉള്ളിൽ അല്ലെ. ഫെമിനിസം എന്നൊന്നും പറയാതെ തന്നെ സ്ത്രീപക്ഷമെഴുതിയ മാനസിയുടെ കഥകൾ ഞങ്ങൾക്കൊക്കെ ഊർജം പകർന്നിട്ടുണ്ട്. ഇങ്ങനെയൊക്കെത്തന്നേയാണ് മിക്ക ദാമ്പത്യങ്ങളും അന്നും ഇന്നും എന്ന് തോന്നുന്നു. സമൂഹത്തിൽ കുറച്ചൊക്കെ മാറ്റങ്ങൾ വന്നുവെങ്കിലും വഴക്കുകൾ അല്ലെങ്കിൽ അഭിപ്രായവ്യത്യാസങ്ങളോ ചേരായ്കകളോ ദാമ്പത്യത്തിന്റെ ഒഴിയാബാധയാകുമെന്നു കാണാം. ഇങ്ങനെയാകുമ്പോൾ ബന്ധം വേണ്ടെന്നു വയ്ക്കുക എന്ന പോംവഴി ചിന്തിച്ചിട്ടുണ്ടോ.*

മാനസി :- ഇല്ല എന്ന് പറയാനാവില്ല. അക്കാലത്തൊന്നും അങ്ങനെയുള്ള പതിവില്ല. ഭർത്താവിനെ വേണ്ടെന്നു വെച്ച് സ്ത്രീ എവിടേക്കു പോകും എന്ന പ്രശ്നം അന്ന് ഉണ്ട്. സ്വന്തം വീട്ടിൽ അംഗീകാരം കിട്ടില്ല. പിന്നെ ജോലിയോ വരുമാനമോ ഇല്ലാത്ത സ്ത്രീ എങ്ങനെ എവിടെ ജീവിക്കും. സ്വന്തം വീട്ടിലും നാട്ടിലും കടുത്ത അനുഭവമാകും ഭർത്താവിനെ വിട്ടു പോകുന്ന സ്ത്രീക്ക്. വറചട്ടിയിൽ നിന്നും ചെന്ന് വീഴുക അടുപ്പിലേക്കാണെങ്കിൽ ഭേദം വറചട്ടിയിൽ കിടക്കുകയാണല്ലോ എന്ന് തോന്നുന്ന അവസ്ഥ. ആത്മാംശം കലർന്ന കഥകളിലൂടെ, സ്ത്രീകളുടെ അവസ്ഥ നമ്മുടെ സമൂഹത്തിൽ എന്തുകൊണ്ടിങ്ങനെയാകുന്നു എന്ന ആശയം ഉന്നയിക്കാനായി ശ്രമിക്കുകയാണ് ഞാൻ. ഈത്തരം അവസ്ഥകൾ എത്രമാത്രം സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തെ ബാധിക്കുന്നു എന്ന് ചോദിക്കാനുള്ളതാണ് കഥയിലെ ഭൗതിക വിവരണം. ഇയ്യിടെയായി പ്രശ്നങ്ങൾ ഉള്ളവർക്ക് വിവാഹമോചനത്തിന്റെ സാധ്യതകൾ ഉണ്ട് എന്ന് കാണുന്നു. സമൂഹം കുറേശ്ശേ അതിലൊക്കെ പുരോഗമിച്ചിരിക്കുന്നു. എങ്കിലും കുട്ടികൾ എന്ത് ചെയ്യും എന്നതും സ്വന്തം സാമ്പത്തികമില്ലാത്തതും സ്ത്രീകളെ വിവാഹമോചനത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

*മായ:- എഴുത്തിനെക്കുറിച്ചു ഭർത്താവും മക്കളും അഭിപ്രായപ്പെടാറുണ്ടോ? ബോംബയിൽ ജീവിച്ചതിനാൽ കേരളത്തിലെ വായനക്കാരുടെ അഭിപ്രായങ്ങൾ അറിയാറുണ്ടോ. നാട്ടിലും ബോംബെയിലും വായനക്കാരെയൊക്കെ തിരിച്ചറിയാറുണ്ടോ. നാട്ടിലല്ല ജീവിതം എന്നത് സാഹിത്യരച*

*നയുടെ പ്രതികരണങ്ങൾ സ്ത്രീകൾക്കുണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നില്ല എന്ന് തോന്നിയിട്ടുണ്ടോ. ചിലപ്പോൾ നാട്ടിൽ ജീവിച്ചു പോകേണ്ടുന്ന സ്ത്രീകൾ പലവിധ മോശം പ്രതികരണങ്ങൾ ഉണ്ടായേക്കുമെന്ന് വിചാരിച്ചു എഴുത്തിനു ചില നിയന്ത്രണങ്ങൾ ശ്രദ്ധിച്ച് ചെയ്യേണ്ടതായി വരുന്ന പോലെ തോന്നിയിട്ടുണ്ട്. പതിനഞ്ചു കൊല്ലം മുൻപ് ഞാൻ ആദ്യമായി നോവൽ എഴുതിയപ്പോൾ, സ്ത്രീയുടെ പ്രണയ ബന്ധങ്ങളെക്കുറിച്ചും ലൈംഗിക ബന്ധങ്ങളെക്കുറിച്ചുമൊക്കെ ഇത്ര പറഞ്ഞാൽ മതി തല്ക്കാലം എന്ന് കരുതി ഒരിടത്തു നിർത്തുകയാണ് ചെയ്തത്. എന്നെപ്പോലെ വ്യവസ്ഥാപിത കുടുംബജീവിതം ജീവിക്കാത്ത സ്ത്രീക്കും, കുടുംബജീവിതം ജീവിക്കുന്ന സ്ത്രീയ്ക്കും, എഴുതുമ്പോൾ ഇത്തരം ആകാംക്ഷകൾ വ്യത്യസ്തമെങ്കിലും ഉണ്ടാകുമെന്നു തോന്നുന്നു... വായിക്കുന്നവർ എഴുത്തുകാരിയോട് എങ്ങനെ ഇടപെടും, പ്രതികരിക്കുമെന്നൊക്കെ നോക്കേണ്ടതുണ്ടായിരുന്നുവോ..*

മാനസി :- ഭർത്താവു ഞാൻ എഴുതിയതൊന്നും വായിക്കാറില്ല. മക്കൾക്കും അത്ര ഗ്രാഹ്യമില്ല സാഹിത്യത്തെക്കുറിച്ച് മലയാളം ചിലപ്പോൾ വായിക്കുമെങ്കിലും എഴുതുവാനും അഭിപ്രായപ്പെടാനും അവർക്കാവില്ല. മൂത്തമകൻ, എഴുത്തുകാരി എന്ന നിലയ്ക്ക് എന്നെ കുറച്ചൊക്കെ മനസ്സിലാക്കുന്നുണ്ട് എന്ന് തോന്നിയിട്ടുണ്ട്. എനിക്ക് അക്കാദമി അവാർഡ് കിട്ടിയപ്പോൾ അത് സ്വീകരിക്കുവാൻ വരുമ്പോളാണ് ആദ്യമായി ഞാനൊരു സദസ്സിനെ അഭിമുഖീകരിക്കുന്നത്. അന്ന് എന്താണ് മറുപടിപ്രസംഗം ചെയ്യുക എന്ന് വലിയ ആശങ്കയുണ്ടായിരുന്നപ്പോൾ, ഐ ഐ ടി യിൽ പഠിക്കുകയായിരുന്ന മകൻ ലൈബ്രറിയിൽ നിന്ന് പല നോബൽ അവാർഡ് ജേതാക്കളുടെയും മറുപടിപ്രസംഗങ്ങളുടെ ഫോട്ടോകോപ്പികളെടുത്തു അയച്ചു തരുകയുണ്ടായി. പിന്നീട് ബോംബയിൽ അപൂർവം ചില പൊതു പ്രോഗ്രാമുകളിലൊക്കെ സംസാരിക്കാൻ പോകാറുണ്ട്. പല വായനക്കാരായ സുഹൃത്തുക്കൾ ഉണ്ട് ബോംബെയിലും. അവിടത്തെ മലയാളി സമാജവുമായൊന്നും അത്ര ഇടപെടാറില്ലെങ്കിലും ചില ഓണപ്പരിപാടിക്കൊക്കെ സംസാരിക്കാൻ വിളിച്ചിട്ടുണ്ട്. അതിൽത്തന്നെ അധികം സ്ത്രീകൾ വന്നു കാണാറില്ല എന്നതാണ് അദ്ഭുതം. അവർ വരാത്തതു അവരുടെ കുഴപ്പമല്ല. സാമൂഹ്യ സാംസ്‌കാരിക സാമ്പത്തിക സ്ഥിതി അതാണല്ലോ. വീട്ടമ്മമാർ തന്നെയാണ് അവർ കൂടുതലും. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും ലോകത്തൊക്കെയും പാട്രിയാർക്കിയുടെ വേര് എത്ര ആഴത്തിൽ ഉണ്ട് എന്നതനുസരിച്ചു അത് വ്യത്യാസപ്പെടും എന്നെ ഉള്ളൂ. ഞാനൊരു മാട്രിയാർക്കൽ കുടുംബത്തിൽ ജനിച്ചയാളായിട്ടും ഇതാണല്ലോ അവസ്ഥ. അപ്പോൾ ആശയപരമായ പ്രശനം അത്ര കഠിനമായിരുന്നു. എന്റെ ഭർത്താവ് പല അവസരത്തിലും പറഞ്ഞ കാര്യങ്ങൾ എനിക്ക് ഒരു ജോലി ചെയ്തു സമ്പാദ്യം ഉണ്ടാക്കിയെ പറ്റൂ എന്ന് തോന്നിച്ചു. അനുവാദം ഇല്ലെങ്കിലും ജോലി കണ്ടെത്തണം എന്ന് തോന്നി. അവസാനം ഞാൻ ജോലിക്കു പോകും എന്ന് പറഞ്ഞു പോകുക തന്നെയാണ് ചെയ്തത്. പോകട്ടെ എന്ന് ചോദിക്കുന്ന രീതി ഞാൻ മാറ്റി. എന്തിനൊക്കെയോ ഉള്ള പേടികൾ ഉണ്ടായിരുന്നു. അതൊക്കെ വളരെക്കഴിഞ്ഞാണ് മാറിത്തുടങ്ങിയത്. നാട്ടിലല്ല എന്നത് കൊണ്ട് ഗുണവും ദോഷവും ഉണ്ടാകാം. എഴുത്തിൽ നിയന്ത്രണം സ്ത്രീക്ക് എപ്പോഴും എവിടെയും ബോധത്തിൽ ഉള്ള ഒരു പ്രശ്നമാണ് എന്ന് തോന്നുന്നു... പക്ഷെ എനിക്ക് പലപ്പോഴും എഴുതാൻ തോന്നിയാൽപ്പിന്നെ നിയന്ത്രിക്കാൻ പറ്റാത്ത ഒരു പരകായ പ്രവേശം എന്നപോലെ എഴുതുകയാണ് എന്ന് പറഞ്ഞല്ലോ... അതുകൊണ്ടു തന്നെ, ഒന്ന് എഴുതിത്തരു എന്ന് പറയുമ്പോൾ എഴുതുവാൻ പറ്റിയ രീതിയല്ല എന്റേത്.

*മായ:- എഴുത്തിന്റെ രീതിയേക്കുറിച്ചു കൂടുതൽ സംസാരിക്കണമെന്നുണ്ടായിരുന്നു.. എഴുത്തിന്റെ ധർമം അഥവാ രീതി എന്നതിനെക്കുറിച്ച് എന്ത് കരുതുന്നു. എഴുത്തിനെക്കുറിച്ചു പല അഭിപ്രായങ്ങൾ എഴുത്തുകാർക്കിടയിലും നിരൂപകർക്കിടയിലും ഉണ്ടാകാറുണ്ട്. എഴുത്തിൽ അതിന്റെ ഇതിവൃത്തത്തിനാണ് പ്രധാനം എന്നോ ഭാഷാപ്രയോഗത്തിന്റെ ഭംഗിയും ഘടനശൈലികളും ആണ് പ്രധാനം എന്നോ, എന്താണ് അഭിപ്രായം? എഴുത്ത് ആളുകളെ ആസ്വദിപ്പിക്കാൻ മാത്രമല്ല അതിനു ചില സാമൂഹ്യധർമങ്ങളും ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അത്തരത്തിൽത്തന്നെയാണ് ഞാൻ മധ്യവേനലവധിക്ക് എന്ന ആദ്യനോവൽ എഴുതിയത്. അതിനു ഈക്കാര്യത്തിലുള്ള വിമർശനങ്ങളും കിട്ടി. എനിക്ക് തോന്നാറുള്ളത് ഭാഷാശൈലിയും ഘടനഭംഗിയും എന്നതിലുപരി ഉള്ളടക്കത്തിനാണ് പ്രധാനം എന്നാണ്. സാഹിത്യത്തെ സാമൂഹ്യപ്രവർത്തനമായി കാണുന്നതുകൊണ്ടാകാം അങ്ങനെ തോന്നുന്നത്. സ്ത്രീപക്ഷ എഴുത്ത് എന്നതരത്തിൽ ബോധപൂർവം ചെയ്യുമ്പോൾ അങ്ങനെയാകും എന്ന് തോന്നുന്നു. എഴുതുന്നതു എന്തിനാണ് എന്നും അതിന്റെ സാമൂഹ്യധർമവും ആലോചിച്ചിരുന്നുവോ?*

മാനസി :- എഴുത്ത് എങ്ങനെ വരുന്നു അതിന്റെ പിന്നിലെ ചോദനയെന്ത് എന്ന് കൃത്യമായി പറയാൻ പറ്റില്ല... നേരത്തെ പറഞ്ഞ പോലെ എ

ഴുതിത്തുടങ്ങുമ്പോൾ ഞാൻ മറ്റൊരാളാണ് എന്ന് തോന്നും. പക്ഷെ എന്റെ മനസ്സിലൂടെ കടന്നു പോകുന്ന കാര്യമാണ് എഴുതിത്തുടങ്ങുന്നത്. അതിൽ സ്ത്രീകളുടെ പ്രശ്നങ്ങളും മറ്റു ദയനീയമായ മനുഷ്യാവസ്ഥകളും ജീവിതപ്രശ്നനങ്ങളും എഴുതുകവഴി തീർച്ചയായും മായ പറഞ്ഞ പോലെ ആ പ്രശ്നങ്ങളോടുള്ള പ്രതികരണമോ ആകാംക്ഷയോ ഒക്കെയാണ് എഴുതപ്പെടുന്നത്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ, അവസ്ഥകൾ, പ്രതികരണങ്ങൾ, ഒക്കെ കഥകളിലൂടെ പങ്കു വെക്കുകയാണല്ലോ ചെയ്യുന്നത്. ഭാഷാഭംഗിയും ഘടനയും പ്രധാനമാണെന്ന് ഞാൻ കരുതുന്നു. ഉള്ളടക്കം പ്രധാനമാണ് എന്നത് പോലെത്തന്നെ സാഹിത്യത്തിൽ ഭാഷാസൗക്യമാര്യവും വേണം. ഞാൻ എഴുതുമ്പോൾ അത് ശ്രദ്ധിക്കാറുണ്ട്. പുതിയതും കൂടുതൽ ചേരുന്നതുമായ പദങ്ങളും വാചകങ്ങളും എഴുതുവാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്. പല പ്രത്യേക ഭാഷപ്രയോഗങ്ങൾ ഞാനുപയോഗിക്കാറുണ്ട്. അതിനു ശ്രദ്ധ കൊടുക്കാറുണ്ട് എഴുത്തിൽ.




*മായ :- കഥകളിൽ കൂടുതലും സ്നേഹവും വെറുപ്പും കൂടിക്കലർന്ന മനസ്സുകളുള്ള സ്ത്രീകളാണല്ലോ ഉള്ളത്. കാമുകന്റെ കൂടെ ശയിക്കുകയും അതോടൊപ്പമയാളെ വെറുപ്പോ അമർഷമോ കൂടിയ മനസ്സാൽ നോക്കുകയും ചെയ്യുന്നു. ഇടിവാളിന്റെ തേങ്ങൽ എന്നകഥയിലെ ശാരി, കറ തീരാത്ത പകയുടെയും, വെറുപ്പിന്റെയും ദേഷ്യത്തിന്റെയും കൂടെത്തന്നെ പുരുഷന് കീഴടങ്ങുന്നതിന്റെയും ചിത്രങ്ങൾ തരുന്നു. വിവാഹമെന്നത് ഒരു അനിവാര്യ മേഖലയാണ് എല്ലാ സ്ത്രീ കഥാപാത്രങ്ങൾക്കുമെന്നു കാണുന്നു. അതേക്കുറിച്ച് എന്താണ് ഇപ്പോൾ തോന്നുന്നത്. വെറുപ്പ് അറപ്പു തുടങ്ങിയമനോനിലകൾ കാണിക്കുന്ന കുറെ പദങ്ങൾ- കറ, പൊറ്റ എന്നിങ്ങനെ കഥകളിൽ ഉള്ളത് എന്തുകൊണ്ടാണ്. സ്നേഹത്തിനാൽ ചെയ്യുന്ന കാര്യങ്ങളുടെ പേരിൽ പിന്നീട് മനസിൽ വെറുപ്പുണ്ടാകാതിരിക്കുകയല്ലേ വേണ്ടത്.*

മാനസി :- വേണ്ടത് അങ്ങനെയാണെങ്കിലും മനുഷ്യ മനസ്സ് ഇങ്ങനെയാണ്.. അന്ന് അതൊക്കെ അതേപടി എഴുതുകയാണ്. മനസ്സിനെ മാറ്റിയെടുക്കുന്ന രീതിയെക്കുറിച്ചൊന്നും അന്ന് ചിന്തിച്ചിരുന്നില്ല. തീർച്ചയായും മനുഷ്യബന്ധങ്ങളെ അങ്ങനെ നോക്കിക്കാണാം. വിവാഹിതകളായ സ്ത്രീകളെക്കുറിച്ച്തന്നെയാണ് അന്ന് കൂടുതലും എഴുതുവാനുണ്ടായിരുന്നത്. ഭർത്താവ് എന്ന ബിംബത്തെക്കുറിച്ചുള്ള അവലോകനം ആണ് ആ കഥകളിൽ കൂടുതലുമെന്നത് ശരിയാണ്. അന്നത്തെ കാലത്ത് വിവാഹം കുടുംബം എന്നതൊക്കെ ഒഴിവാക്കാനാവാത്ത യാഥാർഥ്യങ്ങളായിരുന്നു. എനിക്ക് കല്യാണം കഴിക്കണമെന്നില്ലായിരുന്നു എങ്കിലും പതിനെട്ടു വയസ്സിൽത്തന്നെ അതിനു വിധേയമാകേണ്ടി വന്നു. നല്ലപോലെ പഠിക്കുന്ന ആളായിരുന്നിട്ടും ആ സാഹചര്യവശാൽ പഠനവും മുഴുമിപ്പിച്ചില്ല. ഇക്കാര്യത്തിൽ എനിക്ക് വ്യക്തിപരമായി അഭിപ്രായവ്യത്യാസവും അസ്വസ്ഥതയുമുണ്ടായിരുന്നു. അതും എഴുത്തിൽ പ്രതിഫലിച്ചിരിക്കും. എനിക്ക് കേൾക്കേണ്ടിവന്ന നിയന്ത്രണങ്ങളുടെ ശബ്ദങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയുടെ അനുരണനങ്ങളായി തോന്നാറുണ്ട്.

*മായ :- പെണ്ണെഴുത്ത് എന്നതിനെക്കുറിച്ച് എന്ത് പറയുന്നു? നമ്മുടെ പാട്രിയാർക്കൽ സമൂഹത്തിൽ ഏതു മേഖലയും പോലെ എഴുതുകയും പ്രസിദ്ധീകരിക്കുകയുമൊക്കെ പുരുഷന്മാരുടെ കുത്തകയിലുള്ള മേഖലയായതിനാൽ പെണ്ണെഴുത്ത് എന്നൊക്കെയുള്ളതു വേണം എന്നാണു എനിക്ക് തോന്നിയിട്ടുള്ളത്. പലരും അങ്ങനെ ഒന്ന് വേണ്ടതില്ല എന്നും അഭിപ്രായപ്പെടുന്നുണ്ടല്ലോ. സ്ത്രീപക്ഷ സാഹിത്യം എന്നൊന്ന് ഉണ്ടാകുന്നത് ആവശ്യമാണ് എന്ന് തോന്നുന്നുണ്ടോ?*

മാനസി :- ആ വാക്ക് കൊണ്ടുവന്നത് സച്ചിദാനന്ദൻ സാറാജോസെഫിന്റെ 'പാപത്തറ'യ്ക്കു എഴുതിയ ആമുഖത്തിലാണല്ലോ. അത്തരം വാക്കുകളും എഴുത്തുകളും ആവശ്യമാണ് എന്ന് തന്നെ തോന്നുന്നു. പക്ഷെ, സ്ത്രീകൾ എഴുതി എന്നത് കൊണ്ട് പെണ്ണെഴുത്താകുന്നില്ല. സ്ത്രീകളാകട്ടെ പുരുഷന്മാരാകട്ടെ സ്ത്രീപ്രശ്നങ്ങളെ എങ്ങനെ കാണുന്നു എന്നതിനനുസരിച്ചാകും പെണ്ണെഴുത്ത് എന്ന് വിളിക്കാൻ പറ്റുക.

ശാസ്ത്രം




# കല്പന ചൗള
# ഓർമ്മയായിട്ട് രണ്ട് പതിറ്റാണ്ട്



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

ആകാശത്തിനുമപ്പുറം സ്വപ്നം കണ്ട്, ആ സ്വപ്നം കൈയെത്തിപ്പിടിച്ച് ലോകമെങ്ങുമുള്ള പെൺകുട്ടികൾക്ക് അളവില്ലാത്ത പ്രചോദനമേകിയ കല്പനാ ചൗള കണ്ണീരോർമ്മയായി മാറിയിട്ട് രണ്ട് പതിറ്റാണ്ട്. ബഹിരാകാശ അനന്തതയിലേക്ക് പറന്നുയർന്ന ആദ്യ ഇന്ത്യൻ വംശജയാണ് കല്പന. അതിനു മുമ്പ് ബഹിരാകാശ യാത്ര നടത്തിയ ഇന്ത്യക്കാരൻ രാകേഷ് ശർമ്മ മാത്രമാണ്. ഹരിയാനയിലെ കർണാലിൽ ജനിച്ച് നാസയുടെ ബഹിരാകാശസംഘത്തിൽ അംഗമായി കല്പന കൈയെത്തിപ്പിടിച്ച വിസ്മയ നേട്ടങ്ങളുടെ തിളക്കം കാലമെത്ര കഴിഞ്ഞാലും മങ്ങില്ലെന്നുറപ്പ്.

1962 മാർച്ച്–17 ന് ഹരിയാനയിലെ കർണാലിൽ ബനാറസി ലാൽ ചൗളയുടെയും സൻജ്യോതി ചൗളയുടെയും നാലു മക്കളിൽ ഇളയ കുട്ടിയായിട്ടാണ് കല്പനയുടെ ജനനം. മൂന്നു വയസ്സുള്ളപ്പോൾ ത്തന്നെ ആകാശത്തു വിമാനങ്ങൾ പറക്കുന്നത് കൗതുകത്തോടെ നോക്കിനിൽക്കുമായിരുന്നു കുഞ്ഞു കല്പന. ചിറകടിച്ചു പറക്കുന്ന പക്ഷികളും ആ പെൺകുട്ടിയെ ഏറെ ആകർഷിച്ചു. കുറച്ചു കൂടി വളർന്നപ്പോൾ അനന്തവിഹായസ്സിന്റെ വിസ്മയങ്ങളിലേക്ക് തനിക്കും പറന്നുയരണമെന്ന ആ

ഗ്രഹത്തിനു ചിറകുകൾ മുളച്ചു.

കർണാലിലെ ടാഗോർ സ്ക്കൂൾ, പഞ്ചാബ് എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം കല്പന യു.എസ്സിലേക്ക് പോവുകയും ടെക്സാസ് സർവ്വകലാശാലയിൽ നിന്നും 1984-ൽ എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കുകയും ചെയ്തു. അതിനിടെ വൈമാനിക പരിശീലകനായ ജീൻ പിയറി ഹാരിസണെ കല്പന ജീവിതപങ്കാളിയുമാക്കി. 1988-ൽ കൊളറാഡോ സർവ്വകലാശാലയിൽ നിന്നും എയ്രോസ്പേസ് എഞ്ചിനീയറിങ്ങിൽ ഡോക്റ്ററേറ്റും നേടി. അതേ വർഷം തന്നെ നാസയുടെ എമിസ് റിസർച്ച് സെന്ററിൽ ഗവേഷകയായി ചേർന്ന കല്പനയുടെ ഗവേഷണ മേഖല കമ്പ്യൂട്ടേഷണൽ ഫ്ലൂയിഡ് ഡൈനാമിക്സ് ആയിരുന്നു.1994-ൽ ആണ് കല്പനയുടെ സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ നൽകിക്കൊണ്ട് നാസ അവരെ ബഹിരാകാശപ്പറക്കലിനുള്ള ആസ്ട്രോനോട്ട് സംഘത്തിൽ ഉൾപ്പെടുത്തിയത്. കഠിന പരിശീലനം വിജയകരമായി പൂർത്തിയാക്കിയതോടെ 1996-ൽ എസ്.ടി.എസ്-87 ദൗത്യത്തിൽ മിഷൻ സ്പെഷ്യലിസ്റ്റ് ആയും റോബോട്ടിക് ആം ഓപ്പറേറ്റർ ആയും നിയമിതയായി.

എസ്.ടി.എസ് -87 ദൗത്യത്തിന്റെ ഭാഗമായി 1997 നവംബർ 19 ന് കൊളംബിയ പേടകത്തിൽ അഞ്ച് ബഹിരാകാശ സഞ്ചാരികൾക്കൊപ്പം കല്പന പറന്നുയർന്നത് തന്റെ എക്കാലത്തെയും വലിയ സ്വപ്നത്തിലേക്ക് തന്നെയായിരുന്നു. ബഹിരാകാശത്തെ ഭാരമില്ലായ്മ ശരീരത്തിലുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചുള്ള പഠനം, സൂര്യന്റെ ബാഹ്യ പാളികളെക്കുറിച്ചുള്ള പഠനം എന്നിവയായിരുന്നു 15 ദിവസം നീണ്ട ബഹിരാകാശ ദൗത്യത്തിന്റെ ലക്ഷ്യങ്ങൾ. ഇതിനായി നിർമ്മിച്ച സ്പാർട്ടൻ എന്ന ഉപഗ്രഹത്തിന്റെ ഭ്രമണപാതയിൽ പിഴവ് സംഭവിച്ചപ്പോൾ മറ്റ് രണ്ട് ആസ്ട്രോനോട്ടുകൾക്ക് അത് പരിഹരിക്കാൻ സ്പേസ് വോക്ക് നടത്തേണ്ടിവന്നു. ഈ പിഴവിന്റെ കാരണം ആദ്യം കല്പനയുടെ മേൽ ആരോപിക്കപ്പെട്ടെങ്കിലും അന്വേഷണത്തിനൊടുവിൽ സോഫ്റ്റ്വെയർ ഇന്റർഫേസിലെ പിഴവാണ് ഇതിനു കാരണമായതെന്ന് നാസ കണ്ടെത്തുകയും ആരോപണത്തിൽ കഴമ്പില്ലെന്ന് ലോകത്തെ അറിയിക്കുകയും ചെയ്തു.

കല്പനയുടെ കഴിവുകൾക്കുള്ള അംഗീകാരമായി 2000-ൽ നാസ വീണ്ടും അവരെ ബഹിരാകാശദൗത്യസംഘത്തിലേക്ക് തെരഞ്ഞെടുത്തു. എസ്.ടി.എസ്-107 എന്ന ദൗത്യമായിരുന്നു അത്. അങ്ങനെ 2003 ജനുവരി 16 ന് മറ്റ് ആറു ബഹിരാകാശ യാത്രികർക്കൊപ്പം കൊളംബിയ പേടകത്തിൽ കല്പന വീണ്ടും അനന്ത വിഹായസ്സിലേക്ക് പറന്നുയർന്നു. സുപ്രധാനമായ ഈ ശാസ്ത്ര ഗവേഷണ ദൗത്യത്തിൽ എൺപതോളം പരീക്ഷണങ്ങൾ അവർ ബഹിരാകാശത്തു പൂർത്തിയാക്കി. എന്നാൽ കൊളംബിയ പേടകത്തിന്റെ ഭൂമിയിലേക്കുള്ള മടക്കയാത്ര ലോകത്തെ കണ്ണീരണിയിച്ച ദുരന്തയാത്രയായി മാറുകയായിരുന്നു. 2003 ഫെബ്രുവരി 1-ന് ഭൂമിയിലേക്കുള്ള മടക്കയാത്രയിൽ ലാൻഡിങ്ങിനു വേറും 16 മിനിറ്റ് മാത്രം ബാക്കി നിൽക്കേ കൊളംബിയ പേടകം തകർന്ന് കല്പനയടക്കം ഏഴു ബഹിരാകാശ യാത്രികരുടെയും ജീവൻ പൊലിഞ്ഞു.

കല്പനയോടുള്ള ബഹുമാനാർത്ഥം ഇന്ത്യയുടെ മെറ്റ്സാറ്റ് എന്ന കാലാവസ്ഥാ ഉപഗ്രഹത്തിന് കല്പന-1 എന്ന് പുനർനാമകരണം നടത്തിയിട്ടുണ്ട്. അതിരുകളില്ലാത്ത ആകാശം സ്വപ്നം കാണുന്ന യുവതലമുറയ്ക്ക് എന്നുമൊരു മാതൃക തന്നെയാണ് കല്പനാ ചൗള.

**നാസയുടെ എമിസ് റിസർച്ച് സെന്ററിൽ ഗവേഷകയായി ചേർന്ന കല്പനയുടെ ഗവേഷണ മേഖല കമ്പ്യൂട്ടേഷണൽ ഫ്ലൂയിഡ് ഡൈനാമിക്സ് ആയിരുന്നു.1994-ൽ ആണ് കല്പനയുടെ സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ നൽകിക്കൊണ്ട് നാസ അവരെ ബഹിരാകാശപ്പറക്കലിനുള്ള ആസ്ട്രോനോട്ട് സംഘത്തിൽ ഉൾപ്പെടുത്തിയത്. കഠിന പരിശീലനം വിജയകരമായി പൂർത്തിയാക്കിയതോടെ 1996-ൽ എസ്.ടി.എസ്-87 ദൗത്യത്തിൽ മിഷൻ സ്പെഷ്യലിസ്റ്റ് ആയും റോബോട്ടിക് ആം ഓപ്പറേറ്റർ ആയും നിയമിതയായി.**


പുതിയ കാലത്തെ
സ്ത്രീയെ
പുനർനിർവ്വചിക്കുന്ന
സ്ത്രീപക്ഷ മാസിക
വായിക്കാം സംഘടിതയിലൂടെ
www.sanghaditha.com


AVA
NEW
MEDIMIX®
TOTAL CARE
SHAMPOO
ടോട്ടൽ
എന്നാൽ എല്ലാം
അമൂല്യമായ പ്രകൃതിദത്ത ചേരുവകളാൽ
സമ്പന്നമായ മെഡിമിക്സ് ട്രിപ്പിൾ ആക്ഷൻ
ഷാംപൂ നിങ്ങളുടെ കേശത്തിന് സമ്മാനിക്കുന്നു
ടോട്ടൽ സംരക്ഷണം. നമ്മുടെ മുടിയിഴകൾ
ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളായ
താരൻ, മുടികൊഴിച്ചിൽ എന്നിവക്കെതിരെ
പോരാടി മുടിയിഴകൾക്ക് സംരക്ഷണം
നൽകുവാനും മുടിയെ കണ്ടീഷൻ ചെയ്യുവാനും,
മെഡിമിക്സിൽ അടങ്ങിയിരിക്കുന്ന 9 പ്രകൃതിദത്ത
ചേരുവകൾക്ക് പുറമെ ആപ്പിൾ സിഡർ
വിനീഗർ, ടീ ട്രീ ഓയിൽ മുതലായവ നമ്മളെ
സഹായിക്കുന്നു. അങ്ങനെ മുടിയിഴകൾക്ക്
ടോട്ടൽ സംരക്ഷണം ലഭിക്കുന്നു.
നിങ്ങളുടെ മനോഹര ചർമ്മം പരിപാലിക്കുന്നതിൽ
50 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള
മെഡിമിക്സിന്റെ ടോട്ടൽ കെയർ ഷാംപൂ
ഉള്ളപ്പോൾ, വെവ്വേറെ ഷാംപൂകളുടെ സഹായം
നിങ്ങൾക്ക് എന്തിന് ?
നിങ്ങളുടെ മുടിയിഴകൾക്ക് സമ്മാനിക്കൂ
പ്രകൃതിദത്ത സംരക്ഷണം എന്നെന്നും.
Intro Offer
25%
EXTRA
ട്രിപ്പിൾ ആക്ഷൻ
• മുടി കൊഴിച്ചിൽ കുറയ്ക്കുന്നു *
• താരനെതിരെ പോരാടുന്നു *
• മുടിയെ കണ്ടീഷൻ ചെയ്യുന്നു ^
9 A UNIQUE MIX OF 9 NATURAL HERBS
MEDIMIX TOTAL CARE SHAMPOO
Buy 3 Get 1 FREE
Triple Action
₹3
5ml
MEDIMIX®
TOTAL CARE
SHAMPOO
Triple Action
1. Minimizes Hair fall* Neem, Rose Mary Oil, & Liquorice
2. Fights Dandruff* Tea Tree Oil, Datura & Wild Ginger
3. Conditions Hair^ Wheat Protein, Bakuchi & Apple Cider Vinegar
Toll Free: 1800 103 1282 www.medimix.co.in
* Conditions apply. * Based on consumer research study.
^ Based on lab study under test condition. Individual test result may vary.